# അകലെ ആകാശം

ചന്ദ്രൻ കെ.

III B. Sc. Chemistry

കാൽവിരലുകളെ മണൽപ്പുറത്തിന്റെ മൃദുലതയിലേക്ക് പൂഴ്ത്തിയിറക്കിയപ്പോൾനേരിയൊരു തണുപ്പ്. അത് അസ്ഥികളിലൂടെ ഒരനുഭൂതിയായി പടന്നു കയറി. താളലയക്രമാനുഗതമായി ചുററും ചലിച്ചുകൊണ്ടിരിക്കുന്ന പാദശബ്ദത്തിൽ ലയിച്ചിരിക്കുവാൻ ശ്രമിച്ചു, മനസ്സിന്റെ ഭാരം മാററാൻ.

''സുജീ''

അവളുടെ നേർത്ത വിളിയിൽ ബ്രഹ്മാണ്ഡം മുഴുവൻ നിശ്ചലമായതുപോലെ! ആർദ്രഭാവങ്ങൾ അലിയിച്ച ശോകഗാനം പോലെ മാധുര്യമുള്ളതായിരുന്നു ആ ശബ്ദം!! തന്റെ മറുവടിയിൽ ആ ശബ്ദസൗകുമാര്യത്തിനു് ഭംഗം വരുമോ എന്ന ഭയത്താൽ മൂകനായിരുന്നു.

അകലെ ആഴിയും, ആകാശവും ചേന്ന നേർരേഖയിലേക്ക് നോക്കി. ആ രേഖയിലൊരു ബിന്ദുവായി അലിയാൻ കൊതിച്ചു. സൂര്യന്റെ സ്വർണ്ണപാളികൾക്കു മാത്രമേ ആ ഭാഗ്യമുള്ളൂ എന്നോർത്തു അസൂയ തോന്നി.

''സുജീ''

രതിയെ നോക്കി. വിഷാദവർണ്ണങ്ങൾ അലിഞ്ഞുചേന്ന കണ്ണുകളിൽ സോമരസം തുളുമ്പുന്നു. വിതുമ്പലുകൾ കടിച്ചമർത്തുന്ന മൃദുലാധരങ്ങൾ! മുറുക്കിവെച്ച വീണക്കമ്പിപോലെയാണവൾ! വിരൽസ്പർശമേററാൽ വിഷാദഗീതം കേൾക്കാം!!

ഈ പരിത:സ്ഥിതിയിൽ അയാൾക്ക് സഹിഷ്ണുത നഷ്ടപ്പെടുന്നതായി തോന്നി. തടവറയിൽനിന്നും രക്ഷപ്പെട്ട് ശൂന്യതാമുഖത്തേക്ക് നടന്നുനീങ്ങാൻ ആഗ്രഹിച്ചു.

''നാളെ രാവിലെ പോവും, ല്ലേ?''

തനിയ്ക്കു് വീണ്ടും മൂകനായിരിക്കാനേ കഴിയുന്നുള്ളൂ എന്നോർത്തപ്പോൾ ദു:ഖം തോന്നി.

എനിയ്ക്കു് പോവണം കുട്ടീ. പോയെങ്കിൽ മാത്രമേ ജീവിതം സാക്ഷാത്ക്കരിക്കു, അല്ലെങ്കിൽ കൂടുതൽ സങ്കീർണ്ണമാവും.

അകലെ...

ഒരു പർണ്ണശാലയിൽ ഒരു യോഗിനി ദിവ്യമായ തപസ്സിൽ മുഴുകിയിരിക്കയാണു്. മന്ത്രങ്ങളെല്ലാം ഉരുക്കഴിച്ചു കഴിഞ്ഞിരിക്കും ഇപ്പോൾ. ദേവൻ മുന്നിൽ പ്രത്യക്ഷനായാൽ അവളൊരു വരം മാത്രമേ ചോദിക്കൂ, എദയേശ്വരനെ പൂജിച്ചു കഴിയാനുള്ള അവകാശം.

ഈ സത്യം നീയറിയരുതു് എന്ന ഉദ്ദേശത്താൽ മാത്രം ഞാൻ സ്വന്തം മനസ്സിൽ

തളച്ചിട്ടു. മരണം പോലെ ഭീകരവും ഭയാനകവുമായിരിക്കും നിനക്കതു്. നിൻെറ ഈ അടുപ്പം നിന്നെ അത്രമാത്രം ഉന്മാദിനിയാക്കിയിരിക്കുന്നു.

കാററിൻെറ കമ്പനംകൊണ്ടു് മുഖരിതമായ സന്ധ്യ. മണലിലേല്ക്കുന്ന പാദശബ്ദങ്ങൾ അതിലലിഞ്ഞു ചേർന്നു കൊണ്ടിരുന്നു.

ക്രിസ്തീയദേവാലയത്തിൻെറ മുകൾഭാഗം ഇവിടെ നിന്നും വ്യക്തമായി കാണാം. അതിനു മുകളിൽ ക്രൂശിൽ തറച്ച യേശുവിൻെറ രൂപം. നമ്മക്കുവേണ്ടി പാപം പേറേണ്ടിവന്ന, അപമാനിതനാകേണ്ടിവന്ന ആ ദിവ്യപുരുഷൻ!! രണ്ടു വർഷങ്ങൾക്കു് മുമ്പ് ഈ ദേവാലയം ഇത്രയുംപരിഷ്ക്കാരത്തിൽ പണികഴിപ്പിച്ചിട്ടില്ലായിരുന്നു. താൻ ഈ പട്ടണത്തിൽ ആദ്യമായി വന്നതു് അന്നായിരുന്നു.

അന്നു്.........

എല്ലാ മുഖങ്ങളിലും അപരിചിതത്വം അന്യഥാത്വത്തിൻെറ സ്പർശം സ്നേഹത്തിൻെറ സാന്ദ്രതയിലേക്കോ പരിചയത്തിൻെറ തുടപ്പിലേക്കോ കിനിയാൻ കഴിയാതെ നിശ്ചലമായിരുന്ന നിമിഷങ്ങൾ. ഒരർത്ഥത്തിൽ അതല്ലേ ആഗ്രഹിച്ചിരുന്നതും. സ്വന്തം ആത്മാവിലേക്ക് ഉൾവലിഞ്ഞു ഒതുങ്ങികഴിയുക!!

യാദൃശ്ചികമായാണു് രതിയുമായി പരിചയപ്പെടുന്നതു്. ആ നാടകീയരംഗങ്ങൾ ഒരു വർണ്ണചിത്രം പോലെ തെളിഞ്ഞു വരുന്നു.

ഒരു സന്ധ്യയിൽ, റെസ്റ്റോറണ്ടിൽ നിന്നും അലക്ഷ്യമായി സിഗററു കുററി പുറത്തേക്കെറിഞ്ഞപ്പോൾ ഇവളുടെ ശരീരത്തിൽ കൊള്ളുമെന്നു് ആലോചിച്ചിരുന്നില്ല. എന്തോ ഒരു വലിയ തെററു് ചെയ്തപോലെ ക്ഷമാപണം ചെയ്തു. പക്ഷെ ആ നിസ്സംഗാവസ്ഥ, കണ്ണുകളിലെ തിളക്കം കണ്ടപ്പോൾ സമാധാനം തോന്നി.

സിനിമാതിയേററിൽ വൈകിയാണെത്തിയതു്. ഇരുട്ടിൽ തപ്പിത്തടഞ്ഞു സീററിലിരുന്നു. മററൊരു കയ്യിൻെറ മൃദുത്വത്തിലലമർന്നപ്പോൾ കൈകളിൽനിന്നും ഒരനുഭൂതി സിരകളിലേക്ക് പടർന്നു കേറി! ഇടവേളയിൽ ആ കണ്ണുകളിലെ തിളക്കം വീണ്ടും കണ്ടു. പരിചയപ്പെടലിൻെറ തുടക്കം.

കടൽകാക്കകളുടെ ചിറകടിശബ്ദം കേട്ടു് ഞെട്ടിയുണർന്നു. പൈൻമരത്തിൻെറ ലാസ്യഭംഗി നഷ്ടപ്പെടാത്ത ഇലകളിൽ പുതുസ്വപ്നങ്ങളുടെ വർണ്ണരേണുക്കൾ.

നിശ്ശബ്ദതയുടെ ദുരൂഹതയിൽ ഇളംവെയിലിൻെറ സാന്ദ്രത കുറഞ്ഞു വരുന്നു. പ്രകൃതിയുടെ പുഞ്ചിരി, മിഥ്യയായ സ്വപ്നം പോലെ.

തങ്ങൾക്കിടയിൽ ശൂന്യത വളർന്നുകൊണ്ടിരുന്നു. ആ ശൂന്യതക്കിടയിൽ ഒരു കതിർമണ്ഡപം തെളിഞ്ഞുവന്നു. ചുററുമുള്ള മുഖങ്ങളിൽ ആകാംക്ഷ. ഭദ്രദീപത്തിൻെറ പൊലിമയിൽ മുഗ്ദ്ധയായിരിക്കുന്ന നവവധുവിൻെറ ശാലീനരൂപം. നാദസ്വരത്തിൻെറ താളം മുറുകുന്നു. താലി കയ്യിലെടുത്തു വധുവിനു് ചാർത്തുമ്പോൾ എന്തേ കൈവിറക്കാൻ?

പെട്ടെന്നു് സ്വബോധം വന്നു. യോഗിനിയുടെ തണുത്ത മനസ്സുപോലെ തെളിഞ്ഞ ആകാശം. എങ്കിലും നേർത്ത ദുഃഖംപോലെ മേഘശകലങ്ങൾ അങ്ങിങ്ങായുണ്ടു്.

മണൽപ്പുറത്തു തെളിഞ്ഞ നിഴലുകളെ നോക്കി. സമയം കുറേകഴിഞ്ഞിരിക്കുന്നു, ''രതീ പോവണ്ടേ?'' ശബ്ദം ഇടറാതിരിക്കാൻ കഴിവതും ശ്രമിച്ചു. പെട്ടെന്നു, വെയിലേററു വാടിയതളിരില പോലെ അവൾ അയാളുടെ മേൽ പതിച്ചു.

# അവർ പറയുന്നു

സമ്പാദക:— സുധാരത്നം പൂനൂർ

II P. D. C.

i പൊതുകാര്യത്തിലും സ്വന്തംകാ കാര്യത്തിലും സൻമാർഗ്ഗത്തിനു് പ്രധാനസ്ഥാനം നൽകുകയെന്നതാണു് നമ്മുടെ സംസ്കാരത്തിൻെറ മുഖ്യാംശം

—ഗാന്ധിജി—

ii നീറുംക്ഷുത്തുവളന്നിടുമ്പോൾ —
ആരും ഭേദമതില്ലെന്നറിക—

—കുഞ്ചൻനമ്പ്യാർ—

iii ഓർമ്മയുടെ യഥാർത്ഥമേന്മ ശ്രദ്ധയുടെ കേന്ദ്രീകരണമാണു്—

—സാമുവൽ ജോൺസൺ—

iv തൃപ്തി ജീവിതത്തിൻെറ അസ്ഥിവാരമാകുന്നു—

—ശ്രീബുദ്ധൻ—

v അനുഭവമാണു് ജ്ഞാനത്തിൻെറ ഏക ഉത്ഭവസ്ഥാനം—

—സ്വാമി വിവേകാനന്ദൻ—

vi എല്ലാ ക്രൂരതകളും ദൌർബ്ബല്യത്തിൽനിന്നുമാണു് ഉടലെടുക്കുന്നതു്.—

—സെനീക്കാ—

vii എന്തെല്ലാം പ്രലോഭനങ്ങൾ ഉണ്ടായാലും ന്യായമാർഗ്ഗത്തിൽ നിന്നും തെല്ലും പതറാത്തവനാണു് വീരൻ.

—സ്വാമി വിവേകാനന്ദൻ—

viii ചളിവാരിയെറിയരുതു്, ഉന്നം പിഴച്ചേക്കാം—
കൈ വൃത്തികേടാവുമെന്നതു് തീർച്ച—

—ജോസഫ് പാർക്കററ്—

ix സ്ത്രീയുടെ തലമുടി നീണ്ടതാണു്
എന്നാൽ അവരുടെ തലച്ചോറ് ചുരുങ്ങിയതാണു്—

—റഷ്യൻചൊല്ല്—

x പ്രേമം സ്ത്രീയെ ധീരയാക്കുന്നു, പുരുഷനെ ഭീരുവാക്കുന്നു.

—ഗോയ്ഥെ—

xi വാക്കുകൾ ഇലകളെപ്പോലെയാണു്,
അവധാരാളമായി കാണുന്നിടത്തു്
ഫലങ്ങൾ അപൂർവ്വമായിരിക്കും—

—പോപ്പ്—

xii സ്വന്തംനാടിനു വേണ്ടി മരിക്കാൻ, തയ്യാറുള്ളവർക്കേ ജീവിക്കാൻ അർഹത യുള്ളൂ.

—മക്കാർതർ—

xiii ചോദ്യം ചെയ്യപ്പെടാത്ത ജീവിതം ഒരിക്കലും അഭികാമ്യമല്ല-

—സോക്രട്ടീസ്—

xiv ജീവിതത്തിന് യാതൊരു ലക്ഷ്യവു മില്ലെന്ന് വിശ്വസിക്കുന്ന ആൾ അസ ന്തുഷ്ടനും, ജീവിക്കാൻ അർഹതയില്ലാ ത്തവനുമാണ്-

—ഐൻസ്റ്റീൻ—

xv സ്ത്രീ ഒരു നിഴലാണ്, അത് അ ടുക്കുമ്പോൾ അകലുകയും, അകലു മ്പോൾ അടുക്കുകയും ചെയ്യുന്നു—

—വേഡ്സ്‌വർത്ത്—

xvi പുരുഷൻ ഒരു കാര്യം ചിന്തിക്കു മ്പോൾ സ്ത്രീ ഒൻപത് കാര്യം ചി ന്തിച്ചു കഴിഞ്ഞിരിക്കും-

—വാൾട്ടയർ—

xvii സ്ത്രീ നോക്കിയാൽ അർത്ഥമുണ്ട്, അ അവൾ സംസാരിച്ചാൽ അതില്ല''

—മാലി—

xviii ''വിധാതാവിന്റെ ഒരു വിചിത്ര സൃഷ്ടിയാണ് സ്ത്രീ''

— ഉമർഖയ്യാം—

xix ശക്തിയും, ശൗര്യവുമില്ലെങ്കിലും ശത്രുക്കളെ വർദ്ധിച്ചാൽ പിന്നെ ക്ഷയിപ്പിക്കാനും പണിയത്രെ—

—ശ്രീമഹാഭാരതം—

xx നിങ്ങൾ സത്യത്തെ അറിയണം- അത് നിങ്ങളെ സ്വതന്ത്രനാക്കും-

—ബൈബിൾ—

xxi ചിന്താശക്തിയുടേയും, മനുഷ്യ സ്നേഹത്തിന്റെയും, ക്രിയാത്മക പ്രവ ത്തനങ്ങളുടേയും ആകെത്തുകയാണ് സംസ്കാരം—

—എ. എൻ. വൈററ് ഹെഡ്—

xxii സമ്പത്തിന് അതിന്റേതായ അ വകാശങ്ങൾ മാത്രമല്ലാ, കർത്തവ്യങ്ങളു മുണ്ട്—

—ഡ്രാഫ്‌വൻഡ്—

xxiii മനുഷ്യന് ആശ്രയിക്കാവുന്ന ഏ ക മാർഗ്ഗദർശി സ്വന്തം മനസ്സാക്ഷി യാണ്-

—വിൻസ്ററൺ ചർച്ചിൽ—

xxiv സ്വാർത്ഥലാഭചിന്തയിൽ മുഴുകി യവന്, സ്വതന്ത്ര്യവും മാന്യവുമായ ജീ വിതം നയിക്കുക സാദ്ധ്യമല്ല—

—ബൻട്രാൻഡ് റസ്സൽ—

xxv ദുരിതത്തിനുള്ള ഒരു കാരണം ദുർ ബലതയാണ്—

—സ്വാമി വിവേകാനന്ദൻ—

xxvi വിജ്ഞാനം ഐക്യത്തെ ഉണ്ടാ ക്കുന്നു—അറിവില്ലായ്മ (അജ്ഞത) വി ഭാഗീയതയിലേക്ക് മനുഷ്യനെ നയി ക്കുന്നു—

—ശ്രീരാമകൃഷ്ണപരമഹംസർ—

xxvii ''നിന്റെ ഒരു ചെകിട്ടത്തടിച്ചു ന്നവനു് മറേറ ചെകിട് കൂടെ കാണി ച്ചുകൊടുക്കുക; നിന്റെ മേലങ്കി പിടി

ച്ചപറിയ്ക്കുന്നവൻ കോട്ടക്കൂടി കൊണ്ടു പോകട്ടെ—അവനെ തടയാതിരിക്കുക—

—മാർട്ടിൻ—

xxviii മാപ്പുകൊടുക്കാൻ ദൈവം നമ്മോടു് ആജ്ഞാപിക്കുന്നു, അതനുസരിക്കണം, അല്ലങ്കിൽ നമുക്കവിടുത്തെ മാപ്പു് കിട്ടുകയില്ല—എല്ലാവർക്കും മാപ്പുകൊടുക്കുക വിശേഷിച്ചും വിവേകമില്ലാത്ത കുട്ടികൾക്കു്—

—മാർട്ടിൻ—

xxix വിദ്വേഷംകൊണ്ടു് വിദ്വേഷത്തെ നശിപ്പിക്കാനാവില്ല—സ്നേഹം കൊണ്ടു മാത്രമേ വിദ്വേഷത്തെ ഇല്ലാതാക്കാൻ പററൂ—

—ശ്രീ ബുദ്ധൻ—

xxx പരിതഃസ്ഥിതികൾ ദുർബ്ബലന്മാരുടെ അധിപതികളാണു് കാര്യബോധമുള്ളവർക്കാവട്ടെ ഉപകരണങ്ങൾ മാത്രവും—

—സാമുവൽ ലോവർ—

# ചങ്ങമ്പുഴ

എ. മുഹമ്മദലി I B. Com.

മലയാളത്തിലെ ആധുനികകവികളുടെയിടയിൽ പ്രധാനമായ ഒരു സ്ഥാനമലങ്കരിച്ചിരുന്ന കവിയാണ് ചങ്ങമ്പുഴ കൃഷ്ണപ്പിള്ള. റൊമാൻറിക്ക്രീതിയിൽ കാവ്യരചന നടത്തിയ അദ്ദേഹം മലയാളത്തിലെ പ്രമുഖരായ റൊമാൻറിക്കവികളായ കുമാരനാശാൻ, ഇടപ്പള്ളി, ജി. എന്നിവർക്കൊപ്പം നിൽക്കുന്നു. ഖണ്ഡകാവ്യ പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോട് കൂടിയാണ് മലയാളത്തിൽ കാല്പനിക (റൊമാൻറിക്) കവിതാ സമ്പ്രദായം ഉടലെടുത്തത്. ആംഗലസാഹിത്യസമ്പർക്കമാണ് മലയാളത്തിൽ കാല്പനികപ്രസ്ഥാനത്തിൻെറ ആവിർഭാവത്തിനു വഴി തെളിയിച്ചത്. നിലവിലുള്ള ലോകം ഒരു കാല്പനികകവിയെ സംബന്ധിച്ചിടത്തോളം അസുന്ദരവും അയഥാർത്ഥവുമാണ്. ഭാവനാസ്വപ്നങ്ങളിൽ മുഴുകിക്കഴിയാനാണ് അയാൾ ആഗ്രഹിക്കുന്നത്. കാല്പനികകവി തൻെറ ഹൃദയാന്തർഭാഗത്തു നിന്നു് പ്രചോദനമുൾക്കൊണ്ട് അതിൽ ആനന്ദം കണ്ടെത്തുന്നു.

''ആരുവാങ്ങുമിന്നാരുവാങ്ങുമീ-
യാരാമത്തിൻെറ രോമാഞ്ചം!''

എന്നു ചോദിച്ചുകൊണ്ട് മലയാളസാഹിത്യാരാമത്തിലേക്കു കടന്നുവന്ന അദ്ദേഹം മലയാളകവിതാരംഗത്ത് ഒരു പുതിയ ശബ്ദം കേൾപ്പിച്ചു;

''നീമറഞ്ഞാലുംതിരയടിക്കും
നീലക്കുയിലേ നിൻഗാനമെന്നും—''

എന്നു പാടിക്കൊണ്ടാണ് കടന്നു പോയത്.

തൻെറ പ്രകൃതിസിദ്ധമായ വാസനകൊണ്ടും സരളമധുരമായ രചനാകൗശലം കൊണ്ടും കേരളീയരുടെയിടയിൽ അനന്യലഭ്യമായ ഒരു സ്ഥാനം നേടിയെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു. സരളകോമളമായ അദ്ദേഹത്തിൻെറ ശൈലി ഏവരേയും ആകർഷിക്കത്തക്കതാണ്. ഗ്രാമീണ സൌന്ദര്യവിഭൂതികൾ അദ്ദേഹം നമുക്കു കാണിച്ചുതരുന്നതു് അത്ഭുതാവഹമായ വർണ്ണനാപാടവത്തോടുകൂടിയാണ്. ചങ്ങമ്പുഴക്കവിതയിലെസംഗീതാത്മകത്വം പ്രസിദ്ധമാണ്. ചങ്ങമ്പുഴസാഹിത്യവും അതിൻെറ വിഷാദാത്മകത്വവും മലയാളസാഹിത്യലോകത്തിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. 'രമണ'ൻെറ പ്രചുരപ്രചാരം തന്നെ അദ്ദേഹത്തിൻെറ സ്വാധീനത്തിനു മകുടോദാഹരണമാണ്:

1912ൽ ഇടപ്പള്ളിയിൽ ജനിച്ച അദ്ദേഹം കുട്ടിക്കാലം മുതല്ക്കു തന്നെ കാവ്യരചനയിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴയും ഒരേ ഞെട്ടിൽ വിരിഞ്ഞ രണ്ടു സുന്ദരപുഷ്പങ്ങളായിരുന്നു. ജീവിതപരിതഃസ്ഥിതികളിലും കാവ്യരചനാശൈലിയിലും ചിന്താഗതിയിലും അവർ വളരെ അടുപ്പമുള്ളവരായിരുന്നു. ഇടപ്പള്ളിയുടെ അകാലമൃത്യു അദ്ദേഹത്തെ

വളരെയധികം വേദനിപ്പിച്ചു, ആ ദുഃഖത്തിൽനിന്നും ഉടലെടുത്തതാണ് 'രമണൻ' എന്ന ശോകാത്മകകാവ്യം മുപ്പത്തിയാറാം വയസ്സിൽ അന്തരിച്ച ചങ്ങമ്പുഴ ബാഷ്പാഞ്ജലി; രക്തപുഷ്പങ്ങൾ, സ്പന്ദിക്കുന്ന അസ്ഥിമാടം, രമണൻ, മനസ്വിനി, സ്വരരാഗസുധ, കളിത്തോഴി തുടങ്ങി അൻപതോളം ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

ചങ്ങമ്പുഴക്കവിതകൾ എടുത്ത് പരിശോധിച്ചുനോക്കിയാൽ അതിലെല്ലാം ഒരിററു സ്നേഹത്തിനുവേണ്ടി ദാഹിച്ചു നടക്കുന്ന ഒരാത്മാവിന്റെ ദീനരോദനം നമുക്ക് കേൾക്കാൻ സാധിക്കും. സ്നേഹത്തിന്റെ മഹത്വത്തെ,

> ''ചിറകെനിക്കില്ല, ദേവനുമല്ലഞാ—
> നൊരുവെറും തുച്ഛമാനവകീടകം
> അറിവതുണ്ടു ഞാനെങ്കിലും സ്പഷ്ടമായ്
> പരമനിർമ്മലസ്നേഹമഹിമയെ''
> ''നിഴലും വെളിച്ചവും മാറി മാറി
> നിഴലിക്കും ജീവിതദർപ്പണത്തിൽ
> ഒരു സത്യം മാത്രം ഹാ നില്ക്കുമെന്നും
> പരമാർത്ഥസ്നേഹത്തിൻ മന്ദഹാസം''

എന്നീ വരികളിലൂടെ അദ്ദേഹം ഉത്ഘോഷിക്കുന്നു. ആരിൽനിന്നും ആത്മാർത്ഥസ്നേഹത്തിന്റെ കണികകൾപോലും ലഭിക്കാതെ അവസാനം സ്നേഹശൂന്യമായ ഈ ലോകത്തിലെ വഞ്ചനയെയും കാപട്യത്തെയും കുറിച്ച് വിലപിക്കുന്ന കവി

> ''കപടലോകത്തിലാത്മാർത്ഥമായൊരു
> ഹൃദയമുണ്ടായതാണെൻ പരാജയം''—

എന്നോർത്ത് ദുഃഖിക്കുന്നു. നൈമിഷികമായ ഈ ലോകജീവിതത്തെ മഞ്ഞുതുള്ളിയോടാണ് അദ്ദേഹം സാദൃശ്യപ്പെടുത്തുന്നത്;

> ''ക്ഷണികതയ്ക്കൊരു പര്യായമാംഹിമ-
> കണികമാത്രമാണീ ലോകജീവിതം''

ഇങ്ങിനെ ലളിതകോമളവും സംഗീതാത്മകവുമായ രചനാശൈലിയിലൂടെ മലയാളകവിതാലോകത്ത് ചിരപ്രതിഷ്ഠ നേടിയ അദ്ദേഹത്തിന്റെ സ്വാധീനം വയലാർ, പി. ഭാസ്കരൻ, സുഗതകുമാരി, ഒ. എൻ. വി. എന്നിവരിൽ തെളിഞ്ഞുകാണാം. പ്രണയത്തെ ചാപല്യമായി കണക്കാക്കിയിരുന്ന ഒരു ഘട്ടത്തിൽ അതിനെക്കുറിച്ച് പാടിപുകഴ്ത്താനാണ് അദ്ദേഹം പരിശ്രമിച്ചത്. ലോലവും ദുർബ്ബലവും സമൂഹത്തിന്റെ കണ്ണിൽ വിലകുറഞ്ഞതുമായ പ്രണയത്തെ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചതാണ് ചങ്ങമ്പുഴയുടെ വിജയം.

# ചരിത്രപഠനം എന്തു്, എന്തിനു്?

എ. പി. എ. സലാം, തേഞ്ഞിപ്പാലം II B. A. Arabic

ചരിത്രപഠനത്തെ ഒരുതരം ലാഘവത്തോടും പുച്ഛത്തോടുംകൂടിയാണു് പലരും വീക്ഷിക്കാറുള്ളതു്. കാലം അനുസ്യൂതം പുരോയാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ കഴിഞ്ഞ കാലത്തിന്റെ അടിത്തട്ട് ചികഞ്ഞുനോക്കുന്നതിൽ കാണുന്ന 'അനൗചിത്യത്തിൽനിന്നാണീ ചിന്താഗതി ഉടലെടുക്കുന്നതു്. ചരിത്രത്തെക്കുറിച്ച അബദ്ധധാരണകളും അതിന്റെ ആവശ്യകതയെ സംബന്ധിച്ച അജ്ഞതയും ഈ ധാരണ വളരാൻ സഹായകമാണു്. രാജാക്കന്മാരുടെ കഥകളും യുദ്ധങ്ങളുടെ ഭീകരചിത്രങ്ങളും രക്തത്തിന്റെ മണവുമടങ്ങിയ പഴങ്കഥകളുടെ ചർവ്വിതചർവ്വണമാണിതെന്നവർധരിച്ചുവെച്ചിരിക്കുന്നു. സയൻസ് വിദ്യാർത്ഥികൾ മുതൽ ചില ശാസ്ത്രീയാചാര്യന്മാർവരെ പലരും ഈ വിശ്വാസം വെച്ചുപുലർത്തുന്നവരാണു്. ആധുനികചിന്താപ്രസ്ഥാനങ്ങളുടെ സ്വാധീനതയും അവയുടെ ചരിത്രവീക്ഷണത്തിൽ കാണുന്ന അപാകതകളും ഈ ചിന്താഗതി വളർത്തുന്നതിനു് പ്രേരകമായ വസ്തുതകളാണു്.

കാലത്തിന്റെ അനുസ്യൂതമായ സംഭവപരമ്പരകളുടെ വിശകലനമാണു് ചരിത്രം. പുരോഗതിയുടെ പടവുകൾ പിന്നിട്ട മനുഷ്യജീവിതത്തിന്റെ ഓർമ്മക്കുറിപ്പുകളും അനുഭവങ്ങളുടെ ആഖ്യാനവുമാണതു്. കാലത്തിന്റെ പൂർവ്വാപരബന്ധം പുലർത്തുന്നതും ബന്ധിപ്പിക്കുന്നതുമായ ഏകരൂപമായൊരു നിയമമായതു് വർത്തിക്കുന്നു.

കഴിഞ്ഞ ഇന്നലെകളാണു് ഇന്നിന്റെ ആധാരം. ഇന്നിന്റെ അവസാനം നാളെയുടെ ആരംഭവും. ഭൂതകാലത്തിനുമേൽ വർത്തമാനകാലം പടുത്തുയർത്തപ്പെടുന്നു. വർത്തമാനകാലം ഭാവിക്കു് ജന്മം നൽകുന്നു. നാളുകളുടെ നീക്കത്തിൽ ഈ യാഥാർത്ഥ്യം ഒരലംഘനീയനിയമമായി അവിരാമം തുടന്ന്കൊണ്ടിരിക്കുന്നു. ഈ പ്രവാഹത്തിൽ പരിവർത്തനങ്ങളും പരിണാമങ്ങളും സംഭവിക്കുന്നു.

ചരിത്രപഠനവും ശാസ്ത്രത്തെപ്പോലെ അന്വേഷണബുദ്ധിയിൽ നിന്നാണുടലെടുക്കുന്നതു്. മനുഷ്യരാശിയുടെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളിലൂടെ സംഭവിച്ച പരിവർത്തനങ്ങളുടേയും പരിണാമങ്ങളുടേയും നീണ്ട പരമ്പരയ്ക്കു് പാശ്ചാത്തലമായി വർത്തിച്ച കാര്യങ്ങളും പുരോഗതിയ്ക്കു് നിദാനമായി നിലകൊണ്ട വസ്തുതകളും കണ്ടെത്താൻ ചരിത്രപഠനം ആവശ്യമാണു്. 'എന്തുകൊണ്ട്' സംഭവിച്ചു', 'എങ്ങനെ സംഭവിച്ചു' എന്നീ അടിസ്ഥാനപരമായ സ്വാഭാവികചോദ്യങ്ങൾക്കുത്തരം ഇതിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ.

ഭൗതികനേട്ടങ്ങളുടേയും ശാസ്ത്രീയവികാസത്തിന്റെയും സ്വാധീനത്താൽ ജീവ

തത്തിലും സാമൂഹ്യഘടനയിലും പ്രകടമാവുന്ന പരിവർത്തനങ്ങളുടേയും വികാരവിചാരങ്ങളിൽ സംഭവിക്കുന്ന മാററങ്ങളുടേയും അടിസ്ഥാനത്തിൽ കാലികമായ ജീവിതസിദ്ധാന്തം ആവിഷ്കരിക്കണമെന്നു് പറയുന്നവർ ഒരുപക്ഷെ ചരിത്രപഠനത്തെ വ്യർത്ഥമായി കണ്ടേക്കാം. ആധുനികകാലഘട്ടത്തിലെ ചില ദാർശനികരും ചരിത്രകാരന്മാരും ജീവിതത്തെയും സാമൂഹ്യഘടനയേയും ഭരിക്കുന്ന പ്രക്രിയകളെക്കുറിച്ച് പറഞ്ഞതിൽ അവിടെ ചരിത്രത്തിനുള്ള പങ്കിനെ തഴയുന്നതായി കാണാം. മനുഷ്യൻ ചുററുപാടിന്റെ നിയന്ത്രണത്തിനധീനനാണെന്നും അവന്റെ ജീവിതംതന്നെ വൈരുദ്ധ്യാധിഷ്ഠിത വിശ്വചൈതന്യത്തിന്റെ (world spirit) ബഹിർപ്രകടനവും ഭൗതികസാമഗ്രികളുടേയും സാമ്പത്തികവളർച്ചയുടേയും ഫലമായി രൂപപ്പെടുന്നതാണെന്നുമുള്ള വീക്ഷണങ്ങളിലൂടെ ചരിത്രത്തെ എത്രതന്നെ പരിമിതമായി ഗണിച്ചാലും വസ്തുനിഷ്ഠമായൊരു അപഗ്രഥനം ഈ വാദത്തെ നിഷേധിക്കുന്നതായി കാണാം.

ജീവിതം സ്ഥലകാലബന്ധിതമോ ചുററുപാടാൽ നിയന്ത്രിക്കപ്പെടുന്നതോ അല്ല—വിശദാംശത്തിൽ അതിന്റേതായ സ്വാധീനത കണ്ടെത്തിയേക്കാമെങ്കിലും ജീവിതം ചില പരിധികളിൽനിന്നുകൊണ്ട് സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വതന്ത്രമനുഷ്യരടങ്ങുന്ന സമൂഹത്താൽ രൂപീകൃതമാവുന്ന സാർവ്വലൗകിക സ്വഭാവത്തോടുകൂടിയുള്ളതാണ്. മനുഷ്യരാശിയുടെ നീണ്ട ജീവിതത്തിൽനിന്നും നേടിയെടുത്തതാണവന്റെ നേട്ടങ്ങൾ. അതു് കേവലം ഭൗതികസുഖസൗകര്യങ്ങളിൽമാത്രം പരിമിതമല്ല. അതോടൊപ്പം അവന്റെ വിശ്വാസം, ആചാരം, നീതി നിഷ്ഠ, സാമൂഹ്യബന്ധങ്ങൾ, രാഷ്ട്രീയം തുടങ്ങിയ എല്ലാ രംഗങ്ങളിലുമുള്ള നേട്ടങ്ങളുമാണ്. ഇതെല്ലാം പൊതുവായി രൂപീകൃതമാവുന്നതും അംഗീകരിക്കുന്നതുമായ ചില ആശയങ്ങളിലൂടെയും വ്യവസ്ഥകളിലൂടെയുമാണ് സംഭവിക്കുന്നതു്. ഈ ആശയങ്ങൾ വിശാലവും സുന്ദരവും സ്നിഗ്ദ്ധവുമായിരിക്കാൻ സംഭവങ്ങളേയും ജീവിതങ്ങളേയും കുറിച്ച് ശരിയായ ബോധം ആവശ്യമാണ്. സംഭവങ്ങളുടെ പരമ്പരകൾക്ക് ഇടയിൽ വർത്തിക്കുന്ന ചില പൊതുനിയമങ്ങളുണ്ട്. വിദൂരകാലഘട്ടത്തിലെ മനുഷ്യവികാരവിചാരതാല്പര്യങ്ങളും സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളും നമ്മുടേതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. ഓരോ ജനതയും ഭൗതികചമയങ്ങളിൽ വ്യത്യസ്തമായിരുന്നെങ്കിലും.

അപ്പോൾ ശാസ്ത്രീയസാങ്കേതികവിദ്യയിൽ നാമെത്ര വളർന്നുകഴിഞ്ഞാലും ജീവിതത്തിന്റെ യഥാർത്ഥതാല്പര്യം നിലനിർത്തുന്നതിന്നാവശ്യമായ പൊതുനിയമങ്ങൾ കണ്ടെത്തേണ്ടതുണ്ട്. തലമുറകളിൽനിന്നും പകർന്ന ആശയങ്ങളും വികാരവിചാരങ്ങളുമാണ് നമ്മുടെ സിരകളിൽക്കൂടി ഒഴുകുന്നതു്. അതുപോലെ കാലത്തിലൂടെ മനുഷ്യൻ നേടിയെടുത്ത പൊതുനിയമങ്ങളും മൂല്യങ്ങളുമാണ് നാം അംഗീകരിക്കുന്നതു്. വല്ല പ്രശ്നങ്ങളുമുണ്ടാകുമ്പോൾ പരിഹാരത്തിന്നായി പുതുതായി നിർമ്മിക്കുകയോ താല്ക്കാലികമായി കണ്ടെത്തുകയോ അല്ല; മറിച്ച് പരമ്പരയായി ലഭിച്ച മൂല്യങ്ങളെ സമീപിക്കുകയാണ് നാം ചെയ്യുന്നതു്. ശാസ്ത്രത്തിന്നജ്ഞാതമായ അത്തരം മൂല്യങ്ങൾ ചരിത്രത്തിന്റെ ഖനിയിൽ സുലഭമാണ്.

ലക്ഷ്യബോധമുള്ള മനുഷ്യന്ന് തന്റെ പ്രയാണത്തിൽ വല്ല വ്യതിയാനവും പററിയോ എന്നറിയാൻ അവൻ പിന്നിട്ട വഴികളെക്കുറിച്ച ശരിയായ ബോധം ആവശ്യമാണ്. മനുഷ്യനിൽ സ്വാഭാവികമായും കാണപ്പെടുന്ന സാഹസത്തിന്റെയും പരിവർത്തനത്തിന്റെയും ഉൽക്കടമായ അഭിലാഷത്തെ പ്രയോഗതലത്തിൽ രൂപപ്പെടുത്തു

വാൻ സംഭവങ്ങളും അനുഭവങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അറിയേണ്ടതുണ്ട്. പരീക്ഷണത്തിന്റെ ദശാസന്ധികളിൽ എങ്ങോട്ട്, എന്ന ചോദ്യമുത്ഭവിക്കുമ്പോൾ അവിടെ ചൂണ്ടുപലകയായി വർത്തിക്കാൻ പ്രാപ്തമായ ഏകഘടകം ചരിത്രത്തിന്റെ ശിലാലിഖിതങ്ങൾ മാത്രമാണ്.

ചരിത്രം മനുഷ്യന്റെ നീണ്ട ജീവിതാഖ്യാനമാകയാൽ അവിടെ നിലനിന്നിരുന്ന സാമൂഹ്യസാംസ്കാരികരാഷ്ട്രീയകാര്യങ്ങളുടെ ചിത്രണവും അതിൽ വ്യക്തമായി പതിഞ്ഞിട്ടുണ്ടാവും. അതുകൊണ്ടാണ് ചരിത്രങ്ങളിൽ യുദ്ധങ്ങളും സംഘട്ടനങ്ങളും കൂടുതലായി കാണപ്പെടുന്നതു്. അതിന്റെ പേരിൽ അതിനോട് പ്രതിഷേധിക്കുകയോ അതിനെ നിരർത്ഥകവും നിന്ദ്യവുമായി കാണുകയോ ചെയ്യുന്നതിലർത്ഥമില്ല. ആത്മീയവും മാനുഷികവുമായ മനുഷ്യന്റെ ഉത്ഥാനപതനങ്ങളാണവ. പൊതുവായ മൂല്യങ്ങളെ അംഗീകരിക്കുന്നവരും അതിനെ അവഗണിക്കുന്നവരും തമ്മിലുള്ള വ്യക്തമായ അന്തരം; സത്യവും അസത്യവും നീതിയും അനീതിയും തമ്മിലുള്ള ഏറ്റുമുട്ടലുകൾ; നിലനില്പിനുവേണ്ടിയുള്ള പോരാട്ടം; അവിടെ സത്യം ജയിക്കുന്നതും ധർമ്മം പുലരുന്നതും നിലനില്ക്കേണ്ടതു് രംഗത്തുവരുന്നതും നമുക്ക് കാണാം, തെറ്റുചെയ്യുന്നവർ പിടികൂടപ്പെടുന്നതായും ശിക്ഷിക്കപ്പെടുന്നതായും നമുക്ക് മനസ്സിലാക്കാം. ഇതിലൂടെ മനുഷ്യരാശിയുടെ നിലനില്പിന്ന് അനുഗുണവും ആവശ്യവുമായ ഏതു് വ്യവസ്ഥിതികളും നിയമങ്ങളുമാണ് ഇവിടെ നിലനില്ക്കേണ്ടതെന്നും അംഗീകരിക്കപ്പെടേണ്ടതെന്നും നമുക്ക് തേടിപ്പിടിക്കാൻ പ്രയാസമില്ല.

ഇന്നും മനുഷ്യനിൽ അധർമ്മത്തിന്റെയും തിന്മയുടേയും വാസനകൾ നിലനില്ക്കുന്നുണ്ട്. അതു് അവസാനിപ്പിക്കുന്നതോ അവസാനിപ്പിക്കാവുന്നതോ അല്ല. ഈ യുഗത്തിന്റെ പ്രത്യേകതയിൽ അതിന്റെ അനല്പമായ വളർച്ചയും ദുസ്സ്വാധീനതയും പ്രത്യേകം പ്രകടമാണ്. അതു് നിയന്ത്രിക്കേണ്ടതും അതിൽനിന്നു് മോചനം നേടേണ്ടതും നമ്മുടെ നിലനിൽപിന്നനിവാര്യമാണ്. കാലത്തിന്റെ എല്ലാ ദശാസന്ധികളിലും കാണപ്പെട്ട ഒരു പരമാർത്ഥമാണിതു്. അവിടെയെല്ലാം മോചനത്തിന്റെയും സമാശ്വാസത്തിന്റെയും സന്ദേശങ്ങൾ ആത്മീയ മൂല്യങ്ങളായിരുന്നു. കാലഹരണപ്പെട്ട പഴഞ്ചൻ സിദ്ധാന്തങ്ങളല്ല; മറിച്ച് കാലത്തിലൂടെ അംഗീകരിക്കപ്പെട്ടതും പ്രായോഗികപഥത്തിൽ തെളിയിക്കപ്പെട്ടതുമായ മാനുഷികമൂല്യങ്ങൾ. നമ്മുടെ പ്രശ്നപരിഹാരത്തിന്നായി നമുക്ക് പ്രാപിക്കാനുള്ളതും അത്തരം മൂല്യങ്ങളെയാണ്. അതിന്റെ നേട്ടം ചരിത്രത്തിലേക്കെത്തിച്ചേരുന്നു.

# കോളേജ് യൂനിയൻ പ്രവർത്തനറിപ്പോർട്ട് 1977-78

സപ്തംബർ 27-ാംതിയ്യതി നടന്ന കോളേജ് യൂനിയൻ തെരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ നടപ്പുവർഷത്തെ കോളേജ് യൂനിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

ഇ. കെ. അഹമ്മദ് —ചെയർമാൻ
ഗീതാമേത്ത —വൈ. ചെയർമാൻ
സി. പി. നാസർ —ജനഃസിക്രട്ടറി
കെ. പി. സുലേഖാബീഗം —ജോ: സിക്രട്ടറി
പി. മമ്മത് —യൂനിയൻ കൗൺസിലർ
കെ. പി. മമ്മത്കോയ ,, ,,
വി. കെ. പി. ഇസ്മയിൽ — ഫൈൻ ആർട്ട്സ് സെക്രട്ടറി
കെ. ടി. സെയ്ത്മുഹമ്മത് —സ്റ്റുഡൻറ് എഡിററർ
ആർ. പി. മുഹമ്മദ് റഷീദ് —ജനറൽ ക്യാപ്റ്റൻ

അന്നുതന്നെ വിവിധ അസോസിയേഷൻ സെക്രട്ടറിമാരേയും ക്ലാസ്സ് പ്രതിനിധികളെയും തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടവർ താഴെ പറയുന്നവരാണ്.

കോമേഴ്സ് — രാജേന്ദ്രൻ കെ.
എക്കണോമിക്സ്— ഇബ്രാഹിം പി. ടി.
അറബിക് & ഇസ്ലാമിക് — ഹാഫീസ് മുഹമ്മത് ഇബ്രാഹിം
ഫിസിക്സ്—രാജൻ പി. സി.
സുവോളജി—ഉണ്ണീൻകുട്ടി പി. വി.
ബോട്ടണി—അബ്ദുറഹിമാൻ കെ.
കെമിസ്ട്രി—ഉണ്ണികൃഷ്ണൻ എം. കെ.
മാത്തമാററിക്സ്—വിനോദ് വി. ടി.
ഇംഗ്ലീഷ്—താരാമതി പട്ടേൽ

## ക്ലാസ്സ് പ്രതിനിധികൾ

| | | |
|---|---|---|
| ഉസ്മാൻകോയ സി. പി. | — I | PDC |
| മുഹമ്മത് ബറാമി | — II | PDC |
| ഹരിദാസ് പി. | — I | DC |
| ജോസ് പി. ജി | — II | DC |
| അഹമ്മത് നസീർ യു. | — III | DC |
| ചന്ദ്രൻ എം. | — I | P.G. |

യൂനിയൻെറ സ്റ്റാഫ് ഉപദേശകനായി പ്രൊ. എ. പി. പി. നമ്പൂതിരിയെ യൂനിയൻ പേട്രൺകൂടിയായ പ്രിൻസിപ്പാൾ നോമിനേററ് ചെയ്തു.

14-10'77ന ചെയർമാൻ ഇ. കെ. അഹമ്മതിൻെറ അദ്ധ്യക്ഷതയിൽചേർന്ന യൂനിയൻെറ പ്രഥമജനറൽ കൗൺസിൽയോഗം ഹരിദാസ് പി., ജോസ് പി. ജി., ഹാഫീസ് മുഹമ്മത് ഇബ്രാഹിം എന്നിവരെ യൂനിയൻ എക്സിക്യൂട്ടീവ് കമ്മിററിയിലേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

## യൂനിയൻ ഉൽഘാടനം

നവംബർ രണ്ടാംതീയ്യതി വൈകുന്നേരം 3 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് യൂനിയന്റെ പ്രവർത്തനപരിപാടികളുടെ ഔപചാരികമായ ഉൽഘാടനകർമ്മം, കേരളയൂണിവേഴ്സിററി വിസിററിംഗ് പ്രൊഫസറും ചരിത്രകാരനുമായ ഡോ: സി. കെ. കരിം നിർവ്വഹിച്ചു. യോഗത്തിൽ ചെയർമാൻ ആദ്ധ്യക്ഷ്യംവഹിക്കുകയും, പ്രിൻസിപ്പാൾ സ്വാഗതം പറയുകയും സിക്രട്ടറി നന്ദി പ്രകാശിപ്പിക്കുകയുംചെയ്തു. കോളേജ് ഗായകസംഘത്തിന്റെ ഗാനമേളയോടും കെ. എൻ. രാജന്റെ മിമിക്രിയോടുംകൂടിയാണ് അന്നത്തെ പരിപാടികൾക്ക് തിരശ്ശീലവീണത്.

## ഫൈൻ: ആർട്ട്സ് ഉൽഘാടനം

കോളേജ് യൂനിയന്റെ കീഴിലുള്ള ഫൈൻ ആർട്ട്സ് അസോസിയേഷന്റെ ഉൽഘാടനം 9_1_78നു പ്രസിദ്ധ സിനിമാനടനായ വിൻസൻറ് നിർവഹിച്ചു. കോളേജ് ഡ്രമാററിക് ക്ലബ്ബിന്റെ ഉൽഘാടനം തദവസരത്തിൽ സന്നിഹിതയായ സിനിമാനടി 'സീമ' നിർവഹിച്ചു. യോഗത്തിൽ യൂണിയൻ ചെയർമാൻ ആദ്ധ്യക്ഷ്യംവഹിക്കുകയും സ്റ്റാഫ് അഡ്വൈസർ പ്രസംഗിക്കുകയുമുണ്ടായി. നേരത്തെ ഫൈൻ ആർട്ട്സ് സിക്രട്ടറി സ്വാഗതമാശംസിക്കുകയും യൂനിയൻ സെക്രട്ടറി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

## ഇക്ബാൽ ജൻമശതാബ്ദിയാഘോഷം

ദേശീയ വിമോചനപ്രസ്ഥാനത്തിന്റെ വഴികാട്ടിയും, വിപ്ലവകവിയുമായ ''മുഹമ്മത് അല്ലാമ ഇക്ബാലി''ന്റെ ജന്മശതാബ്ദി കോളേജിൽ വിപുലമായി ആഘോഷിക്കുവാൻ യൂനിയൻ തീരുമാനിക്കുകയുണ്ടായി. ആഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ഉർദുവിലും, മ യാളത്തിലും പ്രസംഗപ്രബന്ധമത്സ ങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ശത ബ്ദിയാഘോഷത്തോടനുബന്ധിച്ച് 6_3_'78നു യൂനിയന്റെ ആഭിമുഖ്യത്തി പല വിശിഷ്ടാതിഥികളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഇക്ബാൽ സിമ്പോസിയം ന ത്തപ്പെട്ടു. പ്രൊ: എം. എ. ശുക്കൂറിന്റെ അദ്ധ്യക്ഷതയിൽചേർന്ന സിമ്പോസിയ ത്തിൽ പ്രശസ്തസാഹിത്യകാരനും, ഉർദുപ ണ്ഡിതനുമായ എം. എൻ. സത്യാർത്ഥി, കോഴിക്കോട് സർവകലാശാല അറബി മേധാവി പ്രൊ: ഇത്'വിഷാനന്ദ്'വി, യൂണി വേഴ്സിററി മനശ്ശാസ്ത്രവകുപ്പ് മേധാവി ഡോ: എം. ഐ. വാരൂർ, പ്രൊ. എ. പി പി. നമ്പൂതിരി, കെ. മുഹമ്മത് ഹസൻ, കോഴിക്കോട് സർവകലാശാല വിസി ററിംഗ് പ്രൊഫസർ അക്ബറാബാദി എ ന്നിവർ സംസാരിച്ചു. ഇക്ബാലിന്റെ വി വിധരംഗങ്ങളിലെ പ്രവർത്തനങ്ങളെയും, തന്റെ കൃതികളിലൂടെ ദേശീയപുരോഗമന പ്രസ്ഥാനങ്ങൾക്ക് അദ്ദേഹം നല്കിയ മ ത്തായ സംഭാവനകളെയുംകുറിച്ച് സിമ്പോ സിയത്തിൽ സംസാരിച്ചവർ വിവരിച്ചു. യോഗത്തിൽവെച്ച് വിവിധമത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് സമ്മാന ങ്ങൾ നൽകപ്പെട്ടു. ചെയർമാൻ സ്വാഗത പ്രസംഗവും യൂനിയൻ സെക്രട്ടറി നന്ദിപ്ര ടനവും നിർവഹിച്ചു.

പരിമിതമായ കോളേജ് യൂനിയൻഫ ണ്ട് യൂനിയന്റെ പ്രവർത്തനങ്ങൾക്ക് മ യാവാത്തതുനിമിത്തം യൂനിയൻഫണ്ട് ധ ശേഖരണാർത്ഥം 19_1_78നു ഫറോക്ക പ്രീതിയിൽവെച്ച് 'പ്രയാണം' എന്ന സി നിമ പ്രദർശിപ്പിക്കുകയുണ്ടായി. പ്രദർ നംവകയിൽ ലാഭമായി ലഭിച്ച 3103രൂപ യിൽ 1500രൂപ കോളേജിന്റെ അററ ററപ്പണിൽക്ക് നൽകുവാൻ തീരുമാന

ച്ച. ബാക്കിവരുന്ന സംഖ്യയിൽ 1000രൂപ കോളേജ് യൂണിയന്റെവകയായി ഒരു ദേശസാൽകൃതബേങ്കിൽ നിക്ഷേപിക്കുകയും അതിൽനിന്ന് ലഭിക്കുന്ന പലിശകൊണ്ട് ഓരോവഷവും പ്രീഡിഗ്രിക്ക് കോളേജിൽനിന്നും ഏററവും കൂടുതൽ മാർക്ക്നേടുന്ന രണ്ട് വിദ്യാർത്ഥികൾക്ക് കാഷ് അവാർഡുകൾ നൽകാൻ തീരുമാനിക്കുകയും അതിന്ന് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. ബെനിഫിററ്ഷോയിൽ ബാക്കി വന്നതുക യൂനിയന്റെ മററു പ്രവത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്തു.

## മററു പ്രവർത്തനരംഗങ്ങൾ

കോളേജ്‌വിദ്യാത്ഥികളെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്ന യൂനിയനു ചെയ്യാൻ കഴിയാവുന്ന രംഗങ്ങളിൽ ഞങ്ങളുടെ പ്രവത്തനങ്ങൾ നടക്കുകയുണ്ടായി. യൂനിവേഴ്സിററി, മലപ്പുറം ഭാഗങ്ങളിൽനിന്നുവരുന്ന വിദ്യാത്ഥികളെ എന്നും അലട്ടികൊണ്ടിരിക്കുന്ന ബസ്സ്‌പ്രശ്നം മലപ്പുറം ആർ. ടി. ഒ. യുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ഭാഗങ്ങളിൽനിന്നു വരുന്ന ബസ്സുകൾ രാവിലെ കോളേജിൽ വന്നുപോവുകയുണ്ടായി.

## കലാരംഗങ്ങൾ

നമ്മുടെ കലാലയത്തിൽ കലാതല്പരരായ വിദ്യാത്ഥികൾക്ക് വളന്നുവികസിക്കുവാനുള്ള സൗകര്യങ്ങൾ കുറവാണെങ്കിലും സർവകലാശാലാകലോത്സവങ്ങളിൽ നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾ മുൻവഷങ്ങളെ അപേക്ഷിച്ച് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചത് വളരെ സന്തോഷപൂർവം ഇവിടെ സ്മരിക്കട്ടെ.

ചേളന്നൂർ, കണ്ണൂർ എന്നിവടങ്ങളിൽ വെച്ച് നടന്ന സർവകലാശാലാകലോത്സവങ്ങളിൽ രമേഷ് കെ. കെ.; ലക്ഷ്മൺ കൃഷ്ണമൂത്തി, സുനിൽ ഗോപാൽ, ഹേമന്ത് കുമാർ, വേലായുധൻ, അബ്ദുൾ റഷീദ് എന്നിവർ വിവിധ മത്സരങ്ങളിൽ വിജയിക്കുകയുണ്ടായി. അവക്ക് യൂണിയന്റെപേരിൽ ഊഷ്മളമായ അഭിവാദ്യങ്ങൾ അർപ്പിക്കട്ടെ.

## കായികരംഗം

ഈ വഷത്തെ സർവകലാശാല ഫുട്ബോൾ ടീമിലേക്ക് നമ്മുടെ കോളേജിൽനിന്ന് സി. പി. എം. റഷീദ്, പി. വി. ഇമ്പിച്ചമ്മു എന്നിവരെ തെരഞ്ഞെടുക്കുകയുണ്ടായി. യൂണിവേഴ്സിററി ഫുട്ബോൾ ടീമിന്റെ നായകനായിരുന്നത് നമ്മുടെ കോളേജിലെ സി. പി. എം. റഷീദ് ആയിരുന്നു എന്നുള്ളത് നമുക്കെല്ലാം അഭിമാനിക്കാവുന്ന കാര്യമാണ്. കാശ്മീരിൽവെച്ച് നടന്ന ഇന്ത്യൻ യൂണിവേഴ്സിററി കോച്ചിംഗ്ക്യാമ്പിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി. ഇവക്കും യൂണിയന്റെ പേരിൽ അഭിവാദ്യം അർപ്പിക്കട്ടെ.

ഈ വഷത്തെ കോളേജ് യൂണിയൻ പ്രവത്തനം വളരെ സങ്കീണ്ണമായ ഒന്നായിരുന്നു. യൂണിയൻ പ്രവത്തനം മൊത്തത്തിൽ പരിശോധിക്കയാണെങ്കിൽ ഒരു കാര്യം വ്യക്തമാകാതെ നിർവാഹമില്ല. വളരെ ചുരുങ്ങിയ അധികാരപരിധികളിൽ നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ സർവതോമുഖമായ പുരോഗതിക്കുവേണ്ടി അപരിമിതമായ കാര്യങ്ങൾ ചെയ്തുതീർക്കുക എന്നുള്ളത് വളരെ ദുഷ്ക്കരമായ സംഗതിയാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ ഉദ്ദേശിച്ച പ്രവത്തനങ്ങൾ ഒന്നുംതന്നെ പൂണ്ണമായി നടത്തുവാൻ സാധിച്ചിട്ടില്ല.

യൂണിയൻ ഉൽഘാടനത്തെതുടന്നുള്ള മാസങ്ങളിൽ അവകാശസമരങ്ങളുടെ വേ

ലിയേററംനിമിത്തം പലപ്പോഴായി വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിട്ടതു്കാരണം ഉദ്ദേശിച്ച പരിപാടികൾ നിർദ്ദിഷ്ടമായ സമയത്തോ രൂപത്തിലോ നടത്തുന്നതിനു് ഞങ്ങൾക്കു് കഴിഞ്ഞിട്ടില്ല എന്നുള്ളത് കററബോധത്തോടുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ.

യൂനിവേർസിററി അംഗീകരിച്ച ഭരണഘടനയുടെ പരിമിതിയ്ക്കുള്ളിൽനിന്നുമാത്രമേ പ്രവത്തിയ്ക്കാനാവൂ എന്നതിനാൽ വിദ്യാത്ഥികളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ഞങ്ങൾക്കു് സാധിച്ചിരുന്നില്ല അല്ലെങ്കിൽ കഴിയുമായിരുന്നില്ല. എന്നിരുന്നാലും വിദ്യാത്ഥികളുടെ കലാസാംസ്കാരികരംഗങ്ങളിലും അവരുടെ അവകാശസമരങ്ങളിലും നേതൃത്വം നൽകാൻ കോളേജു് യൂനിയൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ടു്.

ഈ വഷവസാനം നമ്മുടെ കോളേജിലുണ്ടായ സംഭവവികാസങ്ങൾ മററെല്ലാ പ്രവത്തനങ്ങളേയും തടസ്സപ്പെടുത്തിയപോലെ തന്നെ നമ്മുടെ കോളേജു്ഡേയും, ഫൈൻ ആർട്ട്സ്ഡേയും നടത്തുന്നതിനേയും തടസ്സപ്പെടുത്തി എന്നുള്ളതു് വളരെ വ്യസനസമേതം റിപ്പോർട്ടു് ചെയ്യട്ടെ. ഈ വസ്തുതികളും ഞങ്ങളുടെ കഴിവിന്നതീതമായിരുന്നതിനാൽ നിങ്ങളോടു് ക്ഷമാപണം ചോദിക്കയെല്ലാതെ മറെറാന്നും ഇത്തരുണത്തിൽ സാദ്ധ്യമല്ല എന്നുള്ളത് ഓമ്മപ്പെടുത്തട്ടെ.

ഈ വഷത്തെ കോളേജു്യൂനിയൻ പ്രവത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനു് വിദ്യാത്ഥികളിൽനിന്നും, അദ്ധ്യാപകരിൽനിന്നും വിശിഷ്യാ പ്രൊ: എ. പി. പി. നമ്പൂതിരിയിൽനിന്നും, ഓഫീസ്സ്റ്റാഫിൽനിന്നും കിട്ടിയ ഉപദേശങ്ങളും സഹായങ്ങളും നന്ദിപൂർവം സ്മരിച്ചുകൊണ്ടും അവക്കൊക്കെ നന്ദിരേഖപ്പെടുത്തിക്കൊണ്ടും ഈ റിപ്പോർട്ടു് അവസാനിപ്പിച്ചുകൊള്ളട്ടെ.

അഭിവാദ്യങ്ങളോടെ,

സി. പി. നാസർ

സെക്രട്ടറി, കോളേജു്യൂണിയൻ

177




177

# Farook College annual - 1977-78

# FAROOK COLLEGE ANNUAL
# 1978

## EDITORIAL BOARD


Prof: K. A JALEEL, *(Principal)*

,, A. P. P. NAMBOODIRI, *(Chief Editor and Editor Malayalam Section)*

Dr. K. R. SASIDHARAN PILLAI, *(Hindi)*

Sri U. MUHAMAD, *(English)*

,, M. MOIDEEN KUTTY, *(Arabic)*

,, SYED KHUDRATHULLA SAHEB, *(Urudu)*

,, K. T. SAID MOHAMAD, *(Student Editor)*

,, E. K. AHAMAD, *(Chairman)*

,, C. P. ABDUNNASAR *(Gen: Secretary)*

,, HAFEES MUHAMAD EBRAHIM, *(Member)*

Miss THARAMATHI PATEL, *(Member)*

# ദേവകന്യക

കെ. രാധാകൃഷ്ണൻ

അജന്താതശില്പത്തിനുയിരിയന്നൊന്നാകിൽ
അതുനിന്റെ തളിർമേനിയായിരിക്കും!
ആഷാഢമേഘങ്ങൾ കോരിയെടുത്താൽ.
അതുനിന്റെ ചുരുൾവേണിയായിരിക്കും!

കേൾക്കാത്ത മധുമയഗാനംനീ!
എഴുതാത്ത മോഹനകാവ്യംനീ!

അനുരാഗവർണ്ണങ്ങൾ ചാലിച്ചുചേർത്താൽ
അതുനിന്നിളം ചൊടിയായിരിക്കും!
ആയിരംതാരങ്ങളൊന്നിച്ചു ചേർന്നാൽ
അതുനിന്റെ നീർമിഴിയായിരിക്കും!

കാണാത്തകമനീയ സ്വപ്നംനീ!
വരയ്ക്കാത്തസുന്ദരചിത്രംനീ!

അസുലഭരത്നങ്ങളൊന്നിച്ചുമിന്നിയാൽ
അതുനിന്റെ പുഞ്ചിരിയായിരിക്കും!
ആനന്ദലഹരിയൊരംഗനയായാൽ
അതുപക്ഷേനീയെന്നലഹരിയാകാം!

വിവരണാതീത വികാരംനീ
വിഫലമായീടാത്ത സത്യംനീ!

......

# "ദുഖമുറങ്ങുന്ന തീരം"

അനിതാ പാലാക്കര

ഞാൻ. എൻെറ മുൻപിൽ കടൽ—കൊടും ഭീകരതയെ എങ്ങോ ഒളിപ്പിച്ചു വെച്ച് ശാന്തമായിക്കിടക്കുന്ന കടൽ—ഇവിടെ എനിക്കു് കൂട്ടുകാരായി കത്തിയുരുകുന്ന സൂര്യനും നിലയ്ക്കാത്ത കുറേ ഓർമ്മകളും മാത്രം!

—ഓർമ്മകൾ-അവ നൽകുന്ന നൊമ്പരങ്ങൾ—മനപന്തരങ്ങളായി ഈ മണ്ണിൽ അലിഞ്ഞുചേർന്ന കുറേ ഓർമ്മത്തെററുകൾ—ഇവിടെ ഞാൻ ഏകൻ, നിരാശ്രയൻ, ഭാഗ്യഹീനൻ.

"അനൂപ്, നീയെത്ര ഭാഗ്യവാനാണു്!"

—എന്നോ കേട്ടുമറന്ന ശബ്ദം-അതാരുടേതായിരുന്നു? അനൂപ് എന്ന വ്യവസായിയിൽ, അയാളുടെ എണ്ണമററ സമ്പത്തിൽ ഭാഗ്യത്തെ ദർശിച്ച പലരിൽ ഒരുവൻ. പക്ഷെ, അയാളറിയുന്നോ, തനിയ്ക്കെന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടത് ഭാഗ്യം-അതൊന്നു മാത്രമാണെന്നു്?

-എവിടെയെല്ലാം തേടി—പാർക്കുകളിൽ, ബീച്ചുകളിൽ—എന്തിനേറെ ചുവന്ന തെരുവുകളിൽ പോലും. എന്നിട്ടും തനിയ്ക്കത് കിട്ടിയോ?

—എന്നെന്നേയ്ക്കുമായി തനിയ്ക്കു നഷ്ടപ്പെട്ട നിമിഷങ്ങൾ- എന്തു വില കൊടുക്കാനും താൻ തയ്യാറായ ആ അനർഘനിമിഷങ്ങൾ.

"അനൂപ്, നിന്നെപ്പോലെ എത്ര സുന്ദരമാണു്, നിൻെറ ഹൃദയവും—"

—കടൽതീരത്തെ വെളിച്ചം കുറഞ്ഞ മൂലയിൽ വെച്ച് അവൾ പറഞ്ഞ വാക്കുകൾ—

—സിതാരാ! കണ്ണുകളിൽ നീലക്കടലിൻെറ അഗാധതയും, പുഞ്ചിരിയും ഒളിപ്പിച്ചു വെച്ച അവൾ—അവളുടെ ഒരു നോട്ടത്തിനുവേണ്ടി തപസ്സു ചെയ്യാനൊരുക്കമായിരുന്ന താൻ-

—പാർക്കുകളിൽ, ഹോട്ടലുകളിൽ അയാൾ തനിയ്ക്കൊരു ലഹരിയായി-അവളുടെ കണ്ണുകൾ, വശ്യതയുടെ ബാണങ്ങൾ ഒളിപ്പിച്ചുവെച്ച ആ കരിനീലക്കണ്ണുകൾ—അവയുടെ മായികതയിൽ ഒരു ഈയലിനെ പോലെ പറന്നടുത്ത താൻ—

—ഒരിക്കൽ അവളുടേതായ സൗരഭ്യം നിറഞ്ഞ ഒരു സന്ധ്യയിൽ ആ മുഖം പിടിച്ചുയർത്തി, താൻ പറഞ്ഞു,

''പെണ്ണേ, നിൻെറ ഈ കണ്ണുകൾക്ക വേണ്ടി, പ്രപഞ്ചത്തിലെ സകല സൗന്ദര്യവും ഒളിപ്പിച്ചുവെച്ച ഈ കരിനീലക്കണ്ണുകൾക്കുവേണ്ടി, ഞാനെൻേറതായ എല്ലാം ഉപേക്ഷിയ്ക്കാം–''

—അതു കേട്ടവൾ പൊട്ടിച്ചിരിച്ചു. ഉടഞ്ഞ കുപ്പിച്ചില്ലുകളെ അനുസ്മരിപ്പിയ്ക്കുമാറ് പൊട്ടിപ്പൊട്ടിച്ചിരിച്ചു. പിന്നെ മുഖത്തേക്ക വീണുകിടന്ന തൻെറ ചുരുണ്ടതലമുടി ഒതുക്കിവെച്ചുകൊണ്ടവൾ പറഞ്ഞു,

''അങ്ങയുടെ ഈ സ്നേഹം–അതുമാത്രം മതിയെനിയ്ക്കു്!''

—മററാരിക്കൽ, കത്തുന്ന വികാരങ്ങൾക്ക് വിചാരം വഴിമാറിക്കൊടുത്ത ഒരു നർഘനിമിഷത്തിൽ അവൾ പറഞ്ഞു.

"Nothing could seperate us except death, അനൂപ്, അങ്ങെന്നെ ഉപേക്ഷിക്കാതിരുന്നാൽ മാത്രം മതി''

—ആ വാക്കുകളുടെ മാധുര്യത്തിൽ മയങ്ങിയ താൻ–ലോകത്തിലെ ഏററവും വലിയ ഭാഗ്യവാനാണെന്നു കരുതി അഭിമാനിച്ചു!

—പ്രതീക്ഷകൾ തീർത്ത സ്വപ്നത്തിൻെറ കോവിലിൽ അവളെ പൂജിച്ചു–ദേവിയായി–തൻെറ ജീവിതം കാക്കുന്ന ശക്തിസ്വരൂപിണിയായി–

—കട്ടംനിറങ്ങൾ ചാലിച്ച്, മനസ്സിൻെറ ഭിത്തിയിൽ താൻ വരച്ച ചിത്രങ്ങൾ–അവയിൽ സ്വയം തളച്ചിട്ടു–പക്ഷെ, മോഹങ്ങളുടെ പൂവാടിയിൽ സ്വയമൊരു ശലഭമായ് പാറിനടക്കുമ്പോൾ, തനിയ്ക്കു് നഷ്ടപ്പെട്ടതെന്തായിരുന്നു?

മററാരെക്കാളുമധികം അവളെ മനസ്സിലാക്കിയെന്നഭിമാനിച്ച താൻ–സ്ത്രീയുടെ ജീവിതം ആദ്യന്തം ഒരഭിനയം മാത്രമാണെന്നു പറഞ്ഞ എല്ലീസിനെ വിഡ്ഢിയെന്നു വിളിച്ച താൻ–ഒടുവിൽ, അവളൊരു നിശാഗന്ധിയാണെന്നറിഞ്ഞപ്പോൾ, തന്നെപ്പോലെ മററു പലരുടേയും രാത്രികളിൽ സുഗന്ധം പരത്തുന്നവളാണെന്നറിഞ്ഞപ്പോൾ ഞെട്ടിപ്പോയില്ലേ?

പൊട്ടിത്തകർന്ന സ്വപ്നങ്ങളെ കെട്ടിപ്പിടിച്ചുകരഞ്ഞു–മറക്കാൻ ശ്രമിച്ചിട്ടും മായാത്ത ഓർമ്മകൾ–അവ ക്ഷണിക്കപ്പെടാത്ത അതിഥികളായെത്തി, നിരന്തരം ശല്യപ്പെടുത്തി–

പക്ഷേ താനതർഹിക്കുന്നില്ലേ? വർഷങ്ങൾക്ക മുൻപ് തനിയ്ക്കുവേണ്ടി, എല്ലാം ത്യജിക്കാൻ തയ്യാറായ പെൺകുട്ടി—

''അനുവേട്ടാ, അനുവേട്ടനുവേണ്ടി ഞാനെത്ര വേണമെങ്കിലും കാത്തിരിയ്ക്കാം—''

—വിതുമ്പുന്ന ആ ചുണ്ടുകൾ–ദീപാ–തൻെറ മുറപ്പെണ്ണ്–അവൾക്ക നൽകിയ എണ്ണമററ വാഗ്ദാനങ്ങൾ പക്ഷെ, ആ വാഗ്ദാനങ്ങൾ പാലിയ്ക്കാൻ തനിയ്ക്കു കഴിഞ്ഞോ?

''—എനിയ്ക്കിപ്പോൾ വിവാഹം വേണ്ട–ദീപയെ മററാരെക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കൂ–''

—വർഷങ്ങൾക്ക മുൻപ്, അമ്മാവനോടത് പറഞ്ഞപ്പോൾ വാതിലിനു പിറകിൽ നിന്നുകേട്ട തേങ്ങലുകൾ–എന്നിട്ടും അല്പം പോലും കുററബോധം തോന്നിയില്ല. മനസ്സിൽ സിതാരയായിരുന്നു–കരിനീലക്കണ്ണുകളിൽ മാദകഭംഗിയൊളിപ്പിച്ചുവെച്ച, സിതാരാ!

എന്നാൽ ഇന്നു ഞാനറിയുന്നു ദീപാ, നിന്നെ വഞ്ചിച്ചതിനെനിയ്ക്കു കിട്ടിയ ശിക്ഷ—നിന്നിൽ സ്വപ്നം വളർത്തിയതിനു്, ഒടുവിൽ അവയെ ചവിട്ടിമെതിച്ചതിനു്, എനിക്ക കിട്ടിയ ശിക്ഷ.

—അയാൾ വിതുമ്പി–കൈകളിൽ മുഖംപൊത്തിത്തേങ്ങി–ആ തേങ്ങൽ, ഉച്ചവെയിലിൽ, അലറാൻ തുടങ്ങിയ കടലിൻെറ ആരവത്തിൽ അലിഞ്ഞു ചേർന്നു.

# 'ലീല'യിലൂടെ

എം. കുഞ്ഞീൻകുട്ടി, പുല്ലഞ്ചേരി,

II BSc. Maths

മലയാള കവിതാസാഹിത്യത്തിനു് ഒരു പുതിയ ഭാവവും വേഷവും പകന്നു്, പൂർവ്വ കാവ്യസരണിയിൽനിന്നും തെല്ലകന്നു്, അനുവാചകക്കു് ആസ്വാദ്യമായ രീതിയിൽ മാററങ്ങൾ വരുത്തി കാവ്യഭാവനയെ ആവിഷ്ക്കരിക്കുകയാണു് കുമാരനാശാൻ തൻെറ കൃതികളിൽ ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിൻെറ എല്ലാ കാവ്യങ്ങളിലും ദർശിയ്ക്കാവുന്ന ഈ ഭാവ, വേഷപ്പകർച്ച 'ലീല'യിലും പ്രത്യക്ഷീഭവിച്ചുകാണാം. സ്നേഹവൈവിദ്ധ്യങ്ങളെ ആവിഷ്ക്കരിയ്ക്കാൻവേണ്ടി നിർമ്മിച്ച കുമാരനാശാൻെറ ഖണ്ഡകാവ്യമണിമാലയിലെ, ദർശകരുടെ ശ്രദ്ധയ്ക്കു് വിധേയമായ ഒരു മുത്താണു് 'ലീല'. ഈ മുത്തിനെക്കുറിച്ചു് കൂടുതൽ മനസ്സിലാക്കുന്നതു് അതിൻെറ മൂല്യനിർണ്ണയത്തിനു് സഹായകരമായിരിക്കും.

തുടക്കത്തിലെ നാടകീയത: ശ്രമസാദ്ധ്യമായ നാടകീയതയുടെ ചായം കലത്തൽ, 'ലീല'യുടെ തുടക്കം അത്യന്തം ഹൃദ്യമാക്കിയിരിക്കുന്നു. പ്രണയപാരവശ്യത്തിൽപ്പെട്ടു് ഗൃഹാരാമത്തിൽ 'ലതാവലയമിയന്ന നിലത്തു്' 'വീണ പൂങ്കുലപോലെ' കിടയ്ക്കുന്ന ലീലയോടൊപ്പം നമുക്കും,

'പ്രണയപരവശേ, ശുഭംനിന-
ക്കണരുക, ഉണ്ടൊരുദിക്കിൽ
നിൻപ്രിയൻ
ഗുണവതി, നെടുമോഹനിദ്രവി-
ട്ടുണരുക, ഞാൻ സഖി, നിൻെറ
'മാധ'

എന്നീ 'സരളമധുരമായ' വാക്കുകൾ കേട്ടുണരാം, 'ലീലയോ മാധവിയോ കവിയോ പറയുന്ന കഥകേൾക്കാൻ.

## ആരംഭത്തിനു്ശേഷം:

മാധവിയുടെ മേല്പദ്ധരിച്ച വാക്കുകേട്ടു് തിരിഞ്ഞുനോക്കുമ്പോൾ, മനോഹരമായ ഒരു പശ്ചാത്തലത്തിൽ വാടിക്കിടക്കുന്ന ലീലയെയാണു് നമുക്കവിടെ കാണാൻ കഴിയുന്നതു്. സ്വാഭാവികമായും അവളെക്കുറിച്ചറിയാൻ_അവളുടെ പ്രണയപാരവശ്യത്തെക്കുറിച്ചറിയാൻ-നമുക്കുത്സാഹം ജനിയ്ക്കാം. അങ്ങനെ, ക്രമാനുഗതമായി കഥാഗതി ആവിഷ്ക്കരിച്ചിരിക്കുന്നു, ആശാൻ. ആദ്യമായി സ്ഥലകാല വിവരണത്തോടു്കൂടി ലീലയുടെ പൂർവ്വകഥ കഥനംചെയ്യുന്നു, ആരംഭത്തിനുശേഷം.

## നായികാവർണ്ണനം

'അർത്ഥപാലകൻെറ' മകളായി ജനിച്ച ലീല വിദ്യയിലും ബുദ്ധിയിലും, അംഗകാന്തിയിലും മികച്ചവളായി വളന്നുവരുന്നു.

നായികയായ ലീലയുടെ വർണ്ണനത്തിൽ ആശാൻ തികച്ചും ഔചിത്യബോധം പാലിക്കു

ന്നുണ്ടെന്നു് നമുക്കു കാണാം. കാളിദാസ മഹാകവികൂടി സമാദരിച്ചുപോന്ന സ്ത്രീകളുടെ അംഗപ്രത്യംഗവർണ്ണന ആശാൻ തൻെറ കാവ്യങ്ങളിൽനിന്നൊഴിച്ചു നിർത്തിയിട്ടുണ്ടെങ്കിലും 'കരുണ'യിൽ അതു് തലയുയർത്തുന്നതു് കാണാം. ഏതായാലും, 'മുൺമയമീഭംഗുര ഭംഗിയാമുടലി'ന്നു് വില കല്പിക്കാത്ത 'മാംസനിബദ്ധമായ' കാമത്തിനു് പകരം ത്യാഗപവിത്രമായ പ്രേമത്തെ പ്രതിഷ്ഠിച്ച ഒരു കവി ഒരിക്കലും മങ്കമാരുടെ അംഗകാന്തി നഖശിഖാന്തം ഉററുനോക്കുന്നവനല്ല. ലീലാവർണ്ണനത്തിൽനിന്നുതന്നെ ഇതു മനസ്സിലാക്കാം. നോക്കു:

'അവികലമാനുഷരൂപമാധുരി' എന്നും

'സകുതുകമഥ മത്സരിച്ചുതാൻ
മികവൊടണഞ്ഞിതു ശൈശവം മുതൽ
പ്രകൃതിയവളെയംഗകാന്തിയാൽ,
സുകൃതിപിതാവുവിഭൂഷണങ്ങളാൽ'

എന്നും

'വിഭവമതു കണക്കെ വിദ്യ,യീ–
സുഭഗതശോഭനയൗവനാഗമം,
ശുഭഗുണയിവയിൽ ചരിക്കയാ–
യഭിമതവാപിയിൽ
മുഗ്ധഹംസിപോൽ'

എന്നും ലീലയെക്കുറിച്ചു് ഒരു 'ടോററൽ ഇമ്പ്രഷൻ' നൽകാനേ കവി മുതിർന്നിട്ടുള്ളു.

## ആദ്യത്തെ അസാംഗത്യം

'ലീല'യിലെ ലീല യൗവ്വനയുക്തയും സൗന്ദര്യമുഗ്ദ്ധയുമായി വളർന്നു വരുന്നു. എല്ലാംകൊണ്ടും അവൾ സമ്പന്നയാണ്. എന്നാലും, വിധിയുടെ ക്രൂരഹസ്തത്തിൻെറ പിടിയിൽനിന്നും അവൾ വിമുക്തയല്ല. കവിഭാഷയിൽ,

'ശരി, ഹതവിധിയായ മേഘമാ–
ന്നിരുളപരന്നിത, ലോകയാത്രയിൽ
മുറുകിവലിയ കോളു, കന്യയാം
ചെറുകളിവഞ്ചി കുടുങ്ങിയാടലിൽ'

എന്താണിതെന്നു് നമുക്കു് നോക്കാം. മകളെക്കൂട്ടി അകലേക്കു് യാത്രയായ അർത്ഥപാലകൻ യുവാവും, സമധനവംശനുമാണെന്നു കാരണംകൊണ്ടു്മാത്രം 'ലീലയെ, മററാരോടും ആലോചിക്കാതെ കമനനു് വിവാഹം കഴിച്ചുകൊടുക്കാൻ സമ്മതിക്കുന്നു! മാത്രമോ, വഴിക്കുവെച്ചുതന്നെ വിവാഹം നടത്തുന്നു! ചികഞ്ഞുനോക്കിയാൽ പതിഞ്ഞുപോകത്തക്കവണ്ണം അനൗചിത്യം ഇവിടെ കാണാം. ന്യായീകരണമൊന്നും നൽകാതെ, യാത്രയിൽ വഴിക്കുവെച്ചു് വിവാഹം നടത്തിയതു്, ഒരു സാഹസമായിപ്പോയി.

## ഭർത്തൃഘാതുകത്വം ലീലയ്ക്കോ?

'ലീല' എന്നു കേൾക്കുമ്പോൾതന്നെ 'ലീല ഭർത്തൃഘാതുകയോ?' എന്ന ചോദ്യം ഉയർന്നുവരത്തക്കവണ്ണം സാഹിത്യവിവാദങ്ങൾക്കു വിഷയീഭവിച്ച ഒന്നാണല്ലോ ലീലാ ഭർത്തൃമരണം. കുമാരനാശാൻെറ ത്യാഗപവിത്രമായ പ്രേമസങ്കല്പത്തെ ആവിഷ്ക്കരിക്കുവാൻ, ലീലയുടെ വിവാഹംപോലെത്തന്നെ, ലീലാഭർത്തൃമരണവും അനിവാര്യമത്രേ. എന്നാൽ കഥയൊപ്പിക്കാൻവേണ്ടി കവി ഈ കൊല നടത്തി എന്നു് പറയുന്നതിനോടു് പൂർണ്ണമായും യോജിക്കാമെന്നു് തോന്നുന്നില്ല. ആശാൻെറ ലീലാകാവ്യരചനയുടെ ലക്ഷ്യം കുടികൊള്ളുന്നതു് ലീലാഭർത്തൃമരണത്തെ വിവരിക്കലിലല്ല; ഭർത്തൃമരണാനന്തരമുള്ള ലീലാമദനന്മാരുടെ സംഗമത്തിലും, അവരുടെ മണ്ണിൽ മുളച്ച പ്രേമവല്ലി വിണ്ണോളമെത്തി സാഫല്യമടയുന്നതിലും, അങ്ങനെ മാംസനിബദ്ധമല്ലാത്ത രാഗത്തെ അരക്കിട്ടുറപ്പിക്കുന്നതിലുമാണു്. എന്നാൽ ഒരു കഥാപാത്രത്തിൻെറ മരണം അതേപ്പററി ഒന്നും പറയാതെ–ആ പാത്രത്തിനു് കഥയിലൊരു പ്രധാനസ്ഥാനമുണ്ടായി

രിജ്ഞ-വിട്ടുകളയുന്നതും ശരിയല്ല. നിഷ്ഠയിൽ നില്ക്കുന്ന (?) ലീലയുടെ പ്രണയജമായ അഴൽ പരമകാഷ്ഠയിലെത്തുന്നു. ഈ അവസരത്തിൽ കൂടുതൽ വിപത്തു് സഹിക്കാൻ അശക്തയാണിവളെന്നു് വെച്ചു് വിധിയാണു് ലീലാഭർത്താവിനെ കൊന്നതു് എന്നു് വരുത്തുന്നു. പോരെങ്കിൽ,

'യുവതയെവിടെ? ജന്തുവിന്നഹാ!
വിവൃതകവാടയനാരതം മൃതി'

പിന്നെന്തിനു കൂടുതൽ ചിന്തിക്കുന്നു. സ്വന്തം ഭർത്താവിനെ കൊല്ലാൻമാത്രം ഹൃദയകാഠിന്യമുള്ളവളായിട്ടല്ല ആശാൻ ലീലയെ അവതരിപ്പിച്ചിട്ടുള്ളതു്. ഇഷ്ടമില്ലാത്ത ഭർത്താവിൽ 'കൃപാർദ്ര'യായവളാണവൾ.

ഭർത്തൃമരണാനന്തരം സ്വഭവനത്തിലെത്തിയ ലീലയെ സ്വാഗതം ചെയ്യുന്നതു് അച്ഛനമ്മമാരുടെ മരണവാർത്തയാണു്. ധനത്തിനും ജീവനും തുല്യം അവളെ സ്നേഹിച്ച അർത്ഥപാലകൻ 'ധരണിവെടിഞ്ഞൊരു മാസമായിട്ടും' അവളറിയാതെ പോയതു്—അവളെ അറിയിക്കാഞ്ഞതു്—ആ മരണം 'അനപത്യമതാം കുലത്തിനും, മനമെത്താത്ത മഹാധനത്തിനും ഏകനാഥ'യാക്കിയവളെ എന്നു് കൂടിരുവമ്പോൾ അയുക്തം തന്നെയാണു്. ആപത്തു വരുമ്പോൾ കൂട്ടത്തോടെയാണല്ലോ. പിന്നെയവൾ കേൾക്കുന്നതു് തന്റെ പ്രിയൻ അവിടംവിട്ട കഥയാണു്. സ്ഥിരശീലയായ അവൾ തന്റെ തോഴിയായ മാധവിയെ മദനാന്വേഷണത്തിന്നയക്കുന്നു. മാധവി തിരിച്ചുവന്നു 'ഉണ്ടൊരുദിക്കിൽ നിൻപ്രിയൻ' എന്നു പറയുന്നിടത്താണല്ലോ കാവ്യാരംഭം.

## ആശാന്റെ പ്രേമസങ്കൽപം

മാധവിയിൽനിന്നു് മദനവാർത്തകളറിഞ്ഞ ലീല ഒരു കില്ലിനിവേണ്ട, ദൂരവും നിരൂപിക്കേണ്ട' എന്നു പറഞ്ഞു് മദനനരികിലേക്കു് യാത്രയ്ക്കൊരുങ്ങുന്നു. എന്നാൽ പ്രായോഗികബുദ്ധിയായ മാധവി ലീലയെ തടയാൻ ഒരു വിഫലശ്രമം നടത്തുന്നു. അതിനെ മറുത്തുകൊണ്ടുള്ള ലീലയുടെ,

'അറിയും ജനനീതിസീമയെ—
ത്തിറമായ്ക്കാക്കുമപൂർണ്ണരാഗികൾ;
നിറയുംരതി, ലോകസംഗ്രഹം
കുറിയാക്കാ, സഖി കൂസലാർന്നിടാ'

എന്നും

'ഉടലോർക്കുക ബാഹ്യമായതിൽ
തടവുംലോക മതീവബാഹ്യമാം,
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി!
ദേഹികൾ?'

എന്നുമുള്ള വാക്കുകളിൽ ആശാന്റെ പ്രേമസങ്കല്പം മൊട്ടിട്ടുനില്ക്കുന്നതു് കാണാം. അന്ത്യഭാഗത്തു് ലീലാമദനന്മാരുടെ തിരോധാനത്തിനു് ശേഷം അശക്തയും നിരാലംബയുമായിക്കിടക്കുന്ന മാധവിക്കു് പ്രത്യക്ഷീഭവിക്കുന്ന രണ്ടാളുകളുടെ,

“ആരുംതോഴീ!യുലകിൽ മറയു—
ന്നില്ല; മാംസംവെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതൻ ദേഹബന്ധം
..............................”

എന്ന വാക്കുകളിലൂടെ ആശാന്റെ പ്രേമസങ്കല്പം പൂവിടുന്നു.

## പ്രണയതീവ്രത

ഭർത്തൃമതിയായി കഴിയുന്ന ലീലയിൽ 'പ്രണയജമാമഴൽ' പരമകാഷ്ഠയിലെത്തുന്നുണ്ടു്. ലീലാമാധവീസംവാദത്തിൽ ലീലയുടെ വാക്കുകളിലൂടെ ആശാൻ ആ സ്നേഹത്തിന്റെ തീവ്രത കാണിച്ചിട്ടുണ്ടു്. 'ഗുരുജനവചനം, കുലക്രമം, തരുണികൾ തന്നുടെയസ്വതന്ത്രത' ഇവമൂലം തന്റെ കാമിതം മ

റച്ചുവെച്ച ലീലയിലെ സ്നേഹതീവ്രത,

'മുമ്പിതേലുകിൽ–ത്രപവിട്ടിവൾ
ചെയ്യുമായിത–
ന്നപരോക്ഷം പ്രിയഹസ്തപീഡനം'

അതിനുമാത്രം വളന്നിരിക്കുന്നു.

എന്നാൽ താളവും മേളവും ഒത്തിണങ്ങിയപോലെ, മദനനെത്തിരഞ്ഞു് വനത്തിലെത്തിയ ലീലയുടെ പ്രവർത്തനത്തിലൂടെയും പാശ്ചാത്തല വർണ്ണനത്തിലൂടെയും ആ പ്രണയതീവ്രത ഹൃദയത്തിനു് കുളുർമ്മനൽകുമാറു്, മനസ്സിൽ പച്ചപിടിപ്പിച്ചുനിൽക്കുമാറു് ആശാൻ വർണ്ണിച്ചിരിക്കുന്നു. 'അതിമോഹനം വനത്തിൽ' 'ഉലകുതരുന്ന വിഭിന്ന കുതൂഹല' ത്തിന്നിടയിലൂടെ, ചമ്പകഗന്ധം മുകന്നു്, ചമ്പകപ്രിയനായ തന്റെ പ്രിയൻ സമീപത്തിലെത്തിയിരിക്കുന്നെന്ന മനോബോധത്തോടെ, നടന്നടുക്കുംതോറും അവളിൽ ആനന്ദലഹരി കളിയാടി. തന്റെ പ്രിയനു്വേണ്ടി പ്രകൃതിക്കൊത്തവണ്ണം അവൾ അണിഞ്ഞൊരുങ്ങി അപ്പോൾ,

'പ്രിയമൊഴിവനദേവരോതിടുംപോൽ
സചയമഥപൊങ്ങികപോതഹൃത
ഘോഷം,'
പ്രിയനുടെ കഥപോൽപ്രവൃദ്ധരാഗം
കുയിലുകൾപാടി കുഹൂ കുഹൂ നിനാദം'
അവളിലെ പ്രണയതീവ്രത
ആളിക്കത്തുകയാണു്.
''വരികഹൃദയനാഥ, വൈകികാ
ണ്മാൻ''
അവശതപെരുകുന്നു, നിന്നെനീയി–
ന്നെവിടെ മറയ്പതു? നാഥ, ഞാൻ
വലഞ്ഞു''

തുടങ്ങിയ അവളുടെ ആന്തരഹൃത്തിൽ നിന്നുയരുന്ന ദീനരോദനമാണു്. ശബ്ദമുഖരിതമായ വനത്തിലലയടിക്കുന്ന ആ നേത്തനാദം ആ രോദനത്തിന്റെ തീവ്രതയിൽ വനം നിശ്ചലമായി 'മേളം ഝടിതിനിറുത്തിയ രാഗഭൂമിപോലെ'. അതാ, അവൾ ന്റെ പ്രിയൻ. അവൾ പാഞ്ഞടുത്തു. ..സ്ഥിരശേഷനായ അവനെ തന്റെ കരവലയത്തിനുള്ളിലാക്കി, തലോടി ഉമ്മവെച്ചു. 'പൈതലെ അമ്മയെന്നപോലെ'. 'വികലാത്മാ'വായ മദനൻ നോക്കുമ്പോൾ, അവൻ തന്റെ പ്രിയയുടെ കരവലയത്തിനുള്ളിലാണു്. ഓ, തന്റെ പ്രിയ! താൻ ജീവിതം മുഴവൻ അനുഷ്ഠിച്ച വ്രതത്തിന്റെ ഫലം! അവനാ മോഹനമുഖാബ്ജമൊന്നു മുകന്നു. അവർ ജന്മസാഫല്യം നേടി. അടുത്ത നിമിഷം അവളെവിട്ടു, അവൻ ഭീതനെപ്പോലെ വനത്തിലേക്കോടി. രേവാനദിയിലേക്കെടുത്തുചാടി; പിന്നാലെ അവളും. അങ്ങനെ അവരുടെ ആത്മാക്കൾ ഏകീഭാവം പൂണ്ടു.

## ആശാൻ, 'ലീല'യിലൂടെ

'ലീല'യെമാത്രമവലംബിച്ചു് ആശാൻ അങ്ങനെയാണു്, അല്ലെങ്കിലിങ്ങിനെയാണു് എന്നൊരു തീരുമാനത്തിലെത്തുന്നതു്, മത്തേഭത്തെ സ്പർശിച്ചു് വാഗ്വാദം നടത്തിയ അന്ധരുടെകൃത്യംപോലെ, മൗഢ്യമാണു്. എന്നാലും ആനക്കു് വാലുണ്ടു്, കാലുണ്ടു്, കാതുണ്ടു് എന്നൊക്കെപ്പറഞ്ഞാൽ അതിൽ അവാസ്തവം തെല്ലുമില്ല. അതു്കൊണ്ടു്തന്നെയാണു് ഭാഗികമായെങ്കിലും ആശാനെ 'ലീല'യിലൂടെ കാണാൻ ശ്രമിക്കുന്നതു്.

ആശാന്റെ മിക്ക കവിതകളിലും പ്രതിഫലിച്ച സ്നേഹഗായകത്വം 'ലീല'യിലും കാണാം. മാധവിയിലൂടെ ആശാൻ പറയുംപോലെ,

'അറികില്ലനുരാഗമേറെയാ—
ളറിവോർ തെററിടുമൊക്കെയൊക്ക
കിൽ
നിറവേറുകയില്ലകാമിതം
കുറയും ഹാ! സഖി, ഭാഗ്യശാലികൾ'

ഇതാണ് ലോകത്തിലെ അവസ്ഥ. എന്നാൽ ആശാൻെറ സ്നേഹസങ്കല്പമതല്ല. കേവലം അംഗകാന്തിയോ, ലൈംഗികാകർഷകതയോ അല്ല; ആത്മാക്കളുടെ ബന്ധമാണ്. ശരീരനാശത്തോടുകൂടി ആ ബന്ധം അവസാനിക്കുന്നില്ല. ശരീരത്തിൽനിന്നടലെടുത്ത ആ ബന്ധം, ശരീരത്തെ പുറം തള്ളി, ആത്മാക്കളുടെ ഏകീഭാവത്തോടെ അലൗകികതയിലും തുടന്നുപോകും.

'ആശയഗംഭീര'നെന്ന വിശേഷണവിധേയനായ ആശാൻെറ തത്വചിന്തയും ജീവിതവീക്ഷണവും 'ലീല'യിലും നിഴലിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ ആശയഗാംഭീര്യം കഥാഗതിയിൽ ഏച്ചുകൂട്ടിയപോലെ, മുഴച്ചിരിക്കുന്നില്ല. ശ്രീ ജോസഫ്മുണ്ടശ്ശേരി സൂചിപ്പിച്ചപോലെ, 'കഥയ്ക്കും കഥാപാത്രങ്ങൾക്കും വായനക്കാർക്ക് വൈകാരികാനുഭൂതി ഉണ്ടാവുംവണ്ണം മജ്ജയും മാംസവും നൽകാൻ പ്രയോജനപ്പെട്ടിട്ടുള്ള ആശയങ്ങളും കല്പനകളു'മാണവ. ലീലയെ പരിചയപ്പെട്ട ഒരാൾക്ക്, മദനനെത്തിരഞ്ഞ് കാട്ടിൽ മാധവിയോടൊപ്പം നടക്കുന്ന ലീല,

'കരുതുവതിഹ ചെയ്യുവയ്യ, ചെയ്വാൻ
വരുതിലഭിച്ചതിൽനിന്നിടാവിചാരം
പരമഹിതമറിഞ്ഞുകൂടാ; യായു
സ്ഥിരതയുമി,– ല്ലതിനിന്ദ്യമീനരത്വം!

എന്നാക്ഷേപിക്കുന്നത് സ്വാഭാവികമായി മാത്രമേ തോന്നുകയുള്ളൂ.

'യുവജനഹൃദയം സ്വതന്ത്രമാ–
ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ'
'പരിണാമിമനുഷ്യജീവിതം
സ്ഥിരമാം സ്നേഹമനാഥമൂഴിയിൽ'
'വിധിവിവശസുഖം സ്വദിക്കുവാൻ
മതിയും, മർത്ത്യനുനൽകിരാഗവും.
രതിയാലസമീക്ഷ്യകാരിയാം
സുധി, ധാതാവെയനാദരിക്കയാം'

എന്നിങ്ങനെയുള്ള സൂക്തികൾ ലീലയിലങ്ങോളമിങ്ങോളം, ധാരാളമായി, കഥാബാഹ്യമായി തോന്നാതിരിക്കത്തക്കവിധത്തിൽ നിബന്ധിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള ഗഹനചിന്തയും, ആശയഗാംഭീര്യവും ഉൾക്കൊള്ളുന്ന ഒരു കൃതി എന്നതിലേറെ, ഭൂമിയിൽനിന്നടലെടുത്ത് അഭൗമികമായ മണ്ഡലത്തിൽ പടന്ന് സഫലമാകുന്ന, അതേവരെയുള്ള സങ്കല്പത്തിൽ നിന്നും വിഭിന്നമായ, ആശാൻെറ പ്രേമസങ്കല്പത്തെ ആവിഷ്കരിയ്ക്കാനാണ് 'ലീല'യിലൂടെ അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. അതിൽ ആശാൻ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

# മന്ദഹാസം


അബ്ദുറഹിമാൻ കെ.

III B. Sc.


ഓർക്കുന്നു ഞാനെൻപ്രിയെ, ജീവിതപ്പുലരിയിൽ
നോക്കിനീയിക്കരെയ്ക്കു വന്നുചേർന്നതിൻമുന്നം
ലളിതംഗാനസാരമൊഴുകും രക്തത്തോട്ട-
മിളകുംവികാരങ്ങൾ തന്നൊഴുക്കിലോ നിന്നു?
അല്ലെങ്കിൽ, മന്ദാരവും മുല്ലയുമല്ലിത്താരു-
മുല്ലസിക്കുന്നവാനോർവാടിമാർഗ്ഗമോ പോന്നു?
പോരുമ്പോൾമെയ്യിൽവീണ പൂക്കൾനിന്നുള്ളിൽ പൂക്ക
ചാരുഹാസമായ്പ്പിന്നെപ്പുറത്തു വന്നതാവാം.
ആനന്ദസഞ്ചാരത്തിങ്കൽ പദങ്ങൾമുങ്ങിപ്പോയ
ഗാനംനിൻചിരി, കാണാപ്പൂവ്വിൻെറ സുഗന്ധമോ?
പാതിരച്ചന്ദ്രൻ മനോവ്യോമത്തിൽപ്പൊങ്ങി നിൽക്കേ
സ്ഫീതമായ്ത്തവമണി വായ്മലർവാതായനം-
തന്നത്താൻതുറന്നുടൻ പുറത്തുപൊഴിയുന്ന
ചന്ദ്രികയാമോ നിൻെറ ചടുലസ്മിതംഭദ്രേ!
അല്ലെങ്കിൽചോദ്യമെന്തി,നെന്നു ഞാനറിയുന്നി
തുല്ലാസചൈതന്യത്തിൻ വിലാസംഗൂഢഹാസം!

# മതം: മാനവരാശിക്ക് ഒഴിച്ചുകൂടാൻ പററാത്തതു്!

അബ്ദുൽഗഫൂർ കെ. I B. A. കാരാട്.

മനുഷ്യജീവിതത്തിൽ വഴികാണിക്കുവാൻ മനുഷ്യന്റെ ബുദ്ധിക്ക്കഴിവുണ്ടോ?– അവൻ സ്വയം പര്യാപ്തനാണോ?–വ്യക്തിക്ക് കഴിവില്ലെങ്കിൽ അവന്റെ സമൂഹത്തിന് കഴിവുണ്ടോ?–മനസ്സാക്ഷിയും ജന്മവാസനയും അവന്ന് മാർഗ്ഗദർശകമാണോ? ഒരു നിമിഷം നാം പിന്നോട്ടൊന്ന് തിരിഞ്ഞുനോക്കുക. മനുഷ്യജീവിതത്തിന് വെളിച്ചം കാണിക്കുവാൻ ഇവക്കൊന്നും കഴിവില്ല എന്ന് അപ്പോൾ നമുക്കു മനസ്സിലാക്കാൻ പററും.

മനുഷ്യബുദ്ധിയുടെ കഴിവ് പരിമിതമാണ്. അവൻ സ്വയം സംതൃപ്തനല്ല. അവന്റെ ബുദ്ധി, പലപ്പോഴം അവന്റെ വികാരങ്ങൾക്കടിമപ്പെടുന്നു. മനുഷ്യബുദ്ധിയിൽ നിന്ന് ഉടലെടുക്കുന്നതാണ് സയൻസ് അഥവാ ശാസ്ത്രം. എന്നാൽ "ശാസ്ത്രം" അതു് കാലഘട്ടങ്ങൾക്കനുസൃതമായി, പല ശാസ്ത്രജ്ഞന്മാരുടെയും ബുദ്ധിക്കനുസൃതമായി, മാറിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. ഉദാഹരണമായി, പത്തൊമ്പതാംനൂററാണ്ടിൽ, ശാസ്ത്രത്തിന്റെ വിഹാരരംഗമായ ഭൗതികലോകത്തിലെ ഭൗതികവസ്തുക്കൾ മുഴവനും, അതിവിശാലമായ അന്തരീക്ഷത്തിൽ, നിർജ്ജീവമായ ഒരു ജഡമെന്നനിലക്ക് സ്ഥിതിചെയ്യുകയാണെന്നും അതിൽ നടന്നുകൊണ്ടിരിക്കുന്ന ചലനങ്ങൾ കേവലം യാന്ത്രികങ്ങളാണെന്നും, അന്ധമായ പ്രകൃതിയാണ് ഈ ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു് എന്നുമായിരുന്നു സയൻസിന്റെ നിഗമനം. എന്നാൽ പത്തൊമ്പതാം നൂററാണ്ടിലെ സർവ്വസമ്മതമായിരുന്ന, ശാസ്ത്രീയസിദ്ധാന്തങ്ങൾ പലതും തെററായിരുന്നു എന്ന് വിളംബരം ചെയ്തുകൊണ്ടാണ് ഇരുപതാം നൂററാണ്ട് രംഗപ്രവേശം ചെയ്യുന്നതു്. 20–ാംനൂററാണ്ടിലെ ശാസ്ത്രജ്ഞർ ഏററവും ആദ്യം തിരുത്തിയതു് ഭൗതികവസ്തുക്കളുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ്. ഭൗതികവസ്തുക്കൾ ഉറച്ചതോ ഘനമുള്ളതോ ആയിരിക്കുമെന്നു പത്തൊമ്പതാം നൂററാണ്ടിന്റെ ഭൗതികസിദ്ധാന്തം. ഏതൊരു ഭൗതികവസ്തുവും ഉറച്ചതോ, ഘനമുള്ളതോ (inert and solid) അല്ല എന്ന് 20–ാംനൂററാണ്ടിന്റെ കണ്ടുപിടുത്തത്താൽ പുറന്തള്ളപ്പെട്ടു. സാങ്കേതികമായി അതിനെ മാററർ എന്ന് പറയാൻ പാടില്ല എന്നും മറിച്ച് എല്ലാ ഭൗതികവസ്തുക്കളും തന്നെ electronsന്റെ ഓരോ സമൂഹങ്ങളാണ് എന്നും അവ സദാ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു എന്നും ഉള്ള നിഗമനത്തിലെത്തി. ചുരുക്കത്തിൽ ഭൗതികവസ്തുക്കളെന്ന് പറയപ്പെടുന്നതെല്ലാം തന്നെ ചില ശക്തികളുടെ സമൂഹങ്ങളാണെന്ന് തെളിയിക്കപ്പെട്ടു. "സാധനം" എന്ന് പറയുന്നതെല്ലാംതന്നെ യഥാർത്ഥത്തിൽ വെറും ശക്തിമാത്രമാണെന്നർത്ഥം. യഥാർത്ഥത്തിൽ ഭൗതികലോകം ഭൗ

തികലോകമല്ലെന്നർത്ഥം. പ്രമുഖശാസ്ത്രജ്ഞനൻ സാമുവൽ പറയുകയുണ്ടായി. പ്രപഞ്ചത്തെക്കുറിച്ചുള്ള (ഭൗതിക സങ്കല്പത്തെക്കാൾ) ആത്മീയസങ്കല്പമാണ് കൂടുതൽ അനുയോജ്യമായിരിക്കുക എന്ന്.

## ലക്ഷ്യബോധമില്ലായ്മ

ഇങ്ങിനെ വിവിധ കാലഘട്ടങ്ങളിൽ, വിവിധ ശാസ്ത്രജ്ഞന്മാരിൽനിന്ന്, വിവിധ തരത്തിലുള്ള നിഗമനങ്ങൾ എല്ലാ മണ്ഡലങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രം അതിൻെറ ഉച്ചകോടിയിലെത്തിയ പാശ്ചാത്യരാഷ്ട്രങ്ങൾ, യുക്തിക്കും, യുക്തിവാദത്തിനും പ്രാധാന്യം നൽകി. സയൻസ് ക്രമാതീതമായി പുരോഗമിക്കുകയും, അത്ഭുതാവഹമായ പല നേട്ടങ്ങളും കൈവരുത്തിക്കൊടുക്കുകയും ചെയ്തപ്പോൾ, പാശ്ചാത്യലോകം അതിൽ വളരെയധികം ഭ്രമിച്ചുപോയി. സയൻസിനെ ദൈവത്തിൻെറ പദവിയിലേക്കുയർത്തിവെച്ച് ആരാധിക്കാൻ തുടങ്ങി. ശാസ്ത്രത്തിൽമാത്രം മോക്ഷം കണ്ടെത്താൻ ശ്രമിച്ചു. "സുപ്രസിദ്ധശാസ്ത്രജ്ഞൻ ബർട്രൻറ്റസ്സൽ പറയുകയുണ്ടായി: "ഒരു മനുഷ്യന് ഉൽകൃഷ്ടജീവിതം നയിക്കണമെന്നുദ്ദേശമുണ്ടെങ്കിൽ, അവൻ അവൻെറ ആചാരങ്ങളെയും, വിശ്വാസസിദ്ധാന്തങ്ങളേയും വിമർശനദൃഷ്ടിയോടെ വീക്ഷിക്കണം" ഇങ്ങിനെ ഭൗതികസിദ്ധാന്തങ്ങളിൽ ഭ്രമിച്ചുപോയ പാശ്ചാത്യർ അതിനനുസൃതമായി മുമ്പോട്ട് പോയി. സയൻസിൻെറ വിഹാരരംഗമായ അമേരിക്കയെപ്പോലുള്ള രാഷ്ട്രങ്ങളിലെ മനുഷ്യർ വെറും ലക്ഷ്യബോധമില്ലാത്തവരായിത്തീർന്നു.

അമേരിക്കയെക്കുറിച്ച് Lewis Mumford പറയുകയുണ്ടായി. "അമേരിക്കയിൽ നാം ഒരു തലമുറയെ സൃഷ്ടിച്ചിട്ടുണ്ട്. അവക്ക് വളരെ ശക്തിയുണ്ട്; സൗന്ദര്യമുള്ള ശരീരവും! പക്ഷെ മനസ്സിൽ യാതൊന്നുമില്ല; ജീവിതത്തിന് യാതൊരു ലക്ഷ്യവുമില്ല, പരിഷ്കരിച്ച കാട്ടുമൃഗങ്ങളുടെ നിലവാരത്തിലാണ് ഇവർ ജീവിതം നയിച്ചുവരുന്നത്; ചിലപ്പോൾ അവർ സൂര്യസ്നാനം ചെയ്യുന്നു, ചിലപ്പോൾ സമുദ്രക്കരയിൽ, അല്ലെങ്കിൽ മുറിക്കകത്തുള്ള ലാമ്പിൻെറ മുമ്പിൽ, ചിലപ്പോൾ നാണമില്ലാതെ "കാമവികാരങ്ങളോടെ നൃത്തംവെക്കുന്നു." ഈ കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ടദ്ദേഹം തുടരുന്നു. "ജീവനും തൻേറടവുമുള്ള ഒരു മനുഷ്യൻ ഇന്നത്തെ ലോകത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു ലോകത്തിൽ ഒരു സെക്കൻറ് നേരമെങ്കിലും ജീവിക്കാൻ ഇഷ്ടപ്പെടുകയില്ല."

നമുക്ക് ഒരു ഉന്നതലക്ഷ്യം ഉണ്ടായിരിക്കണം. ആ ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗവും, അങ്ങിനെ ആ മാർഗ്ഗത്തിലൂടെ യാത്രചെയ്തു ലക്ഷ്യപ്രാപ്തിയിലെത്തുമ്പോഴാണ് നാം പുരോഗമിക്കുന്നത്. മറിച്ച് ലക്ഷ്യബോധമില്ലാതെ, ശാസ്ത്രത്തിലൂടെയുള്ള പുരോഗതി മനുഷ്യജീവിതത്തിൽ പലപ്പോഴും അസംതൃപ്തിയുളവാക്കുന്നു." ഇതുതന്നെയാണ് പാശ്ചാത്യരാഷ്ട്രങ്ങളിൽ സംഭവിച്ചുകൊണ്ടിരുന്നത്. ശാസ്ത്രം അതിൻെറ ഉത്തുംഗദശയിലെത്തിയ രാഷ്ട്രങ്ങളിൽ ഓരോ ഇരുപത് മിനുട്ടിലും ഒരാളെങ്കിലും ആത്മഹത്യചെയ്യുന്നുണ്ട് എന്നാണ് മനസ്സിലാകുന്നത്. ഇതിന് കാരണം മനുഷ്യൻെറ ലക്ഷ്യബോധമില്ലായ്കയും, ഈ ലോകത്തോട് തന്നെ അവനുള്ള വെറുപ്പുമായിരിക്കും എന്നു പറഞ്ഞാൽ തെററായിപ്പോകുന്നില്ല.

## ചിലവിശ്വാസങ്ങൾ ആവശ്യം

ഇങ്ങിനെ സയൻസിൽ ഭ്രമംപൂണ്ട് കുറെമുമ്പോട്ട് പോയപ്പോഴാണ് അപകടം മനസ്സിലായത്. ഉടനെ അവർ ഞെട്ടി സ്തംഭിച്ചു. "മനുഷ്യൻ മഹാമൂഢനും," ധൃതിക്കാരനുമാണെന്ന" പരിശുദ്ധ ഖുർആൻെറ പ്രസ്താവന അവർക്കനുഭവബോദ്ധ്യമായി. ഇപ്പോൾ അവർ പിന്നോട്ടു തിരിഞ്ഞുനോ

ക്കാൻ ശ്രമിക്കുന്നുണ്ട്. സമാധാനമാർഗ്ഗവും, രക്ഷാസങ്കേതവും അന്വേഷിച്ചുകൊണ്ട് പരക്കം പായുന്നു. ഇന്നിക്കാണുന്നതല്ലാത്ത മറ്റൊരു ജീവിതവ്യവസ്ഥ കണ്ടു പിടിച്ചില്ലെങ്കിൽ മനുഷ്യർ ക്ഷണം നാശമടയും എന്ന് അവർ ഭയപ്പെടാൻ തുടങ്ങി. ഇതിന്ന് ഉദാഹരണമായി പാശ്ചാത്യചിന്തകരുടെ വാക്കുകൾ തന്നെ പരിശോധിക്കാം.

പ്രഫസർ ജോഡ് പറയുന്നു: "ഇന്ന് യന്ത്രങ്ങൾമനുഷ്യന്ന്അസാധാരണകഴിവുകൾ നേടിക്കൊടുത്തിട്ടുണ്ട്. പലതും നിർമ്മിക്കാനും നശിപ്പിക്കാനും അതിന്ന് കഴിയും. ഇതുപയോഗിച്ച് സമുദ്രജലത്തെ തുളച്ച് മുമ്പോട്ട് പോവാനും, പർവ്വതങ്ങളെ കഷ്ണംകഷ്ണമാക്കാനും കഴിയും. പക്ഷെ ഈ അപാരമായ ശക്തിയുണ്ടായിട്ടും അവന്ന് സുഖമില്ല, സമാധാനമില്ല, അവൻ കൂടുതൽ ദുഃഖിതനാണ്. അതുകൊണ്ട് യന്ത്രങ്ങൾ മുഖേന ലഭിച്ച ശക്തി നിയന്ത്രണാധീനമാക്കിവെക്കാൻ മററു വല്ല മാർഗ്ഗവും കണ്ടുപിടിച്ചില്ലെങ്കിൽ മനുഷ്യൻെറ പരിണാമം നന്നായിരിക്കുമെന്ന് തോന്നുന്നില്ല."

"മനുഷ്യഹൃദയം ഏതെങ്കിലുമൊരു വസ്തുവിൽ വിശ്വസിക്കുവാനും, പ്രേമം അർപ്പിക്കുവാനും, നിർബ്ബന്ധമാണ്" എന്ന് പ്രസിദ്ധ ശാസ്ത്രജ്ഞൻ വാസ്ക്കാൾ പറയുന്നു.

മെയ്സൺ പറയുന്നു: "മനുഷ്യന്ന് ചില സിദ്ധാന്തങ്ങളിൽ വിശ്വാസമുറപ്പിക്കാതെ ജീവിതം നയിക്കുവാൻ സാധിക്കുമെന്ന് വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അവർ ഇന്നത്തെ യുവജനങ്ങളുടെ സ്ഥിതി സൂക്ഷിച്ചുനോക്കേണ്ടതാണ്. വിശ്വാസത്തെ അടിയുറപ്പിക്കേണ്ടതിന്ന് എന്തെങ്കിലും സിദ്ധാന്തങ്ങൾ കിട്ടിയെങ്കിലോ എന്ന് വെച്ച് അസ്വസ്ഥചിത്തരായി ചുററിത്തിരിഞ്ഞുകൊണ്ടിരിക്കയാണ് യുവാക്കൾ ഇന്ന് ചെയ്യുന്നത്."

"ലോകത്തിന്ന് അടിയന്തിരമായി ഒരു മതം ആവശ്യമായിരിക്കുന്നു. മനുഷ്യൻ (എപ്പോഴും) ദുഷ്ടജന്തുക്കളെപ്പോലെ ഇരിക്കുകയില്ല. അവയുടെ ജീവിതലക്ഷ്യം വെറും ഭൌതികാവശ്യങ്ങൾ നിറവേററി തൃപ്തിയടയൽ മാത്രമായിരിക്കും. മനുഷ്യപ്രകൃതിയുടെ അടിത്തട്ടിലാകട്ടെ ആത്മീയ പരിശ്രമം ഒളിഞ്ഞുകിടക്കുന്നുണ്ട്," (സാമുവൽ)

"എല്ലാ ചർച്ചകളും, മതം മുഖേന ഒരു സാർവ്വലൗകികസാഹോദര്യം നടപ്പിൽ വരുത്തുവാൻ വേണ്ട പരിശ്രമം ആരംഭിക്കേണ്ടതു് ആവശ്യമാണെന്ന് ഇന്നത്തെ സ്ഥിതിഗതികൾ ആവശ്യപ്പെടുന്നു.

## ഭൗതികലക്ഷ്യം പോരാ

പ്രസിദ്ധശാസ്ത്രജ്ഞൻ പ്രഫസർ ടോയെൻബി പറയുന്നു. "ഞാൻ ലോകത്തിലെ 21 സംസ്കാരങ്ങളെക്കുറിച്ച് കൂലങ്കഷമായി പഠിച്ചപ്പോൾ എനിക്ക് ഒരു യാഥാർത്ഥ്യം വ്യക്തമായി. വെറും ഭൌതികമായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് മനുഷ്യന്ന് ധാർമ്മികമായ ഒരു തീരുമാനവും എടുക്കുക സാദ്ധ്യമല്ല. ചരിത്രത്തിൽ വലിയ വലിയ കാര്യങ്ങളെല്ലാം നിർവ്വഹിച്ചിട്ടുള്ളത് മനുഷ്യസാഹോദര്യത്തിൻെറ അടിസ്ഥാനസിദ്ധാന്തങ്ങളാണ്. ഇക്കാര്യം സാദ്ധ്യമാകണമെങ്കിലോ മനുഷ്യർക്കിടയിലുള്ള ആ സ്നേഹബന്ധം, ദൈവത്തോടുള്ള പ്രേമത്തിൽ നിന്ന് ജന്മമെടുത്തതായിരിക്കണം. ഇന്ന് ലോകത്തിൻെറ മുമ്പിലുള്ള ഏററവും വലിയ ആവശ്യം മനുഷ്യാതീതമായ കാര്യങ്ങളിൽ വിശ്വാസമർപ്പിക്കലാണ്"' ശാസ്ത്രത്തിൻെറ ഉരുക്കു കോട്ടകളിൽ നിന്നാണ് ഇത്തരം അഭിപ്രായങ്ങൾ പൊന്തിവരുന്നതു്. എന്നു നാം മനസ്സിലാക്കണം. മനുഷ്യജീവിതത്തിൻെറ വിവിധവശങ്ങളെക്കുറിച്ച് കൂലങ്കഷമായിചിന്തിച്ചശേഷമാണ് ഇവർ ഈ നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നതു്. ഇന്ത്യൻ

സുപ്രീംകോടതി ചീഫ്ജസ്റ്റീസ് ആയിരുന്ന പതഞ്ജലിശാസ്ത്രി 1955ൽ ഗുരുവായൂരിൽ വെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങിനെ ഉൽബോധിപ്പിച്ചു.

"ഇന്നത്തെ പരിത:സ്ഥിതികളിണങ്ങി സാമാന്യം ഒരു നല്ല ജീവിതനിലവാരം സ്ഥാപിക്കണമെങ്കിൽ ആധുനികശാസ്ത്രവും സാങ്കേതികപരിജ്ഞാനവും അത്യാവശ്യമാണെന്നതു് വാസ്തവം തന്നെ. എന്നാൽ ആദ്ധ്യാത്മികവും, ധാർമ്മികവുമായ മൂല്യങ്ങളുടെ ഒരു പദ്ധതി കൂടാതെ, ഇതുകൊണ്ടുമാത്രം ശാശ്വതസുഖം സാധിക്കുമെന്നു് കരുതുന്നതു തെററാണു്. ഈ മൂല്യങ്ങളാൽ നിയന്ത്രിക്കപ്പെടാത്ത ശാസ്ത്രവും സാങ്കേതിക പരിജ്ഞാനവുമെല്ലാം എന്തെന്തു നാശങ്ങളുണ്ടാക്കിത്തീക്കുമെന്നു്, ആററം—ഹൈഡ്രജൻ ബോമ്പുകളുടെ ഉല്പാദനവും ഉപയോഗവും വ്യക്തമായി കാണിച്ചു തരുന്നു. മനുഷ്യൻെറ ആദ്ധ്യാത്മികസ്വഭാവത്തെ പട്ടിണിയിട്ടു്, ശാസ്ത്രീയവും, സാങ്കേതികവുമായി തങ്ങൾ നേടിയിരിക്കുന്ന അഭിവൃദ്ധിയുടെ സഹായത്തോടു് കൂടി, മനുഷ്യൻെറ ബാഹ്യമായ നില ഉയത്തുന്നതിൽ മാത്രം ശ്രദ്ധ പതിപ്പിച്ചുകൊണ്ടുള്ള പാശ്ചാത്യ സംസ്കാരം ഈ ഗോളത്തിൽ നിന്നു് തന്നെ മനുഷ്യനെ പാടെ ഉന്മൂലനം ചെയ്യുന്നതാണെന്ന വാസ്തവം പതുക്കെ, പതുക്കെ ബോദ്ധ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. നിരീശ്വരവാദത്തിലൂടെയും, ഭൌതികവാദത്തിലൂടെയും, യുക്തിവാദത്തിലൂടെയും നൂററാണ്ടുകൾ കടന്നു് പോന്ന പാശ്ചാത്യലോകം, ഇപ്പോൾ തങ്ങളുടെ ആദ്ധ്യാത്മികദാഹം തീത്തു് തൃപ്തിയടയുന്നതിനു് പൌരസ്ത്യലോകത്തിൻെറ നേക്കാണു് ഉററുനോക്കുന്നതു്. പ്രപഞ്ചത്തിൽ എന്തൊ ഒരു നിയ്യാമകശക്തിയുണ്ടെന്നും, അദ്ധ്യാത്മികബോധത്തിനൊരു മൂല്യമുണ്ടെന്നുമുള്ള സത്യം ഇന്നു് ചില പ്രമുഖശാസ്ത്രജ്ഞന്മാർ അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു. പ്രകൃതിയുടെ അന്ത:ശക്തികളുടെ പ്രവത്തനത്തിൻെറ വെറും നൈമിഷികഫലം മാത്രമാണു് സൃഷ്ടിയിൽ കാണുന്ന പുരോമുഖമായ പരിവത്തനഘട്ടങ്ങൾ എന്നു് വിശ്വസിക്കാൻ ഡാർവ്വിൻ കൂട്ടാക്കിയില്ല. നാം നമ്മുടെ ആദ്ധ്യാത്മികപാരമ്പര്യം വിട്ടുകളഞ്ഞു. പാശ്ചാത്യരുടെ ഭൌതികവീക്ഷണഗതി അംഗീകരിക്കാൻ വെമ്പുമ്പോൾ, പാശ്ചാത്യലോകത്തിലെ ഒരു പുതിയ ആദ്ധ്യാത്മിക പുനരുത്ഥാനത്തിൻെറ മുന്നോടികളായ ചിന്തകന്മാർ തങ്ങളുടെ ആദ്ധ്യാത്മികദാഹത്തെ തൃപ്തിപ്പെടുത്തുന്നതിനും ബോധോദയത്തിനും, യേശുവിൻെറയോ, വേദത്തിൻെറയോ, ബുദ്ധമതത്തിൻെറയോ, തിയോസഫി ബഹായിസം മുതലായ ചില മതവിശ്വാസങ്ങളുടെയോ സ്വീകരണത്തിനും തയ്യാറാവുന്നുവെന്നതു് വിധിവൈപരീത്യമായിരിക്കുന്നു. അമേരിക്കൻ പുരോഹിതനായ ബില്ലി ഗ്രഹാമിൻെറ മതപ്രസംഗങ്ങൾ ഇയ്യിടെ നേടിയ ആവേശഭരിതമായ വിജയം കാററു് മാറി വീശിയതിൻെറ സൂചനയാണു്!

## ദൈവത്തിൽ നിന്നു മാർഗ്ഗദർശനം

ചുരുക്കത്തിൽ മറെറാരു വിധത്തിൽ പറഞ്ഞാൽ മനുഷ്യജീവിതത്തിൻെറ നിലനില്പിനും പുരോഗതിക്കും, സർവ്വജ്ഞനായ ദൈവത്തിങ്കൽനിന്നു് മാഗ്ഗദർശനം ലഭിക്കണമെന്നു് ഈ ചിന്തകന്മാരും ശാസ്ത്രജ്ഞന്മാരും സമ്മതിച്ചുകഴിഞ്ഞു. ഇനി, "മതം" മനുഷ്യനു് ആവശ്യമാണോ, അല്ലയോ എന്ന കാര്യം തക്കമററതായിക്കഴിഞ്ഞിരിക്കുന്നു. മതത്തിനു് മാത്രമെ മനുഷ്യജീവിതത്തിനു് സംതൃപ്തിയുളവാക്കാൻ പററുകയുള്ളുവെന്നും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇനിയും ഇതിനെപ്പററി ചർച്ചയേ ചെയ്യേണ്ട ആവശ്യമില്ലാതായിരിക്കുന്നു.

# മുക്കുവൻ

എം. മോഹനൻ II B. A.

ദൂരേക്കുനോക്കുമ്പോൾ
ഒരുബിന്ദുവിലവസാനിക്കുന്ന തീരം.
നടന്നുചെല്ലുമ്പോൾ അത്രയ്ക്കത്രക്കുദൂരെ
വീണ്ടും ഒരുബിന്ദുവിൽമാത്രം കൂട്ടിമുട്ടുന്നു.
ദൂരെമുക്കുവരുടെ തോണികൾ
കറുത്തഒരു പാറക്കെട്ടുപോലെ
മണലിൽവിശ്രമിക്കുന്നു.
ഞാൻ അവിടേക്കുചെന്നു.
അപ്പോഴേക്കും കുറേമുക്കുവർ
അവരവരുടെ തോണികൾ
മണലിലൂടെ
കടലിൻെറവക്കിലേക്ക് തെന്നിയിറക്കുന്നു.
കടലിൽതിരകളുടെ ആർപ്പുംവിളികളും
പോക്കുവെയ്‌ലിൽ പൊന്നുടുപ്പിട്ടതീരം.
കറുത്തമുക്കുവർമാത്രം ഇതൊന്നും
ശ്രദ്ധിക്കുന്നില്ല.
അവർതോണി തുഴഞ്ഞുപോയി
കടലിൻെറഅനന്തതയിൽ
അലിഞ്ഞലിഞ്ഞുപോയി.

# മുത്ത്

എൻ. എ. കരീം IIIB.A.

രാവിന്റെകണ്ണുനീരിററുവീണു,
ഭൂവിൽപതിച്ചു തുഷാരമായി.
രാക്കയിലന്നും വിളിച്ചുകൂവി,
രാത്രിയോടെന്തിനീ ദുഃഖമെന്നായ്!
രാവു്കരഞ്ഞു പറഞ്ഞിതന്നും,
നോവിൽകഴിവൂ ഞാനെന്റെ തോഴീ
സ്വപ്നത്തിന്നലകളിൽ മുത്തുനോക്കി,

എത്രയോവട്ടം ഞാനാശയോടെ.
ഒററത്തുമുത്തും ലഭിച്ചതില്ല-
പറെറയെൻസ്വപ്നം നീരാവിയായി.
രാക്കയിൽചോദിച്ചു സുസ്മിതയായ്;
"നോക്കു, നീ പാഴ്‌വേലചെയ്കയല്ലോ!
"മുത്തുകിടപ്പതലകളില-
ല്ലത്യഗാധാന്തഃസ്ഥലത്തിലല്ലോ!"

# നമ്മുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ

## (ഒരു സിമ്പോസിയം)

### I

ഇ. കെ. അഹമ്മദ്
ചെയർമാൻ, കോളേജ് യൂനിയൻ

1142 സ്കൂളുകളിലായി 5493758 വിദ്യാർത്ഥികളും 197 കലാലയങ്ങളിലായി 175958 കോളേജു വിദ്യാർത്ഥികളും പുറമെ വരുന്ന നൂറുകണക്കിന്നു പാരലൽ കോളേജുകൾ അറബിക്കോളേജുകൾ എന്നിവയിലെ പരശ്ശതം അദ്ധ്യേതാക്കളും ഉൾക്കൊള്ളുന്ന വളരെ വിശാലമായ ഒരു മേഖലയാണ് നമ്മുടെ വിദ്യാഭ്യാസരംഗം. കൂടാതെ സ്കൂൾ കോളേജദ്ധ്യാപകരും മററുദ്യോഗസ്ഥന്മാരുംകൂടി വിദ്യാഭ്യാസരംഗത്തെ വളരെ വളരെ വിശാലമാക്കിത്തീക്കുന്നു. അതുകൊണ്ടുതന്നെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ ഊരാക്കുടുക്കുകളാൽ വലയം ചെയ്യപ്പെട്ടു കിടക്കുകയാണ് നമ്മുടെ വിദ്യാഭ്യാസരംഗം. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം ഇന്നു് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അവയെ സാമ്പത്തികം സാമൂഹ്യം രാഷ്ട്രീയം എന്നിങ്ങിനെ വേണമെങ്കിൽ തരംതിരിക്കാം. പക്ഷെ ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുകയാണ്. നമ്മുടെ പ്രൈമറി വിദ്യാഭ്യാസരംഗത്തെ ഏററവും വലിയ പ്രശ്നം സാമ്പത്തികമാണെന്നു കാണാം. സാമ്പത്തികമായ പരാധീനത നമ്മുടെ പ്രൈമറി വിദ്യാഭ്യാസരംഗത്തെ ആകപ്പാടെ തളത്തിരിക്കയാണ്. സ്കൂളുകൾക്കു വേണ്ടത്ര കെട്ടിടങ്ങളോ മററു സൗകര്യങ്ങളോ ഇല്ല. പൊതുമേഖലയിലുള്ള വിദ്യാലയങ്ങളാണ് ഇങ്ങനെ ഏററവുമധികം വിഷമിക്കുന്നത്. ആ വിഷയത്തിലേക്കു കൂടുതൽ കടന്നുചെല്ലാൻ സ്ഥലപരിമിതികാരണം ഞാൻ തുനിയുന്നില്ല. എന്തുതന്നെയായാലും നമ്മുടെ പൊതുമേഖലാരംഗത്തുള്ള മുഴവൻ വിദ്യാലയങ്ങളും വിദ്യാഭ്യാസസ്ഥാപനമെന്നതിലുപരി അദ്ധ്യാപകക്കു ശമ്പളം കൊടുക്കുവാനുള്ള ഒരു വേദിയായി അധ:പതിച്ചിരിക്കയാണ്. വിദ്യാർത്ഥികളുടെയും, ഗവമ്മെണ്ടിൻെറയും ഭാഗത്തുനിന്നും അനാസ്ഥകളുണ്ടെങ്കിലും അദ്ധ്യാപകർ തന്നെയാണ് ഇത്തരം ഒരു സാഹചര്യം സൃഷ്ടിക്കപ്പെടാൻ കാരണക്കാർ എന്നു കാണാം. ഈ സ്ഥിതി മാറിയെങ്കിൽ മാത്രമെ നമ്മുടെ വിദ്യാഭ്യാസരംഗത്തു വേണ്ടത്ര പുരോഗതി ഉണ്ടാവൂ. അതിന്നു ആദ്യമായി അദ്ധ്യാപകർ തങ്ങളുടെ കൈമോശം വന്നുപോയ ഏററവും വലിയ സമ്പത്ത് "ആത്മാർത്ഥത" വീണ്ടെടുത്തേ മതിയാവൂ. അതോടൊപ്പംതന്നെ സാമ്പത്തികമായ പരാധീനതകൾ പരിഹരിച്ചു വേണ്ടത്ര കെട്ടിടങ്ങളും മററു സൗകര്യങ്ങളും ഉണ്ടാക്കേണ്ടിയിരിക്കയാണ്.

നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പലതാണ്. അവ കാര്യമായും

നമ്മുടെ രാജ്യത്തെ സാമ്പത്തികവും സാമൂഹ്യവും, രാഷ്ട്രീയവുമായ ചുററുപാടുകളുടെ സൃഷ്ടിയാണെന്നു കാണാം. പക്ഷെ അതിലെല്ലാം ഉപരിയായി ഇന്നു നമ്മുടെ യുവതലമുറയുടെയിടയിൽ വളന്നുവരുന്ന ധാമ്മികാത:പതനമാണു് നമ്മുടെ കലാലയരംഗത്തെ ഏററവുമധികം അസ്വസ്ഥമാക്കിയിരിക്കുന്നതു്. ഒരു ജോലി ലഭ്യമാക്കുക എന്ന കേവലലക്ഷ്യത്തിനുപരി സംസ്കാരസമ്പന്നവും ആദർശധീരവുമായ ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന വളരെ ഉന്നതവും വിശാലവുമായ ലക്ഷ്യമാകണം വിദ്യാഭ്യാസംകൊണ്ടു നാം കൂടുതൽ ലഭ്യമാക്കേണ്ടതു്. തൊഴിലില്ലായ്മ ഏററവും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ തൊഴിലിനുവേണ്ടി വിദ്യാഭ്യാസം ചെയ്തു് സട്ടിഫിക്കററുകളുമായി സമൂഹത്തിലിറങ്ങുമ്പോഴുണ്ടാകുന്ന അവസ്ഥയെപ്പററി മനസ്സിലാവുമ്പോൾ അവരുടെ പിൻഗാമികളെ സ്വാഭാവികമായും അസ്വസ്ഥത ഗ്രസിക്കാതെ തരമില്ല. പക്ഷെ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം കൂടുതൽ വിശാലമാവുമ്പോൾ ആദർശബോധം വ്യക്തിത്വത്തിൽ സ്വാധീനം ചെലുത്തുന്ന രീതിയിൽ ധാമ്മികമൂല്യങ്ങൾ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയാൽ മാത്രമെ സ്വസ്ഥത കൈവരുത്തുവാൻ സാധ്യമാവൂ.

ഇന്നു നമ്മുടെ വിദ്യാഭ്യാസരംഗത്തെ ആകപ്പാടെ ഗ്രസിച്ചിരിക്കുന്ന ഒരു മഹാവിപത്താണു് രാഷ്ട്രീയം. ഭാവിരാഷ്ട്രത്തിൻെറ ഭാഗധേയം നിർണ്ണയിക്കേണ്ടുന്ന ഉത്തമപൗരന്മാരായി പുറത്തുവരേണ്ടുന്ന വിദ്യാത്ഥികൾ രാഷ്ട്രീയം അറിഞ്ഞേപററൂ. എന്നാൽ രാഷ്ട്രീയപ്പാർട്ടികളുടെ കയ്യിൽ വെറും കളിപ്പാവകളെപ്പോലെ രാഷ്ട്രീയ വൈതാളികരുടെ കുഴലൂത്തിനൊത്തു തുള്ളുന്ന ഒരു മൂന്നാംകിട വിഭാഗമായി വിദ്യാത്ഥിവർഗ്ഗം അധഃപതിക്കാൻ പാടില്ല. രാഷ്ട്രീയമായ അസന്ദിഗ്ധഘട്ടങ്ങളിൽ, രാഷ്ട്രത്തിൻെറ ഭാവി അപകടപ്പെടുമ്പോൾ, രാഷ്ട്രത്തെ രക്ഷിക്കാനുള്ള ചുമതല തീർച്ചയായും വിദ്യാർത്ഥികൾക്കുണ്ടു്. ലോകത്തിൻെറ പല ഭാഗത്തും വിദ്യാത്ഥികൾ അവരുടെ ആ കടമ നിർവ്വഹിച്ചിട്ടുമുണ്ടു്. എന്നാൽ അതിൽനിന്നെല്ലാം വിഭിന്നമായി മൂന്നാംകിട രാഷ്ട്രീയക്കാരുടെ വെറും ആയുധമായി മാറിയിരിക്കയാണു് ഇന്നു് നമ്മുടെ വിദ്യാത്ഥിസമൂഹം. ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ സ്വാഭാവികമായും ഉണ്ടാവുന്ന ആരോഗ്യകരമയാ ഏററുമുട്ടലുകളിൽ വിദ്യാത്ഥികളെ കരുക്കളാക്കുന്ന ഹീനമായ പ്രവൃത്തി അവസാനിപ്പിച്ചേപററൂ. വിദ്യാത്ഥികൾ അവരുടെ പ്രഥമവും പ്രധാനവുമായ കടമയായ "വിദ്യാഭ്യാസം" രാഷ്ട്രീയക്കാരുടെ ആവശ്യത്തിനുവേണ്ടി മുടക്കുന്നതും ബലമായി മുടക്കിക്കുന്നതും ഏററവും വലിയ പാതകമാണു്. യഥാത്ഥത്തിൽ അതു് രാഷ്ട്രത്തോടുചെയ്യുന്ന ഒരു വഞ്ചനയാണു്. അതുകൊണ്ടുതന്നെ പഠിപ്പുമുടക്കലുകൾ അല്ലെങ്കിൽ മുടക്കിക്കലുകൾ രാഷ്ട്രീയതിമിരം ബാധിച്ചവർ നിർത്തിയേപററൂ. അതിന്നെതിരെ വിദ്യാത്ഥിവർഗ്ഗം ഒന്നിച്ചു ശബ്ദമുയർത്തിയേതീരൂ. നമ്മുടെ വിദ്യാഭ്യാസമന്ത്രിയുടെ അഭിപ്രായം ഇവിടെ ഏററവും പ്രാധാന്യമർഹിക്കുന്നു. "രാജ്യത്തു് എവിടെ എന്തു പ്രശ്നങ്ങളുണ്ടായാലും അതു് വിദ്യാലയങ്ങളെ ബാധിക്കുന്നുവെന്നതു് ഈ കാലഘട്ടത്തിൻെറ ഒരു ശാപമായിത്തീന്നിരിക്കുന്നു. എല്ലാററിനും ശിക്ഷയനുഭവിക്കേണ്ടിവരുന്നതു് വിദ്യാത്ഥികളാണു്. അവരുടെ അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെടുന്നുവെന്നു മാത്രമല്ല അവരിൽ വേരൂന്നി വളന്നുവരേണ്ട അച്ചടക്കത്തിലും ധാമ്മികമൂല്യങ്ങളിലധിഷ്ഠിതമായ പൗരബോധത്തിലും പുഴക്കുത്തുകളുണ്ടാകുന്നുവെന്നതിനേക്കാളേറെ നാളെ അവർതന്നെ നയിക്കേണ്ട രാജ്യത്തിൻെറ ഭദ്രതയ്ക്കു തുരങ്കം വെക്കുകകൂടി ചെയ്യുന്നു."

മൂല്യശോഷണം സംഭവിച്ചുകൊണ്ടി

രിക്കുന്ന ഇന്നത്തെ സാമൂഹ്യ ജീവിതം യുവതാത്തിന്റെ രക്തത്തുടിപ്പിൽ എല്ലാം മറക്കുന്ന കോളേജ് വിദ്യാർത്ഥികളുടെയിടയിൽ ഏററവുമധികം പരുക്കുകളുണ്ടാക്കുന്നു. അതിനെ അതിജീവിക്കാൻ ഏററവും ഉപയുക്തമായ പ്രായോഗികമാർഗ്ഗം ഉത്തമമായ പൗരബോധമുണ്ടാക്കുകയും മതവിശ്വാസങ്ങളുടെ സുന്ദരസന്ദേശങ്ങളും ആദർശാശയങ്ങളും, ധാർമ്മികതയുടെ മഹത്വവും മനസ്സിലാക്കിക്കൊടുക്കാൻ ഉതകുന്ന വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ആണ്.

അതേപോലെ ഇന്ന് ഏററവും മോശമായിത്തീർന്നിട്ടുള്ള അദ്ധ്യാപകവിദ്യാർത്ഥിബന്ധം മെച്ചപ്പെടുത്തേണ്ടത് അവശ്യം ആവശ്യമായ ഒരു കാര്യമാണ്. അദ്ധ്യാപകരെ അദ്ധ്യാപകരായി കാണാനുള്ള സന്മനസ്സ് വിദ്യാർത്ഥികൾ കാണിച്ചേപററൂ. അതേപോലെ അദ്ധ്യാപകർ ആത്മാർത്ഥതയോടെ സേവനതല്പരതയോടെ തങ്ങളുടെ ജോലി നിർവ്വഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

അങ്ങിനെ രാഷ്ട്രീയജ്വരബാധയിൽ നിന്നും വിമുക്തമായ, സുന്ദരമായ ഗുരുശിഷ്യബന്ധത്തിൽ അധിഷ്ഠിതമായ വിലമതിക്കാനാവാത്ത ധാർമ്മികതയുടെ തിളക്കമുള്ള ശാന്തവും സമാധാനസമ്പൂർണ്ണവുമായ വിദ്യാഭ്യാസമാണ് വിദ്യാർത്ഥിയുടെ ഏററവും മഹത്തായ കടമ എന്ന ഉത്തമവിശ്വാസമുള്ള വിദ്യാർത്ഥികളടങ്ങുന്ന ഒരു വിദ്യാഭ്യാസരംഗമാണ് നമുക്കിവിടെ വാർത്തെടുക്കേണ്ടത്. അതിന്നു രാഷ്ട്രീയക്കാർ വിദ്യാർത്ഥികളെ പഠിക്കാൻ വിട്ടേപററൂ. അതേപോലെ അദ്ധ്യാപകർ തങ്ങൾക്കു ശമ്പളം വാങ്ങാനുള്ള ഒരു ജോലി എന്നതിലുപരി ഒരു കർത്തവ്യമായി കണക്കാക്കി തങ്ങളുടെ ജോലി കൂടുതൽ ഉത്തരവാദിത്വബോധത്തോടെ, ആത്മാർത്ഥതയോടെ നിർവ്വഹിക്കുവാൻ സന്നദ്ധരാകേണ്ടിയിരിക്കുന്നു. അതേപോലെ സാമ്പത്തികമായ പരാധീനതകൾ വിദ്യാഭ്യാസരംഗത്തുനിന്നും തുടച്ചുനീക്കാൻ ഭരിക്കുന്ന ഗവമ്മെണ്ടുകൾ സന്നദ്ധമായേപററൂ. അതിനെല്ലാമുപരിയായി ധാർമ്മികമൂല്യങ്ങളുടെ സന്ദേശവാഹകരായ, ഉന്നതമാനുഷികമൂല്യങ്ങളുടെ കാവൽ ഭടന്മാരായ ഉത്തമപൗരന്മാരായി വിദ്യാർത്ഥികളെ വാർത്തെടുക്കുവാനുതകുന്നതും അതേസമയം ഏതെങ്കിലും ഒരു തൊഴിൽ സ്വന്തമായിചെയ്യാൻ പ്രായോഗികമായി വിദ്യാർത്ഥികൾക്കു കെൽപ്പുണ്ടാക്കിത്തീക്കുന്നതും ആയ ഒരു വിദ്യാഭ്യാസപദ്ധതിയാണ് നമ്മുടെ രാജ്യത്തിന്നു ഇന്ന് ഏററവും ആവശ്യമായിരിക്കുന്നതു്.

## II

ഹരിദാസൻ പി. II BA. Eco.

ലോകത്തെ മൊത്തം നിരക്ഷരരിൽ പകുതിയോളവും ഇന്ത്യയിലാണ് എന്നതു കൊണ്ടുതന്നെയാവാം ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ചകൾക്കും സിമ്പോസിയങ്ങൾക്കും അടുത്തകാലത്തായി ഏറെ പ്രാധാന്യം കണ്ടുവരുന്നതു്. ഔദ്യോഗികവും അനൌദ്യോഗികവുമായി നടത്തപ്പെടുന്ന ഇത്തരം ചർച്ചകളിൽ ഉയന്നുവരാറുള്ള പ്രസ്താവങ്ങളെ സസൂക്ഷ്മം ശ്രദ്ധിക്കുന്നതായാൽ അവ ഭിന്നങ്ങളായ രണ്ടു ചേരികളിൽ നില്ക്കുന്നതായി കാണാം. ''അനാവശ്യസമരങ്ങൾ സംഘടിപ്പിക്കുന്ന വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുന്നു. ശമ്പളപരിഷ്കരണത്തിന്റെയും മററും പേരിൽ അദ്ധ്യാപകർ

സമരം നടത്തുന്നു. കലാലയാന്തരീക്ഷം അസ്വസ്ഥമാക്കുന്നു, ഇത്തരം സമരങ്ങളാകട്ടെ രാഷ്ട്രീയ പ്രേരിതങ്ങളാണ്?'' ഇതെല്ലാമാണ് ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ പ്രധാനപ്രശ്നമായി ഒരു വിഭാഗം ആളുകൾ ഉയർത്തിപ്പിടിക്കുന്നതെങ്കിൽ [ഇതിന്ന് സർക്കാർ പിൻതുണയുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ!] മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തണമെങ്കിൽ ഇന്നത്തെ കുത്തഴിഞ്ഞ സമ്പ്രദായം അവസാനിപ്പിക്കുകയും, കൂടുതൽ തുക വിദ്യാഭ്യാസച്ചെലവുകൾക്കനുവദിക്കുകയും, വിദ്യാർത്ഥികളും അദ്ധ്യാപകരും ഉന്നയിക്കുന്ന ആവശ്യങ്ങൾ പഠിച്ച് പരിഹരിക്കുകയും ചെയ്യാൻ സർക്കാർ മുന്നോട്ടുവരണമെന്നാണ് മറുപക്ഷം.

സ്വതന്ത്രഭാരതത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ അടിസ്ഥാന പ്രശ്നങ്ങളൊന്നുംതന്നെ പരിഹൃതമായിട്ടില്ലെന്നു മാത്രമല്ല അവ കൂടുതൽ സങ്കീർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഒരു പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസരംഗവും പ്രശ്നമുഖരിതമായിരിക്കുന്നതെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരം യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടയ്ക്കുന്നവരോട് ഈ രംഗത്തെ അടിസ്ഥാനപ്രശ്നങ്ങളെന്തെന്ന് മനസ്സിലാക്കാൻ സർക്കാറിന്റെ തന്നെ കണക്കുകളും അന്വേഷണകമ്മീഷൻ റിപ്പോർട്ടുകളും പഠിക്കാൻ തയ്യാറാവണമെന്നഭ്യർത്ഥിക്കുകയേ നിവൃത്തിയുള്ളൂ.

## സർക്കാറിന്റെ അവഗണന

വിദ്യാഭ്യാസപരിഷ്കരണത്തിന്റെ പേരിൽ കോടിക്കണക്കിന്ന് രൂപ 'ദുർവ്യയം'[1] ചെയ്യപ്പെട്ടിട്ടുണ്ട്. സർക്കാർ നിയോഗിച്ച അന്വേഷണകമ്മീഷൻ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളൊന്നുംതന്നെ വെളിച്ചം കണ്ടിട്ടില്ല. സർവ്വകലാശാലാവിദ്യാഭ്യാസപ്രശ്നങ്ങൾ കൈകാര്യം ചെയ്ത രാധാകൃഷ്ണൻ കമ്മീഷനും, സെക്കണ്ടറി വിദ്യാഭ്യാസത്തെ പരിശോധിച്ച മുതലിയാർ കമ്മീഷനും പരിഹാരനിർദ്ദേശങ്ങൾ സമർപ്പിച്ചിട്ട് കൊല്ലങ്ങളേറെയായി. ഏററവും ഒടുവിലായി പ്രൈമറി വിദ്യാഭ്യാസമടക്കം എല്ലാപ്രശ്നങ്ങളും കൈകാര്യം ചെയ്ത കോത്താരി കമ്മീഷൻ സ്വാഗതാർഹമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവെക്കുകയുണ്ടായി. എന്നിട്ടെന്തുകാര്യം. എല്ലാം വ്യർത്ഥതയിലെ വ്യായാമമായി കലാശിക്കുന്നു!

വിദ്യാഭ്യാസരംഗത്തെ അതിന്റെ തീരാക്കുഴപ്പത്തിൽനിന്ന് രക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട സർക്കാർ ഈ രംഗത്തെ അവഗണിക്കുന്നതെങ്ങനെയെന്നു' വ്യക്തമാകാൻ ഗവണ്മെണ്ടിന്റെ വിദ്യാഭ്യാസച്ചെലവുകളൊന്നു പരിശോധിക്കുകയേവേണ്ടൂ. ഓരോ പഞ്ചവത്സരപദ്ധതി പിന്നിടുമ്പോഴും നീക്കിയിരിപ്പ് സംഖ്യ കുറഞ്ഞുവരുന്നതായി കാണാം. 1970-ൽ പദ്ധതിച്ചെലവിന്റെ 30ശതമാനം വിദ്യാഭ്യാസച്ചെലവിന്നനുവദിച്ചിരുന്നതു് 1974 ആയപ്പോഴേക്കും 20ശതമാനമായി കുറഞ്ഞു. 5-ാംപദ്ധതിക്കാലത്ത് 3200 കോടി രൂപ നീക്കിവെക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും കരട് പദ്ധതിയിൽ അതു് 1726 കോടി രൂപയായി കുറച്ചു. അംഗീകരിച്ചതോ 1285 കോടി രൂപയും. ഇതാവട്ടെ കഴിഞ്ഞ പദ്ധതിയിലും 7ശതമാനം കുറവാണുതാനും.

ദേശീയവരുമാനത്തിന്റെ 6ശതമാനം വിദ്യാഭ്യാസച്ചെലവുകൾക്കായി വിനിയോഗിക്കുമെന്ന് ഗവണ്മെണ്ട് ആദ്യകാല

1. വിദ്യാഭ്യാസരംഗത്ത് ദുർവ്യയം 56 ശതമാനം മുതൽ 86 ശതമാനംവരെയുള്ള നാല്പ് രാജ്യങ്ങളിലൊന്നാണ് ഇന്ത്യ എന്ന് യുനസ്കോയുടെ പഠനറിപ്പോർട്ടിൽ പറയുന്നു.

പ്രമേയങ്ങൾവഴി വ്യക്തമാക്കിയിരുന്നെങ്കിലും മൊത്തം വരുമാനത്തിൻെറ 3ശതമാനത്തിൽ താഴെമാത്രമേ ഈ ഇനത്തിൽ ചെലവാക്കപ്പെട്ടിട്ടുള്ളു എന്നാണ് കഴിഞ്ഞകാലാനുഭവങ്ങൾ വ്യക്തമാക്കുന്നത്.

## സാർവ്വത്രിക വിദ്യാഭ്യാസവും വരേണ്യവർഗ്ഗസ്വഭാവവും

ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ 45-ാംവകുപ്പ് 'ഭരണഘടനയുടെ പ്രവർത്തനാരംഭംമുതൽക്കുള്ള പത്തുവർഷത്തിനകം പതിനാലു വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം നൽകും'എന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. ഇരുപത്തെട്ട് കൊല്ലം പിന്നിട്ട ഇന്നും സ്ഥിതിയെന്താണെന്നു വ്യക്തമാക്കാൻ Central board of educationൻെറ 1977-ലെ പ്രസിദ്ധീകരണക്കുറിപ്പിലെ ഏതാനും ഭാഗം ചുവടെ കൊടുക്കുന്നു.

"The enrolment during the first three years of the plan have also not come up to expectation. In fact the additional enrolments during the first three years of the plan have been so low that they have not been able to keepup with the growth of population."

സാർവ്വത്രികവിദ്യാഭ്യാസം ഇന്നും ഒരു സ്വപ്നം മാത്രമാണ്. ഇന്ത്യയുടെ ശാസ്ത്രീയപുരോഗതിക്ക് ഒരു ഭീകരഭീഷണിയായി നിരക്ഷരത കൊല്ലംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങിനെ സംഭവിച്ചതിൻെറ ഉത്തരവാദിത്വം ആരുടെതാണ്? അടുത്തകാലത്തായി സ്വാതന്ത്ര്യം പ്രാപിച്ച കൊറിയ, തെ. യമൻ, വിയററ്നാം, കാസ്യൂച്ചിയ, ലാവോസ് തുടങ്ങിയ രാജ്യങ്ങളിലെ പ്രവർത്തനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ, ഇന്ത്യൻ ഭരണാധികാരികളുടെ വർഗ്ഗസ്വഭാവും, തെററായ വിദ്യാഭ്യാസ നയങ്ങളുമാണ് നമ്മെ ഇവിടെ കൊണ്ടുചെന്നെത്തിച്ചതെന്നു് വ്യക്തം. ദേശീയഭരണകൂടത്തിൻെറ വരേണ്യവർഗ്ഗസ്വഭാവമാണ് പ്രാഥമികവിദ്യാഭ്യാസത്തെ വിഗണിച്ചും ഉന്നതവിദ്യാഭ്യാസത്തിന്ന് പ്രോത്സാഹനം നൽകുന്ന സ്ഥിതിയുളവാക്കിയതു്. കഴിഞ്ഞ പദ്ധതി വർഷങ്ങളിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിൽ 13 ഇരട്ടി വർദ്ധനയുണ്ടായപ്പോൾ പ്രാഥമിക വിദ്യാഭ്യാസം 4മുതൽ 7 ഇരട്ടി വരെ മാത്രമേ പുരോഗമിച്ചുള്ളൂ.

ജനങ്ങളുടെ ദാരിദ്ര്യം വിദ്യാഭ്യാസരംഗത്തു് എങ്ങിനെയാണ് പ്രതിഫലിക്കുന്നതെന്നു് താഴെചേർത്ത ഉദ്ധരണി വ്യക്തമാക്കും.

"The bulk of childran now out of school consists of girls, children of scheduled castes and tribes and children of such weaker sections of the community like landless labourers. Any delay in universalising elementary education realy implies that the intersts of the vulnerable sections are being sacrificed'
(Report of the central advisery board of education)

കാര്യങ്ങൾ കുറച്ചുകൂടി ഗ്രഹിക്കാൻ നമുക്ക് കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ പരിശോധിക്കാവുന്നതാണ്. '1960-61ൽ ഒന്നാംക്ലാസ്സിൽ ചേർത്തിയ 134 ലക്ഷം കുട്ടികളിൽ 44 ലക്ഷം മാത്രമാണ് 65-66ൽ അഞ്ചാംക്ലാസ്സ് പൂർത്തിയാക്കിയതു്, തോല്ക്കുന്ന കുട്ടികളിൽ 70 ശതമാനവും ദരിദ്രവിഭാഗത്തിൽപ്പെട്ടവരാണ് എന്നീ കാര്യങ്ങൾക്കുപുറമെ "ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഉപരിവർഗ്ഗങ്ങളും ജനങ്ങളും തമ്മിലുള്ള വിടവ് വർദ്ധിപ്പിച്ചിരിക്കുന്നു" എന്നും "ഇതവസാനിപ്പിക്കുന്നതിന്നുള്ള സാമൂഹ്യവിപ്ലവത്തിൻെറ മുന്നോടിയായി വിദ്യാഭ്യാസരംഗത്തു് അനി

വാര്യമായും ഒരുവിപ്ലവം നടത്തേണ്ടതുണ്ട്''' എന്നും കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു. പൂർണ്ണാംശത്തിൽ ഇതു് സ്വീകാര്യമായി തോന്നുന്നില്ല. വർഗ്ഗങ്ങൾ തമ്മിലുള്ള വിടവ് വർദ്ധിച്ചിട്ടുണ്ടെന്നതു് ശരിയാണ്. പക്ഷെ, 'സാമൂഹ്യവിപ്ലവ'ത്തിന്നു് മുമ്പ് 'വിദ്യാഭ്യാസവിപ്ലവം' എന്ന ആശയം അപ്രായോഗികവും അസാദ്ധ്യവുമാണ്. സാമൂഹ്യസാമ്പത്തികവിപ്ലവങ്ങളുടെ പൂർത്തീകരണത്തോടുകൂടി മാത്രമേ വിദ്യാഭ്യാസവിപ്ലവം യാഥാർത്ഥ്യമാവുകയുള്ളു എന്നതാണ് ചരിത്രാനുഭവങ്ങൾ.

## വിദ്യാഭ്യാസ കുത്തകയും വിദേശബന്ധങ്ങളും

ചൂഷണാധിഷ്ഠിതമായ സാമ്പത്തികാടിത്തറയിലാണ് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥ കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ളതു്. ഭൂമിയിലുള്ള കുത്തകാവകാശംപോലെതന്നെ വിദ്യാഭ്യാസരംഗവും സ്വകാര്യക്കുത്തകകളുടെ നിയന്ത്രണത്തിലാണുള്ളതു്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെയും നടത്തിപ്പ് സ്വകാര്യവ്യക്തികൾ, ഏജൻസികൾ, കാലഹരണപ്പെട്ട മതസ്ഥാപനങ്ങൾ എന്നിവക്കാണെന്നതു് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ന്യൂനപക്ഷാവകാശങ്ങളുടെയും മററും പേരിൽ ഈ രംഗത്തനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ അവരുടെ സൈ്വരവിഹാരത്തിന്നു് കൂടുതൽ സഹായകരവുമായിവർത്തിക്കുന്നു.

വൈദേശികമേധാവിത്വം അവസാനിപ്പിച്ചെങ്കിലും വിദ്യാഭ്യാസരംഗത്ത്നിന്നു് വൈദേശികശക്തികളുടെ പിടി ഇനിയും അവസാനിപ്പിച്ചിട്ടില്ല. സാമ്രാജ്യത്വശക്തികൾ കുത്തകസ്ഥാപനങ്ങൾ വഴിയാണ് ഈ രംഗത്തേക്ക് കടന്നാക്രമണം നടത്തുന്നതു്. ഫോഡ് ഫൌണ്ടേഷൻ, റോക്ക്ഫെല്ലർ ഫൌണ്ടേഷൻ തുടങ്ങി അമ്പതിലധികം സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെന്നതു് ഏവരെയും ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്.

## മൗലീക മററു അനീവാര്യം

ബ്രിട്ടീഷ് ഭരണകാലത്ത് മെക്കാളേ പ്രഭു നടപ്പിലാക്കിയ സമ്പ്രദായമാണ് വിദ്യാഭ്യാസരംഗത്ത് ഇന്നും നാം പിൻതുടന്നു വരുന്നതെന്നു് പലരും പറഞ്ഞുകേൾക്കാറുണ്ട്. സൂക്ഷ്മാംശത്തിൽ ഇതു ശരിയല്ലെന്നു് പറയുമ്പോൾതന്നെ മൗലീകമായ മാററമൊന്നും വരുത്താൻ ഇതുവരെ ഒരുഭരണകൂടവും തയ്യാറായിട്ടില്ലെന്നതു് തീർച്ച. സ്വാതന്ത്ര്യാനന്തരം ദേശീയ ഭരണകർത്താക്കൾ അവരുടെ നിലല്പിന്നുതകുന്ന പല പരിഷ്കാരങ്ങളും വരുത്തിയിട്ടില്ലെന്നു് നിഷേധിക്കുന്നുമില്ല.

ക്ലാസ്സ് മുറികളിൽവെച്ച് വിദ്യാർത്ഥികൾക്ക് കിട്ടുന്ന വിജ്ഞാനം പരിമിതമാണ്. ആർജ്ജിതവിജ്ഞാനത്തിന്റെ 'സിപ്പോസിററിങ്ങ്'' മാത്രമാണ് ഇന്നത്തെ കലാശാലാ വിദ്യാഭ്യാസം സമൂഹത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഉള്ള യഥാർത്ഥ ബോധം വിദ്യാർത്ഥികളിലുളവാക്കാൻ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം അശക്തമാണ്. അതുകൊണ്ടുതന്നെ ലക്ഷ്യമില്ലായ്മയുടെയും, ജീർണ്ണതകളുടെയും സംസ്കാരം ഇന്നത്തെ വിദ്യാർത്ഥിസമൂഹത്തെ ഗ്രസിച്ചു കഴിഞ്ഞിരിക്കുന്നു. ലാററിൻ അമേരിക്കയിലെ പ്രസിദ്ധവിദ്യാഭ്യാസവിചക്ഷണനായ പൗലോ ഫ്രേയർ അഭിപ്രായപ്പെട്ടതുപോലെ—''വ്യവസ്ഥിതിയെ സംബന്ധിച്ച ജനങ്ങളുടെ ഇന്നത്തെ ബോധം തെററാണ്. തെററായ ആ ബോധം മാററുന്നതന്നു് അവരെ തയ്യാറാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം''.

ചുരുക്കത്തിൽ ഇന്ത്യൻ വിദ്യാഭ്യാസം

ജാതിമതാദി ഫ്യൂഡൽശക്തികളുടെയും കുത്തകസ്ഥാപനങ്ങളുടെയും വിദേശ ഏജൻസികളുടെയും കൈപ്പിടിയിലമർന്നിരിക്കുകയാണ്. ഈ തീരാശാപത്തിൽനിന്നും അതിനെ രക്ഷിക്കുക എന്ന മൗലികകർത്തവ്യം നിറവേററുന്നതിൽ സ്വതന്ത്രഇന്ത്യയിലെ ഭരണകൂടങ്ങളും പരാജയപ്പെട്ടിരിക്കുന്നു. ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ ഗ്രസിച്ച 'കേൻസർ രോഗ'മിതാണ്. മററുള്ളവയെല്ലാം വെറും ലക്ഷണങ്ങൾമാത്രം. ചികിത്സ രോഗത്തിന്നോ അതോ ലക്ഷണത്തിന്നോ?

ഈ ദുഃസ്ഥിതിയിൽനിന്നും വിദ്യാഭ്യാസരംഗത്തെ വിമുക്തമാക്കുക അത്ര എളുപ്പമല്ല. പിൻതിരിപ്പൻ ശക്തികളെ എത്രയും വേഗം നിഷ്കാസനം ചെയ്ത് ഇന്ത്യൻ വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കുക എന്നത് തികച്ചും വിപ്ലവകരമാണ്. സാമൂഹ്യവളർച്ചയുടെ ശാസ്ത്രവും അതിന്നനുസൃതമായ പ്രപഞ്ചവീക്ഷണവും ഉൾക്കൊണ്ട ജനങ്ങളുടെ സംഘടിതശക്തിയും ബോധപൂർവ്വമായ പ്രവർത്തനവും കൊണ്ടുമാത്രമേ ചരിത്രപരമായ ഈ കടമ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

## III

## എം. പി. അബ്ദുൽ സമദ് സമദാനി II B. A.

"തന്തയില്ലാത്ത വർഗ്ഗം! മനുഷ്യനെ യാത്രചെയ്യാൻപോലും സമ്മതിക്കൂല!" വിദ്യാർത്ഥികൾ തടഞ്ഞുവെച്ച ബസ്സിലെ ഒരു മുത്തഛൻെറ വാക്കുകളാണിവ. നമ്മുടെ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഒരേകദേശചിത്രം ലഭിക്കാൻ ഈ അഭിപ്രായം മാത്രംമതി. ആപല്ക്കരങ്ങളും ദുസ്തരങ്ങളുമായ ഒട്ടനവധി പ്രശ്നങ്ങളുടെ കൂത്തരങ്ങായിരിക്കുന്നു നമ്മുടെ കലാലയങ്ങൾ. ഒരു ദരിദ്രരാഷ്ട്രത്തിൻെറ വരുമാനത്തിൻെറ ഗണ്യമായൊരുഭാഗം ചിലവഴിക്കപ്പെടുന്ന വിദ്യാഭ്യാസരംഗം, 'അസ്വസ്ഥത'കളാൽ സ്വസ്ഥത നഷ്ടപ്പെട്ട മേഖലയായിത്തീർന്നിരിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പ് അസാദ്ധ്യമായിത്തീർന്നതോ പോകട്ടെ, ജനജീവിതംതന്നെ ദുഷ്കരവും, ദുസ്സഹവുമാക്കിത്തീർക്കാൻ കാരണമായിത്തീർന്നിരിക്കുന്നു വിദ്യാഭ്യാസരംഗം. ഗുരു-ശിഷ്യബന്ധം, വിദ്യാർത്ഥി-വിദ്യാർത്ഥിനീബന്ധം എന്നൊക്കെപ്പറയുന്നത്തന്നെ പഴഞ്ചനായിട്ടുണ്ടിവിടെ. പഠിപ്പിക്കലും, പഠിക്കലുമല്ലാത്തതൊക്കെ നമ്മുടെ കലാലയങ്ങളിൽ നടക്കുന്നുണ്ടെന്നു് ചിലർ പറയുന്നത് ആലങ്കാരികമാണെങ്കിലും, അതിൽ കാര്യമില്ലാതില്ല. "വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ", "വിദ്യാർത്ഥികളുടെ അസ്വസ്ഥത" എന്നീ വിഷയങ്ങളൊക്കെ പലപ്പോഴും ചർച്ചചെയ്യപ്പെടുന്നുണ്ട്. രാഷ്ട്രീയനേതാക്കന്മാരും, ഭരണാധികാരികളും, വിദ്യാഭ്യാസവിചക്ഷണന്മാരും, വിദ്യാർത്ഥിനേതാക്കളുമെല്ലാംതന്നെ ഈ പ്രശ്നത്തെക്കുറിച്ച് 'ഉറക്കെ' ചിന്തിക്കുന്നവരാണ്. പക്ഷെ അസ്വസ്ഥതകളുടെ കൂട്ടത്തിൽ ഒരു പുതിയ നമ്പർ കൂട്ടാനല്ലാതെ പ്രശ്നങ്ങൾക്ക് യഥാർത്ഥപ്രതിവിധി ഇതുവരെ പ്രയോഗത്തിൽ വരുത്താൻ ആർക്കും കഴിഞ്ഞിട്ടില്ല എന്നത് ഏററം ഖേദകരമെങ്കിലും വാസ്തവമാണ്.

ജീവിതത്തിൻെറയോ, ഏററവും ചുരുങ്ങിയത് തങ്ങളുടെ വിദ്യാഭ്യാസത്തിൻെറയെങ്കിലുമോ ലക്ഷ്യത്തെക്കുറിച്ച് ഒരു ബോധവുമില്ലാത്ത, 'സമരിക്കലും' ചില 'ഷൈൻ ചെയ്യലു'മായാൽ കലാലയജീവിതം ധന്യമായി എന്നു് വിശ്വസിക്കുന്ന നമ്മുടെ യുവതലമുറയെ ബാധിച്ചിട്ടുള്ള ഗുരുതരമായ രോഗം ധാർമ്മികബോധമില്ലായ്മയും, മൂല്യത്തകർച്ചയുമാണെന്നു് ആദ്യവിശകലനത്തിൽത്തന്നെ ഏവർക്കും ബോധ്യമാകാവുന്നതേയുള്ളൂ.

ധാർമ്മിക സദാചാരമൂല്യങ്ങൾകൂടി പാഠനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതായാൽ വിദ്യാർത്ഥികളുടെ രോഗത്തിനുള്ള യഥാർത്ഥചികിത്സയായി എന്നാശംസിക്കാം. പക്ഷെ ഇക്കാര്യത്തിൽ ആരൊക്കെ എങ്ങിനെയൊക്കെ ആവശ്യപ്പെട്ടാലും കണ്ണടക്കുന്ന സ്വഭാവമാണ് ഭരണവർഗ്ഗം അനുവർത്തിക്കുന്നത്. പാശ്ചാത്യരും, പൗരസ്ത്യരുമായ നിരവധി വിദ്യാഭ്യാസചിന്തകന്മാർ ഈ നിർദ്ദേശം ഉന്നയിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. നമ്മുടെ നാട്ടിൽതന്നെ സുപ്രസിദ്ധമായ കോത്താരി കമ്മീഷൻ, 1948-ലെ വിദ്യാഭ്യാസകമ്മീഷൻ, 1959-ലെ 'ശ്രീ പ്രകാശാ കമ്മിററി തുടങ്ങിയ അനേകം അന്വേഷണ കമ്മിററികളും മററു കേന്ദ്രങ്ങളും, കലാലയങ്ങളിലെ ധാർമ്മികാദ്ധ്യാപനത്തിൻെറ അനിവാര്യത ഊന്നിപ്പറഞ്ഞിട്ടുണ്ട്.

വിവിധമതവിശ്വാസികൾ അധിവസിക്കുന്ന ഭാരതത്തെപ്പോലെയുള്ള ഒരു രാഷ്ട്രത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതങ്ങളുടെ താരതമ്യപഠനം ഏർപ്പെടുത്തേണ്ടതു് മറെറാരാവശ്യമായിത്തീർന്നിരിക്കുന്നു. മതവിശ്വാസികൾക്കും, അല്ലാത്തവർക്കും ഒരു മതത്തെക്കുറിച്ചല്ലെങ്കിൽ മറെറാരു മതത്തെക്കുറിച്ചുള്ള തെററിദ്ധാരണകൾ നീക്കാനും, എല്ലാ മതങ്ങളും ഊന്നിപ്പറയുന്ന പൊതുവായ മാനുഷികമൂല്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കാനും ഇതുവഴി സാധിക്കും. രാഷ്ട്രീയക്കാരുടെ പോർവിളികൾ കൊണ്ട് അസ്വാസ്ഥ്യകലുഷമായ കലാലയാന്തരീക്ഷത്തിൽ ഈ മൂല്യങ്ങൾ ശാന്തിയുടെയും, സമാധാനത്തിൻെറയും സന്ദേശങ്ങൾ പ്രചരിപ്പിക്കുമെന്ന കാര്യത്തിൽ സന്ദേഹമില്ല.

വിദ്യാർത്ഥികളുടെ നിരാശക്ക് പ്രധാനമായൊരു കാരണമാണല്ലോ തൊഴിലില്ലായ്മ. താൻ ജീവിക്കുന്ന സമൂഹവുമായി പുലബന്ധംപോലുമില്ലാത്ത ഒരു വിദ്യാഭ്യാസപദ്ധതിക്ക് കീഴിൽ പഠനം പൂർത്തിയാക്കിവരുന്ന വിദ്യാർത്ഥി ന്യായമായും 'ഓഫീസ് ജോലി' അന്വേഷിക്കുന്നു. ഈ അവസ്ഥ മാറേണ്ടതുണ്ട്. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഈ പ്രശ്നം പരിഹരിക്കുന്നതിൽ ഒരു വലിയ പങ്ക് വഹിക്കും. നമ്മുടെ രാഷ്ട്രപിതാവിൻെറ ഭാവനയിലുണ്ടായിരുന്ന 'അടിസ്ഥാനവിദ്യാഭ്യാസ'ത്തിൻെറ കാതലായവശം ഇതായിരുന്നു. പക്ഷെ സാക്ഷാൽ ഗാന്ധിജിയുടെ അനുയായികൾ മാറിമാറി ഭരിച്ചിട്ടും ഏതദ്വിഷയകമായി രാഷ്ട്രം ഒരു പുതിയ കാൽവെപ്പും നടത്തിയിട്ടില്ല.

വിദ്യാഭ്യാസരംഗത്തെ മററു ചർച്ചാവിഷയങ്ങളാണ്, കലാലയരാഷ്ട്രീയം, ലൈംഗികവിദ്യാഭ്യാസം, സഹവിദ്യാഭ്യാസം, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പ് എന്നിവ. കലാലയങ്ങൾ രാഷ്ട്രീയക്കാരുടെ വിഹാരരംഗമാക്കാൻ അനുവദിക്കുന്നതിനെ ആരും പിന്താങ്ങുമെന്ന് തോന്നുന്നില്ല. വിദ്യാർത്ഥികളെ തെരുവിലിറക്കി കാര്യങ്ങൾ 'വേഗത്തിൽ' സാധിതമാക്കാൻ തക്കം പാർത്തിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാരും, വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ—അവ എത്ര ന്യായമായിരുന്നാലും—സമരിച്ചാലേ അനുവദിക്കൂ എന്ന് വാശിപിടിക്കുന്ന ഗവമെൻറുമാണ് കലാലയരാഷ്ട്രീയത്തിൻെറ യഥാർത്ഥകാരണക്കാർ എന്നതു് വളരെ വ്യക്തമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളെ രാഷ്ട്രീയത്തിൻെറ അതിപ്രസരത്തിൽനിന്നു് രക്ഷിക്കുവാനും വിദ്യാർത്ഥികളുടെ കർമ്മശക്തി അക്രമവാസനകളിൽനിന്നു് നാടിനും സമൂഹത്തിനും പ്രയോജനപ്രദമാകത്തക്കരീതിയിൽ നിർമ്മാണപ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാനുംവേണ്ട ശ്രമങ്ങൾ അടിയന്തിരമായും നടത്തപ്പെടേണ്ടതുണ്ട്.

ലൈംഗിക വിദ്യാഭ്യാസം നടപ്പാക്കുന്ന വിഷയത്തിൽ വിദ്യാർത്ഥികൾ മററുള്ളവരേക്കാൾ ഉച്ചത്തിൽ അനുകൂലമായി ശബ്ദിക്കാറുണ്ട്. നമ്മുടെ സമൂഹത്തിൽ അതു് പാപമായിക്കാണുന്നവരും, ഒരത്യാവശ്യമായംഗീകരിക്കുന്നവരുമുണ്ട്. സ്ത്രീയെ 'അത്ഭുതപ്രതിഭാസ'മായിക്കാണുന്ന യുവാക്കൾക്ക് സ്ത്രീ-പുരുഷബന്ധത്തെ ശാസ്ത്രീയമായി പഠിക്കാൻ അവസരം സൃഷ്ടിക്കുന്ന, ലൈംഗികാരാജകത്വത്തിനു് കളമൊരുക്കാത്ത ലൈംഗികവിദ്യാഭ്യാസം വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ പരസ്പരബന്ധത്തിലും അവരുടെ ഭാവിയിലെ കുടുംബജീവിതത്തിലും തൃപ്തികരമായ മാററങ്ങൾ സൃഷ്ടിക്കുമെന്നേ ഇതേക്കുറിച്ച് പറയാനുള്ളു. സഹവിദ്യാഭ്യാസമാകട്ടെ ഇന്നത്തെ നിലയിൽ തുടരുന്നതു് സമൂഹത്തിനു് ഗുണകരമാണോ എന്നു് എല്ലാവരും ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അഴിമതി തടയാത്തിടത്തോളം കാലം യഥാർത്ഥമായ സമത്വമോ, "വിദ്യാഭ്യാസം എല്ലാവർക്കും" എന്ന മഹനീയതത്വമോ ഒന്നും ഇവിടെ പുലരുകയില്ല എന്നതു് തീർച്ചയാണു്. നാന്നൂറ് മാർക്ക് വാങ്ങിയവന്റെ സീററ് ഇരുന്നൂറുകാരൻ തട്ടിപ്പറിക്കുന്നു, അദ്ധ്യാപനിയമനത്തിൽ വലിയവലിയ സംഖ്യകൾ കൊണ്ട് വിലപേശുന്നു. ഇങ്ങിനെപോകുന്നു അഴിമതി. ഇതിനെക്കുറിച്ചൊക്കെ മുഷ്ടി ഉയർത്തിസംസാരിക്കാനല്ലാതെ ഒന്നും ചെയ്യാൻ ഇവിടത്തെ 'സോഷ്യലിസ്റ്റ്' ഭരണങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസത്തിൽ ഇപ്പോഴും പിന്നോക്കമായ ന്യൂനപക്ഷവിഭാഗങ്ങളെ അവരുടെതായ സ്ഥാപനങ്ങൾ നടത്താൻ അനുവദിക്കേണ്ടതും, സർക്കാറിന്റെ ഇടപെടൽ അവയിൽ ഒഴിവാക്കേണ്ടതുമുണ്ട്. സംവരണം തുടരേണ്ടതും ഇതിനത്യാവശ്യമാണ്. കല വിദ്യാർത്ഥികളുടെ നന്മക്ക് ഉപയോഗപ്പെടേണ്ടതും ഒരടിയന്തിരപ്രശ്നമാണ്. അസാംസ്കാരിക—അസന്മാർഗ്ഗിക പ്രവർത്തനങ്ങൾ അരങ്ങേറനുള്ള വേദിയായി കലാസാഹിത്യരംഗങ്ങൾ അധഃപതിച്ചുകൂടാ!

പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായത്തെ അപ്പടി പകർത്തിയതാണ് ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിനു് സംഭവിച്ച ഏററവും വലിയ അബദ്ധം. ഈ പാശ്ചാത്യവൽകൃതവിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് വിശ്വമഹാകവി സർ മുഹമ്മദ് ഇഖ്ബാൽ പാടിയ വരികൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ:

> നിസ്സഹായനായി ഞാൻ ഉദിച്ചുയർന്നു,
> സ്നേഹമോ, വിജ്ഞാനമോ, ദർശനമോ,
> പ്രോത്സാഹിപ്പിക്കപ്പെടാത്ത മദ്രസ[1]കളിൽ-
> നിന്നും, ഖൻഖ[2]കളിൽനിന്നും

## IV

## ടി. മുഹമ്മദ് ദാവൂദ് II Msc

മനുഷ്യനെ സംസ്കാരസമ്പന്നനാക്കി ഭൗതികവും പാരത്രികവുമായ എല്ലാ വിജയങ്ങളും കരസ്ഥമാക്കാൻ അർഹനാക്കുക എന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഇതിനെത്രമാത്രം പര്യാപ്തമാണ് എന്നതാണ് പ്രശ്നം. യുവതലമുറ നശീകരണാത്മകപ്രവർത്തനങ്ങളിലേക്കും,

1. പാശ്ചാത്യവൽകൃത വിദ്യാകേന്ദ്രങ്ങൾ.
2. സൂഫി വിദ്യാകേന്ദ്രങ്ങൾ.

അധാർമ്മികതചത്തിലേക്കും നിസ്തുലവേഗത യിൽ ചലിച്ചുകൊണ്ടിരിക്കുന്നു; വിദ്യാഭ്യാസരംഗത്ത് 'സമരം' ഒരു കീറാമുട്ടിയാണ്; ഗുരുശിഷ്യബന്ധത്തിൻെറ പൊന്നരഞ്ഞാൺ വലിച്ചുപൊട്ടിക്കുന്ന രീതി മാറണം; അതിന് ധാർമ്മികതചത്തിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസപദ്ധതി നിലവിൽ വരണം; ആധുനികവിദ്യാഭ്യാസത്തിലൂടെ ഭക്ഷണസാധനങ്ങളിൽ അന്നജമുണ്ടോ എന്ന് നമുക്ക് മനസ്സിലാക്കാമെങ്കിലും അയൽവാസി പട്ടിണികിടക്കുമ്പോൾ മൃഷ്ടാന്നഭോജിയായിക്കഴിയുന്നവൻ നമ്മിൽപെട്ടവനല്ല എന്ന സുന്ദരവാക്യം നാം ധാർമ്മികതചത്തിലേ കണ്ടെത്തുകയുള്ളു; അതിനാൽ നമ്മുടെ പാഠ്യപദ്ധതിയിൽ ധാർമ്മികമൂല്യങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. തങ്ങളെ തന്നെ വിദ്യാസമ്പന്നരാക്കുന്ന പ്രക്രിയ വിദ്യാഭ്യാസപ്രവർത്തകരും നടത്തണം. ഇല്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസം വിജയിക്കില്ല.

## V

### കെ. ടി. സെയ്ത്മുഹമ്മദ് (II M. A. English)

നാളെ നാട്ടിൻെറ ഭരണചക്രം തിരിക്കേണ്ടവരാണ്, നാട്ടിൻെറ വിവിധ തുറകളിലെ വ്യത്യസ്തങ്ങളായ എല്ലാപ്രശ്നങ്ങളും കയ്യാളേണ്ടവരാണ് ഇന്നത്തെ വിദ്യാർത്ഥികൾ. അതുകൊണ്ടുതന്നെ മററേതുപ്രശ്നങ്ങളേക്കാളും സജീവശ്രദ്ധയർഹിക്കുന്നത് വിദ്യാഭ്യാസപ്രശ്നങ്ങളാണ്; നേടിയതും വിദ്യാഭ്യാസപ്രശ്നങ്ങളാണ്. വിദ്യാഭ്യാസപ്രശ്നങ്ങൾ ആരായാനുള്ള കമ്മീഷനുകളുടെ കമ്മി ഇന്ത്യയിലുണ്ടായിട്ടില്ല; പരിഹാരമാർഗ്ഗങ്ങളും പദ്ധതികളും വരച്ചുകാണിച്ച ധിഷണാശാലികളുടെ കുറവ് ഉണ്ടായിട്ടില്ല; കുററവും കുറവും ഉണ്ടായിരുന്നത് ഇന്ത്യൻ ജനതക്കാണ്; നല്ല പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ ഒരു പിടി പ്രതിഭാശാലികളുണ്ടായതുകൊണ്ട് മാത്രമായില്ല, അവരുടെ ഭാവനക്കൊത്തുപോകാൻമാത്രം ഭാവനാധരരായിരിക്കണം ജനങ്ങളാകമാനം. ഇന്ത്യൻ ജനതയോ ജനപ്രതിനിധികളോ അത്ര പ്രബുദ്ധരല്ലാത്തതുകൊണ്ടുതന്നെ, പരിഹാരമാർഗ്ഗങ്ങളെല്ലാം പരാജയപ്പെടാൻ വിധിക്കപ്പെട്ടവയായിരുന്നു—ചുരുക്കിപ്പറഞ്ഞാൽ വല്ലപ്പോഴും ലഭിച്ച ചർമ്മസ്പർശിയായ ചികിത്സയല്ലാതെ രോഗത്തിൻെറ ഉത്ഭവസ്ഥാനത്തേക്കിറങ്ങി ചെല്ലുന്ന ചികിത്സ ലഭിച്ചിട്ടില്ല. ഇന്ത്യൻ വിദ്യാഭ്യാസത്തിൽ അധഃപതനവും അരാജകത്വവും അരങ്ങ് തകർത്ത്കൊണ്ടിരിക്കുന്നു. പ്രശ്നബഹുലമായ ഇന്ത്യൻ വിദ്യാഭ്യാസം അടിമുടി ഉടച്ച് വാർക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ വിദ്യാഭ്യാസമെന്ന നഷ്ടക്കച്ചവടത്തിൻെറ ബാലൻസ് ഷീററായി വിഖ്യാതവിദ്യാഭ്യാസ വിചക്ഷണനും കേന്ദ്ര വിദ്യാഭ്യാസമന്ത്രിയുമായിരുന്ന വി. കെ. ആർ. വി. റാവുവിൻെറ വിലാപവാക്യങ്ങളെടുക്കാം—'ഇന്നോളം നമ്മുടെ വിദ്യാഭ്യാസം വിജയിച്ചിട്ടുള്ളത് ധാർമ്മിക മുരടന്മാരെയും, സാമ്പത്തികമായി പാപ്പരായവരെയും സമൂഹത്തെ തള്ളിപ്പറയുന്നവരെയും ഉല്പാദിപ്പിക്കുന്നതിൽ മാത്രമാണ്.'

നാരായവേരു നഷ്ടപ്പെട്ട ഒരു വടവൃക്ഷത്തെ വടിയും വടവുംകൊണ്ട് വീഴ്ചയിൽനിന്നും വിമോചിപ്പിക്കുക അസാദ്ധ്യമാണ്. ധർമ്മച്യുതിയുടെ ഈ കാലഘട്ടത്തിൽ, മണ്ണും വിണ്ണും തൊടാത്ത, മതേതര വിദ്യാഭ്യാസം കളരിയിലുള്ളവരുടെ എല്ലൊടിക്കുന്ന അഭ്യാസമാണെന്നു മാത്രമല്ല, മിതമായി പറഞ്ഞാൽ ആഭാസംകൂടിയാണ്. ഒരു കൊച്ചു കാട്ടാളനെ ഒരൊന്നാംതരം മാന്യനാക്കുന്നതാണ് വിദ്യാഭ്യാസ പ്രക്രിയ എന്നാണ് ബട്ലർ നിർവ്വചിച്ചതു്. ഇന്ത്യൻ വിദ്യാഭ്യാസത്തിനു് മറിച്ചേ ചെയ്യാനൊക്കൂ. വല്ല

മാന്യന്മാരുമുണ്ടെങ്കിൽ അവരും കാട്ടാളന്മാരാകേണ്ടിവരും. കാട്ടാളത്തങ്ങളെ നിഷ്ക്രിയരോ നിസ്സഹായരോ ആയി നോക്കിനില്ക്കുന്നതും കാട്ടാളത്തമാണെന്നർത്ഥത്തിൽ.

പഠിച്ച് പരീക്ഷ എഴുതുന്നതിനു് പകരം, പരീക്ഷ നടത്താതെതന്നെ എല്ലാരെയും പാസ്സാക്കണമെന്ന മിതവും ന്യായവുമായ അവകാശം നേടിയെടുക്കാൻ വിദ്യാലയങ്ങൾ തീവെക്കുകയും അദ്ധ്യാപകരെ അടിച്ചവശരാക്കുകയും ചെയ്യുന്ന ഇന്നു് 'വിദ്യാർത്ഥി' എന്നു് വിളിക്കപ്പെടാറുന്നവരുണ്ടോ? സരസ്വതീക്ഷേത്രങ്ങളിൽ പൂജ നടക്കുന്നുണ്ടോ? ഇല്ല. ഇല്ല. അതുകൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസപ്രശ്നങ്ങളിൽ പ്രഥമവും പ്രധാനവും പ്രസക്തവുമായതു് വിദ്യാഭ്യാസം നടക്കുന്നില്ല എന്നതാണു്. അതു് നടക്കാൻ ധാർമ്മികപഠനം കൂടിയേ തീരൂ. സർക്കാർ വിദ്യാലയങ്ങളിൽ മതം പഠിപ്പിക്കരുതെന്ന ഇന്ത്യൻ ഭരണഘടനയിൽ കുത്തിവരച്ചിട്ടുള്ള വിലക്കു് (വകുപ്പു് 28ൽ 3) തിരുത്തിക്കുറിക്കണം. മനുഷ്യമനസ്സിനെ തൊടാനും തലോടാനും സുന്ദരസുരഭിലസൂനമാക്കാനും കെൽപ്പുള്ള എല്ലാ മതങ്ങളുടെയും നല്ല പാഠങ്ങൾ നൽകി, നേർവഴിക്കു് ചിന്തിക്കാനുള്ള ശേഷി വിദ്യാർത്ഥികളിൽ വളർത്തണം.

മാനുഷിക മൂല്യങ്ങളോ സാമൂഹ്യബാദ്ധ്യതകളോ സംസ്കാരശീലമോ പൌരധർമ്മമോ എന്തെന്നറിയാത്ത, എന്തെന്നു് പഠിപ്പിക്കപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾ ഒരു കടംകഥയായി മാറണം. അപ്പോൾ വിദ്യാഭ്യാസം നടക്കും. സിലബസ് പരിഷ്കരണം, പരീക്ഷാപരിഷ്കരണം, വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കൽ...മുതലായവയെക്കുറിച്ചുള്ള ചർച്ചകൾക്കു് പ്രസക്തിയുണ്ടാകും.

# നഷ്ടസ്മൃതികളിലെ വസന്തവും കാത്ത്....

**ഗോകുൽദാസ് II. B. Com.**

സായംസന്ധ്യയുടെ നിശ്ചലതയിൽ, ശവച്ചൂളയിൽനിന്നും ഉയരുന്ന പച്ചമാംസത്തിന്റെ കട്ടിപ്പുകയിൽ ദൃഷ്ടികൾ തളച്ചിടുവാനാവാതെ, മനസ്സ് വിദൂരതയിലെങ്ങോ സഞ്ചരിക്കുകയായിരുന്നു......

എപ്പോഴാണ് എനിക്കെന്നെ നഷ്ടപ്പെട്ടത് എന്നറിയില്ല. ഇന്നിതാ ഈ ദുർബ്ബല നിമിഷത്തിൽ പത്തുവർഷങ്ങൾക്കുമപ്പുറമുള്ള എന്റെ ക്ലാവുപിടിച്ച ഓർമ്മകൾ പുകഞ്ഞുപൊങ്ങുന്നു. കൈവിട്ടുപോയ എന്റെ സ്മൃതിപഥത്തെ തളച്ചിടുവാനുള്ള പാഴ്ശ്രമത്തിൽ കൊഴിഞ്ഞുവീണ ഒരു പിടി ഓർമ്മകൾ.........

ഒരിക്കലും പൂർത്തീകരിക്കുവാനാവാത്ത ഒരു കൂട്ടം ആശകളുണ്ടാവും എന്റെ സ്വപ്നങ്ങളിൽ. എല്ലാം ഒടുവിൽ പരാജയത്തിന്റെ .........അതിലേറെ കുററബോധത്തിന്റെ പടുകുഴിയിൽ വീഴുന്നവ ആയിരുന്നു. അപൂർണ്ണത കൈവരുമ്പോൾ ആദ്യമെല്ലാം ദുഃഖം ഉണ്ടാകുമായിരുന്നു. ഇന്നോ എല്ലാം ഒരുതരം മരവിപ്പ്.

ഇല്ല. ഈ അരക്ഷിതാവസ്ഥയിൽ ഇനിയും ഞാനിവിടെ നിൽക്കുകയാണെങ്കിൽ എന്റെ അസ്തിത്വം തളർന്നുവീഴും. അതിനു മുമ്പേ നഷ്ടപ്പെടുവാനുള്ള ശ്രമത്തിൽ തിരിഞ്ഞുനിൽക്കവെ, മേൽമുണ്ടിന്റെ കോന്തലകൊണ്ട് കണ്ണു തുടയ്ക്കുന്ന അമ്മയുടെ മുഖം മുന്നിൽ.

“വിധിയെ തടുക്കാനാവില്ല വിനു. മരിക്കുവോളം നീ വരും എന്ന വിശ്വാസത്തോടെയാണ് കഴിഞ്ഞത്. എങ്കിലും ഇത്ര പിടിവാശി വേണ്ടീരുന്നില്ല—”

വാർദ്ധക്യം തലോടിയ അമ്മയുടെ കവിൾത്തടങ്ങളിൽ നിഷ്കളങ്കത തളംകെട്ടി നിൽക്കുന്നതു കണ്ടപ്പോൾ ഉള്ളിൽ അറിയാതെ വിമ്മിട്ടം അനുഭവപ്പെട്ടു. എന്നിലെ കാപട്യം മാററിയെടുക്കാൻ എനിക്കുവയ്യ. നിശ്ശബ്ദതയിൽ ഞാനെന്റെ നിസ്സഹായതയെ തളച്ചിടട്ടെ!

ഇല്ല. എനിക്കെന്റെ നഷ്ടസ്മൃതികളിൽ പങ്കില്ല. വിദൂരതയിലെത്തിയ എന്റെ കരിപിടിച്ച ഓർമ്മകളെ തിരികെ കൊണ്ടുവരാൻ ശ്രമിക്കട്ടെ......ഓർത്തിരിക്കാൻ എനിക്ക് ഒന്നേയുള്ളു, എന്നാണ് എനിക്കും ഈ സുദിനത്തിന് അനുഭവം ഉണ്ടാകുക?

“വിനു, ഒന്നപ്പുറത്തേക്കു ചെല്ലു, നീ വന്നൂന്നറിഞ്ഞ് സാവിത്രിയുണ്ട് മോളേയും കൂട്ടി വന്നിരിക്കുന്നു, നിന്നെയൊന്നു കാണാൻ”

വിസ്മൃതിയുടെ പടുകുഴിയിലേക്ക് അപ്രതീക്ഷിതമായി എന്റെ മനസ്സിനെ തള്ളി

യിട്ട അമ്മയുടെ മുഖത്തേക്ക് ക്രൂരമായി നോക്കവെ, അപ്പോഴേക്കും നടന്നകലുന്ന അമ്മ ഒരു ശാപമായി മനസ്സിൽ വളർന്നു.

വയ്യ. എനിക്കെന്റെ സ്മൃതിയെ മുറുകെപ്പിടിക്കാൻ കഴിയുന്നില്ല. പിടി വിട്ട് പോയ മനസ്സ് സ്വപ്നങ്ങളുടെ നേർത്ത വലകളിൽ നൃത്തം ചവിട്ടുന്ന കലാശാലാ വിദ്യാഭ്യാസകാലത്തെ മധുരസ്മരണകളിൽ മാറ്റുകൂട്ടുകയായിരുന്നു. ഒഴിവുദിനങ്ങളിൽ തറവാട്ടിന്റെ വിശാലമായ പുരയിടത്തിന്റെ താഴ്‌വരകളിലെ പാറക്കെട്ടുകൾക്കിടയിലൂടെ ഒഴുകുന്ന ചോലയിലൂടെ കുളിർമ്മയേകുന്ന കുളിയിൽ, മനസ്സ് നഗരത്തിന്റെ ബോയ്സ് കോളേജിന്റെ ഹോസ്റ്റൽ മുറിയിലെ ഏകാന്തതടവിൽ നിന്നും മോചിക്കപ്പെടുന്ന പ്രതീതിയായിരുന്നു.

ത്രിസന്ധ്യയിൽ ഒരു നാൾ കുളിക്കുവാൻ ചെന്നപ്പോൾ, ചോലക്കപ്പുറം ഒരു പാറക്കെട്ടിൽ പുതിയ ജാക്കറ്റും നീളൻപാവാടയും, ധരിച്ച് എനിക്കത്ഭുതമായി ഒരു അപരിചിതയെപ്പോലെ 'സാവ്യ' എന്ന കൊച്ചുപെണ്ണ് മുഖംകുനിച്ചു നിൽക്കുന്നു!

കാൽച്ചിലമ്പണിഞ്ഞ ചോലയെ നോവിക്കാതെ, അടിവെച്ച് സൂക്ഷ്മതയോടെ നടന്നടുക്കുന്ന സാവ്യ, ഒരു അത്ഭുതമായി എന്നിൽ വളരവെ——

"അമ്മ തന്നയച്ചതാ"

നീട്ടിപ്പിടിച്ച പൊതി തീർത്ഥം തരുന്ന സൂക്ഷ്മതയോടെ കയ്യിൽതന്ന് ഓടവെ, മനസ്സ് ആശ്ചര്യപ്പെടുകയായിരുന്നു. ഒരു മാസത്തിന്റെ ദൈർഘ്യം കാരണം അവളിൽ ഇത്രമാറ്റമോ? പിന്നീട് അമ്മയിലും അതേ അത്ഭുതം നിറഞ്ഞ ചോദ്യമായി. പൊതി കൊടുക്കുമ്പോഴും ജിജ്ഞാസയായിരുന്നു. പിന്നീട് സംശയം പരിഹരിക്കപ്പെട്ടപ്പോൾ മനസ്സിൽ മറ്റെന്തോ വളർന്നു വരുകയായിരുന്നു. അതിൽ പിന്നെ ഒഴിവുദിവസങ്ങൾക്കു വേണ്ടിയുള്ള കാത്തിരിപ്പിന് യുഗങ്ങളുടെ ദൈർഘ്യം ഉള്ളതായി അനുഭവപ്പെട്ടു. പിന്നീട് ചോലയിലേക്കുള്ള യാത്ര തീർത്ഥത്തിനുള്ളതായ് മാറി!

ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്ത വിധം ഒരു അത്ഭുതമായി സാവ്യ മനസ്സിൽ വളരവെ, ഒടുവിൽ കെട്ടിനിർത്താനാവാത്ത വികാരത്തിന്റെ അണപൊട്ടലിൽ ഇത്രമാത്രം കുറ്റബോധം ഉണ്ടാകുവാൻ എന്തായിരുന്നു കാരണം—?

"വിനേട്ടാ, മംഗല്യം അണിയാനുള്ള ഭാഗ്യംപോലും സിദ്ധിക്കാത്ത വിധവയാണ് എന്റെ അമ്മ. ഞാനും അങ്ങനെതന്നെ ആകണം എന്നാണോ വിനേട്ടൻ ആഗ്രഹിക്കുന്നത്—?"

മനസ്സിൽ എവിടെയോ ഒരു പഴുത്ത പരുവ് നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. മുനയുള്ള സൂചിയുടെ അറ്റം തട്ടിയപ്പോൾ അതു് പൊട്ടി കുറെ ചോരയും ചലവും പോയി. ഉള്ളിൽ വല്ലാത്ത ആശ്വാസം, ഒപ്പം നിരാശതയും അതിലേറെ കുറ്റബോധവും..

ഇത്രയും നിസ്സാരമായിരുന്നോ ആ പരുവ് പൊട്ടിക്കുവാൻ! പിന്നീട് ആവേശമായ ആ കുറ്റബോധം എന്നെ എത്തിച്ചത് എവിടെയായിരുന്നു?

"തന്ത ഏതെന്ന് നിശ്ചയമില്ലാത്ത അവളെ മാത്രേ നീ കണ്ടൊള്ളോടാ?—"

പഴുത്തുനില്ക്കുന്ന മുള്ളിൽ പഴക്കൂട്ടം കണ്ടു പറിക്കാൻ ചെന്നതായിരുന്നു. ആവേശത്തിന്റെ തിരതള്ളലിൽ മുള്ളു് കുത്തുമെന്നറിഞ്ഞില്ല. കൈത്തലം മുറിഞ്ഞപ്പോഴാണ് മനസ്സിലായത്......ചെന്നുപെട്ടത് വക്രിച്ച ഭുജങ്ങളുള്ള കൈതക്കാട്ടിലാണെന്ന്...കൂട

തൽ ക്ഷതമേൽക്കാതെ ഒന്നു രക്ഷപ്പെട്ടാൽ മതിയായിരുന്നു.

മനസ്സിൽ ഒരായിരം കടന്നൽപററം താവളമടിച്ചിരിക്കുന്നു. നിസ്സഹായതയിൽ മോചനം കാണുന്ന വിഡ്ഢി; തുളസിപ്പൂക്കളുടെ പരിമളം അറിഞ്ഞു് മധുനുകരാൻ നീ എന്തിനു ആഗ്രഹിക്കുന്നു. നിനക്കതിൻെറ ആവശ്യം ഇല്ല. മധുനിറഞ്ഞുനിൽക്കുന്ന മററനേകം പുഷ്പങ്ങളുണ്ടു് നിൻെറ അരികിൽ.

ഇല്ല. ഞാനെന്തിനു പരാജയപ്പെടണം? ഞാനെൻെറ മുഖപടം താല്ക്കാലികമായെങ്കിലും ഇവിടെ അഴിച്ചുവെക്കട്ടെ. യോദ്ധാവിൻെറ പ്രൗഢഗംഭീരവേഷമേ എനിക്കു ചേരൂ. ധർമ്മയുദ്ധം എനിക്കായി നാൾ കുറിച്ചിരിക്കുന്നു. പോർക്കളത്തിൽ അടരാടുക തന്നെ......!

''അമ്മെ, ചളിക്കുണ്ടിൽ വളരുന്ന താമരക്കും തേജസ്സും സൗന്ദര്യവും ഇല്ലെ? ചളിക്കുണ്ടിലാണെന്നുവെച്ച് ആരെങ്കിലും അതിനെ തിരിഞ്ഞുപോലും നോക്കാതെ പോകുമോ?—''

''അറിയാമെടാ. അതും കൊഴിഞ്ഞുവീഴുന്നതു് അതേ ചളിക്കുണ്ടിലല്ലെ?—''

ഇനി രക്ഷയില്ല. എനിക്കെൻെറ ഗാണ്ഡീവം ഇവിടെ നഷ്ടപ്പെട്ടിരിക്കുന്നു. ഒന്നുകിൽ എതിരാളിയുടെ ക്രൂരമ്പേററു് മരിക്കാൻ തയ്യാറാകുക അല്ലെങ്കിൽ ശത്രുക്കൾ അടുക്കുംമുമ്പെ ഓടി രക്ഷപ്പെടുക—

അന്നു് ഓടിപ്പോന്നതു് എന്തിനോടുള്ള പകപോക്കലായിരുന്നു എന്നെനിക്കറിയില്ല. പിന്നീടു് നഗരത്തിലെ വ്യവസായശാലകളിലെ മടുപ്പിക്കുന്ന ദിനാന്ത്യങ്ങളിൽ, ഞാനെൻെറ നഷ്ടപ്പെട്ട മനസ്സിനെ വീണ്ടെടുക്കുവാൻ ഏകാന്തതീരങ്ങൾ തേടുകയായിരുന്നു. കടൽക്കാററിൻെറ ശീതളിമയിൽ, നേർത്ത മണൽത്തരികളിൽ കൈവിരലുകൾ ഊന്നി നിരർത്ഥം എന്തോ കുറിച്ചിടുമ്പോഴും ഞാനെൻെറ നഷ്ടവസന്തങ്ങളെക്കുറിച്ച് വ്യാകുലപ്പെടുകയായിരുന്നു.

'സാവൂ, നീ എനിക്കെന്നുമെന്നും ഒരു ശക്തിയായി നിലകൊള്ളും. ബന്ധങ്ങൾക്കും അതീതമായി മററെന്തോ ബന്ധനം എന്നെ പിൻതുടരുന്നു. അതിൽനിന്നും മോചനം നേടുകയായിരുന്നു എൻെറ ലക്ഷ്യം? ഒടുവിൽ ലക്ഷ്യത്തിലേക്കുള്ള എൻെറ വഴി നഷ്ടപ്പെട്ടതു് എപ്പോഴായിരുന്നു—?

'വിനേട്ടാ, അടത്തിവെച്ച ഈ ദമയന്തിപ്പൂവിനു് എന്നുമെന്നും പരിമളം നൽകാൻ കഴിയുമെന്നു് വ്യാമോഹിച്ചോ? സൗരഭ്യം നഷ്ടപ്പെട്ടാൽ അതിൻെറ സ്ഥാനം മററൊന്നിനു് നൽകില്ലെ—'

കാത്തിരിപ്പുകൾക്കു് എന്നും പൊള്ളയായ ഒരറയുണ്ടു്. ദിക്കുകൾതോറും അദൃശ്യമായി തുറന്നുവെച്ച അറസ്സുകളിൽ അപ്രതീക്ഷിതമായി അകപ്പെട്ടപ്പോൾ വല്ലാത്ത വൈരാഗ്യം തോന്നി.

ഏകാന്തതയുടെ തീരങ്ങൾ തേടിയുള്ള യാത്രയിൽ പാദങ്ങൾ തളർന്നു് ഒടുവിൽ നിരാശനായി, ഞാനെൻെറ തടവറയായ വാടക മുറിയിലേക്കു് നടക്കവെ, മനസ്സിൽ തീ പുകയുകയായിരുന്നു. ഒരു ചെറിയ കാററു തട്ടിയാൽ മതി അതു് ആളിപ്പടരാൻ. അപ്പോഴാണു് അതു് സംഭവിച്ചതു്?—

'വിനേട്ടാ, എൻെറ ഹൃദയത്തിനും പ്രവർത്തനക്ഷമതയുള്ള നാലറകളുണ്ടു്. അതിൽ ഒന്നിൻെറ ചലനം സ്തംഭിച്ചാൽ മതി, എനിക്കെന്നെ നഷ്ടപ്പെടും. വിനേട്ടൻ പറയാറില്ലെ; എല്ലാ ബന്ധങ്ങൾക്കും അതീതമായി മററെന്തോ ബന്ധനം ഉണ്ടെന്നു. ശരിയാണു് ഇന്നെനിക്കു് അതു് ബോദ്ധ്യമായി. നാം ആ ബന്ധനത്തിൽ അകപ്പെട്ടിരിക്കയാണു്.

അതിൽനിന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗമേയുള്ളൂ. വിനോദൻ അടത്തിവെച്ച ഈ ദമയന്തിപ്പൂവിനെ പരിമളം നഷ്ടപ്പെടാതെ തന്നെ എടുത്തു മാറേറണ്ടിയിരിക്കുന്നു. അതിൻെറ സ്ഥാനം ഇനി മറെറാന്നിനു് കൊടുത്തേക്കൂ—''

ഈർഷ്യയോടെ പറിച്ചു ചീന്തിയതു് അവളുടെ എഴുത്തായിരുന്നില്ല. സ്വന്തം വിശ്വാസത്തിൻെറ കറുത്ത മൂടുപടമായിരുന്നു. ഇനി എനിക്കതിൽ കാര്യമില്ല. സ്വയം സൃഷ്ടമായ ഈ മരുഭൂവിൽ ഇനി ഞാൻ തടവുകാരനായിരിക്കും.

'നീണ്ട പത്തുവർഷത്തിൻെറ ഏകാന്തവാസത്തിൽനിന്നും വലിച്ചിഴച്ചതു് ആരായിരുന്നു?—'

'വിനു, അച്ഛൻെറ ആത്മാവിനു് മോക്ഷം കിട്ടുവാനെങ്കിലും ഈ അന്ത്യനിമിഷത്തിൽ ഒന്നു വരൂ...ദീനം ജാസ്തിയായിരിക്കുന്നു.'

അച്ഛൻ എനിക്കെന്നും അപരിചിതനായിരുന്നില്ല. ആ അച്ഛൻെറ വിയോഗത്തിൽ വിലപിക്കുവാൻ എനിക്കെന്തു കാര്യം? ദുഃഖിക്കുവാൻ എനിക്കൊന്നേയുള്ളൂ... എൻെറ നഷ്ടവസന്തങ്ങളിൽ—

''വിനു, എത്രനേരമായി......ഒന്നിങ്ങട്ട് വരൂ...''

അനന്തതയിലെങ്ങോ പറന്നുയർന്ന എൻെറ സ്മൃതിപഥത്തെ തളർന്നുവീഴുംമുമ്പേ രക്ഷിച്ചതു്, അമ്മയുടെ സ്നേഹം നിറഞ്ഞ ശാസനയായിരുന്നു.

ഉള്ളിൽ ഈർഷ്യ കടിച്ചമർത്തി വെളുത്ത മുഖംമൂടി ധരിച്ചു് തലയുയർത്തി നോക്കവെ, വിറക്കുന്ന അധരങ്ങൾ കടിച്ചമർത്താനുള്ള പാഴ്ശ്രമത്തിൽ വിഫലമായി പൊട്ടിക്കരയുന്ന സാവിത്രി—അവൾക്കരികെ അത്ഭുതപ്പെട്ടു് ഭയന്നു കരയുന്ന കൊച്ചുമോൾ, ഇവിടെ ഈ ധർമ്മയുദ്ധത്തിൽ ഒരു നിമിഷംകൊണ്ടു് എനിക്കവരെ പരാജയപ്പെടുത്താം...

പക്ഷെ, ഏതോ ദുർബ്ബല നിമിഷത്തിൽ അപ്രതീക്ഷിതമായി എന്നെ നിരായുധനാക്കിയതു് ആരായിരുന്നു?...

''എടാ, നിൻേറയും അവളുടേയും ശരീരത്തിൽ ഓടുന്നതു് അഗ്നിയിൽ ചാമ്പലാകുന്ന അദ്ദേഹത്തിൻെറ രക്തം തന്നെയാണെടാ. ഇവൾ നിനക്കെന്നും അനിയത്തിയായിരുന്നു!''

വയ്യ. ഇവിടേയും ഞാൻ തോററിരിക്കുന്നു. എനിക്കെൻെറ തളരുന്ന പാദങ്ങൾ നിലത്തുറപ്പിക്കാൻ കഴിയുന്നില്ല. തളർന്നു വീഴുംമുമ്പെ എവിടെയെങ്കിലും ഒന്നു എത്തിപ്പിടിക്കാനുള്ള പാഴ്ശ്രമത്തിനായി കൈ ശൂന്യതയിൽ തടയവെ, അറിയാതെ കരിഞ്ഞുപുകയുന്ന ശവച്ചൂളയിലേക്കു് ദൃഷ്ടിപതിഞ്ഞപ്പോൾ അത്ഭുതപ്പെടുകയായിരുന്നു—

'ഒരു യുഗത്തിൻെറ പതനം ഈ അഗ്നിയിൽ ചാമ്പലാകുവാൻ മാത്രം ഉള്ളതായിരുന്നുവോ?—'

# നിലാവു വീണുകിടക്കുന്ന വഴികളിലൂടെ—

എ. കെ. അബ്ദുൽഖാദർ.

I B. A. (Arabic)

എരിഞ്ഞടങ്ങുന്ന പകലിന്റെ ചിതയിലേക്കു നോക്കിനില്ക്കെ, മരിച്ചദിവസത്തിന്റെ തിളങ്ങുന്ന ഓർമ്മകൾ, ജമാൽ എന്ന കഥാകൃത്തിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. എത്ര മറക്കാൻ ശ്രമിച്ചിട്ടും മനസ്സിലേക്കിരമ്പിക്കേറുന്ന രംഗങ്ങൾ. ഓർക്കുംതോറും ലജ്ജിതനാവുന്നു. പാപബോധം മനസ്സിൽ നുരഞ്ഞു പതയുന്നു. ഛെ! വേണ്ടിയിരുന്നില്ല......

അസ്വസ്ഥതയോടെ അവൻ സൂര്യാസ്തമനദിക്കിലേക്കു നോക്കി. പടർന്നു കേറുന്ന ചുവപ്പിന്റെ മുന്നേറ്റം. മാറ്റത്തിനു വേണ്ടിയുള്ള വ്യഗ്രത. ഭൂത–ഭാവി ചിന്തയില്ലാത്ത രക്തത്തിളപ്പിന്റെ വിവേകശൂന്യതയും.

ദുസ്സഹതയോടെ മുഖം തിരിച്ചു. അപ്പോൾ സ്ഥായിഭാവം കൊള്ളുന്ന ചക്രവാളത്തിന്റെ നീലിമ അവൻ കണ്ടു. പഴമയിലേക്കുള്ള പ്രയാണം.

ഒരു ഞെട്ടലോടെ അവനോർത്തു.

ഇല്ല; ഇനി തനിക്കതു സാധ്യമല്ല.

താൻ പരാജയപ്പെട്ടിരിക്കുന്നു. കാലത്തിന്റെ ഏതോ കുഴിമാടത്തിൽ തന്റെ വഴി നഷ്ടപ്പെട്ടു പോയിരിക്കുന്നു.

വേദനയോടെ പിന്നിലേക്കു തിരിഞ്ഞു നോക്കി. താൻ കടന്നുപോന്ന വളഞ്ഞുപുളഞ്ഞ നീണ്ട പാതകൾ. മരവിച്ച മനസ്സുമായലഞ്ഞ ശൂന്യമായ വഴികൾ...

ഇനിയെത്രദൂരം പിന്നോട്ടു നടക്കണം?

അന്ധമായ വികാരാവേശം തന്നെയെത്രദൂരം കൊണ്ടെത്തിച്ചു!

ശരീരം തളരുകയാണോ? താൻ വിയർത്തൊഴുകുന്നോ!

അടുത്തുകണ്ട മരച്ചോട്ടിൽ ചാരിയിരുന്നു. കരിയിലകളുടെ മനം നോവുന്ന തേങ്ങലുകൾ. അവിടവിടെ, വാടിയുണങ്ങിയ നിറമില്ലാത്ത പൂക്കൾ.

വേദനയോടെ അവൻ പിടഞ്ഞെണീറ്റു.

'വെറുക്കപ്പെട്ട ലോകം' അവൻ പിറുപിറുത്തു.

'വേദനകളുടെ ലോകം' കരിയിലകൾ തിരുത്തി.

കണ്ണിൽ ഇരുട്ടു കേറുന്നപോലെ തോന്നി. സൂര്യൻ അസ്തമിച്ചിരിക്കുന്നു. രാവും പകലുമല്ലാത്ത ലോകം.

ഇനിയെങ്ങോട്ട്?

തന്റെ പാദങ്ങൾ ഗതിമുട്ടി നില്ക്കുന്നു. പിറകിൽ...ഓ...അവിടെ വേദനകൾ മാത്രമെയുള്ളൂ.

'ജമാലിക്കാ...വിട!'

പ്രേയസിയുടെ ചുണ്ടുകളുടെ അന്ത്യ ചലനം.

''മോനേ...''

ഒരമ്മയുടെ ഹൃദയം തകന്ന ദീനരോദനം.

അതെന്റെ ഉമ്മയാണ്. അവസാനമായി തന്നെ ഒന്നു കാണാൻ വിളിക്കുകയാണ്. ജീവിതത്തിന്റെയും മരണത്തിന്റെയും മൽപ്പിടുത്തത്തിനിടയിൽ ഉമ്മ അവസാനമായി വിളിക്കുന്നു.

—അപ്പോൾ താനീ ലോകത്തായിരുന്നില്ല.

താരുണ്യവല്ലരിയിൽ വിടന്നുലഞ്ഞാടി നിന്ന തന്റെ ഹൃദയസൂനത്തെ ഇറുത്തെടുത്തു കടന്നു കളഞ്ഞ കാലനെ കെണിവെച്ചു പിടിക്കാനുള്ള യജ്ഞത്തിലായിരുന്നു.

കുടുംബബന്ധം ആർക്കുവേണ്ടി?...ലോകബന്ധംതന്നെ അറുത്തുകളഞ്ഞു.

നുരഞ്ഞു പതയുന്ന ചഷകങ്ങളിൽ അവർ നൃത്തംചെയ്തു നിന്നപ്പോൾ, പരാജയം സമ്മതിച്ചോച്ഛാനിച്ചു നിൽക്കുന്ന ഈശ്വരനെ കണ്ടാത്തട്ടഹസിച്ചു. മരണത്തെയും ജീവിതത്തെയും ലഹരിയിൽ ഘടിപ്പിച്ച്, അവളുടെ കൈ കോർത്തുപിടിച്ചു നടന്നു. മഞ്ഞിലൂടെ...മഴയിലൂടെ...തണലിലൂടെ...വെയിലിലൂടെ...

കാടുകൾ...മേടുകൾ...താഴ്‌വാരങ്ങൾ...

തന്നിൽ നിറഞ്ഞുനിന്ന അവളുടെ സുഗന്ധം തന്നിലെ സർഗ്ഗചേതനകളെ വിരൽതൊട്ടുണർത്തിയപ്പോൾ തന്നിലെ സാഹിത്യകാരനുണർന്നു.

നൂററാണ്ടുകളുടെ വരമ്പുകൾ കുറുകെ കടന്നുവന്നു് മജ്നൂ എന്ന ഖൈസ് വികാരാവേശത്തോടെ പറഞ്ഞു:

'അനിയാ കൂടെവരൂ. അവിടെ സഹാറയിൽ ചെന്നിരിക്കാം. നോക്കൂ; എന്റെ ലൈലയെ ഓർത്തു ഞാൻ പാടിയതെങ്ങനെയെന്നു് നിനക്കറിയാമോ?

ആ സ്നേഹവത്സലനായ ചേട്ടന്റെ കൂടെ മുമ്പോട്ട്...മുമ്പോട്ടു നടന്നു അവിടെ വെച്ച് മജ്നുവിന്റെ ഹൃദയം തകന്ന വിരഹഗീതം കേട്ടു. ചുട്ടുപഴുത്ത പാറകൾപോലും ആ ഗാനശ്രവണ മാത്രയിൽ പിളന്നു കണ്ണീർ തൂവുന്നതു താൻ കണ്ടു.

അതെ...അപ്പോൾ...അപ്പോഴായിരിക്കണം എന്റെ പൊന്നുമ്മ ഹൃദയം തകന്നു മരിച്ചതു്. ആ വിരഹദുഃഖം ഒരു ഗ്ലാസ്‌വീരുത്തിൽ ദഹിപ്പിക്കാൻ തനിക്കെത്ര പെട്ടെന്നു കഴിഞ്ഞിരുന്നു?

–അവന്റെ കണ്ണുകളിൽ കരൾ രക്തം തുളുമ്പി നിന്നു.

'ഉമ്മാ...'

ആ അട്ടഹാസം ദിക്കുകൾ ഏററു പാടി.

'ഉമ്മ'യെ ഉൾക്കൊള്ളുന്നതിൽ ഭ്രൂമുഖത്തിന്റെ ദൗർബല്യം കണ്ടപ്പോൾ അന്ധാളിപ്പോടെ ആകാശത്തേക്കു നോക്കി. തങ്ങളുടെ നിസ്സഹായത ഒററനോട്ടത്തിൽ തന്നെ താരകൾ കണ്ണിറുക്കി ബോധിപ്പിച്ചപ്പോൾ നഷ്ടബോധം കൊണ്ടു തളന്നു പോയി.

ദുഃഖം, ദുഃഖം, ദുഖം.

തനിക്കതുമാത്രമെ ജീവിതത്തിൽ മിച്ചമുള്ളു.

–വിരൽ കടിച്ചവൻ ചക്രവാളത്തിലേക്ക നോക്കി.

–ആത്മഹത്യ!

ശൂന്യതയിൽ തെളിയുന്ന അക്ഷരങ്ങളിൽ അവൻെറ ഹൃദയത്തുടിപ്പുകൾ വിതുമ്പിനിന്നു. നിമിഷങ്ങളുടെ ഇഴകളിൽ തൻെറ അസ്തിത്വം ബന്ധിക്കണോ?

ഇഴഞ്ഞുനീങ്ങുന്ന ഘനമുള്ള നിമിഷങ്ങൾ.

ആത്മഹത്യ ഒന്നിനും പരിഹാരമല്ല കുഞ്ഞേ–അതു ഭീരുത്വമാണ്.' ആരോ തന്നോടു മന്ത്രിക്കുന്നു.

'മോനെ–യ്യ് ഇനിയെങ്കിലും ഒന്ന് കാലും കയ്യും കഴകി, പടച്ചോനോട്ട് നെൻെറ ഉമ്മക്ക് സുബർക്കം കൊടുക്കാൻ പറ' വൃദ്ധയുടെകാലപ്പഴക്കം ചെന്ന ശബ്ദം.

–തന്നെ പരാജയപ്പെടുത്തിയ ആദ്യത്തെ ശബ്ദം. ആ വാക്കിലെ അന്തർധാര ഉൾക്കൊള്ളാൻ, അടഞ്ഞുപോയ തൻെറ എല്ലാ കർണ്ണങ്ങളും ഒന്നിച്ചു തുറന്നു. പ്രത്യാശയും പ്രശ്നപരിഹാരവും അതിൽ നിലീനമായിരുന്നു.

ആ കിഴവി തന്നിൽ എങ്ങനെ കടന്നു വന്നു?

ഈ ഗ്രാമത്തിൽ കാലുകുത്തിയ ആദ്യ ദിവസം.

ബന്ധുക്കളോ ബന്ധനങ്ങളോ ഇല്ല. സ്വച്ഛമായ അന്തരീക്ഷം. ഈ അപരിചിതത്വത്തിൽ, ഗ്രാമീണശാലീനതയിൽ സൃഷ്ടിയുടെ ജന്മത്തിൻെറ നിഗൂഢതകളിലേക്ക് എത്തിനോക്കാൻ അതിയായ ആഗ്രഹം. ഇവിടത്തെ പൂനിലാവിൽ കുളിച്ച രാത്രികളിൽ, നിശാഗന്ധിയുടെ മണമുള്ള കുളിരിൽ സ്മരണയുടെ നനുനത്ത പാളികൾ തെറുത്തുയർത്തി സൃഷ്ടിയുടെ ഉറവയിലേക്കാഴ്ന്നിറങ്ങാൻ ഹൃദയം ദാഹിച്ചു.

അപ്പോഴതാ കയറിവരുന്നു ഒരു മുതുകിഴവി. യാചികയാണെന്നാണ് ആദ്യം ധരിച്ചത്. പരിചയഭാവം നടിച്ച് ചിരിച്ചപ്പോഴേ കലി കയറി.

'തള്ളേ ഇങ്ങോട്ട് കയറണ്ട. ഞാനൊന്നും തരില്ല' തീർത്തു പറഞ്ഞു.

'എന്താ മോനെ, ഇങ്ങനാണോ പരിചയല്ലാത്തോരോട് പെരുമാറുക'?

''മോനേന്നും, കുഞ്ഞേന്നും വിളിച്ച് സോപ്പിടണ്ട തള്ളേ. ഇറങ്ങിപ്പോകാനാ പറഞ്ഞത്. മേലാൽ ഇവിടെ കയറിപ്പോകരുത്?

അന്ന് ആ തള്ള ഇറങ്ങിപ്പോകുന്നത് അറപ്പോടെ നോക്കിനിന്നു. അകലെയല്ലാത്ത ഒരു ചാളയിലാണ് താമസമെന്ന് മനസ്സിലായി.

പിന്നെ, ഇന്നലെയാണ് ആ കിഴവി തൻെറയടുത്തു വന്നത്. അപ്പോൾകലശലായ പനിപിടിച്ച് താൻ അവശനിലയിലായിരുന്നു. പെററമ്മയുടെ സാന്നിദ്ധ്യം ആ കിഴവിയുടെ പരിചരണത്തിൽ തെളിഞ്ഞപ്പോൾ, പരിവർത്തനത്തിൻെറ ഉറവകൾ തൻെറ ചിന്തയിൽ പൊട്ടിയുണർന്നു. തൻെറ വായിൽ കഞ്ഞി പകർന്നു തരുമ്പോൾ, കുഞ്ഞുനാളിലെ ഓർമ്മകൾ കണ്ണുകളിൽ ബാഷ്പധാര അടർത്തി.

ഇന്ന് കാലത്തും ആ കിഴവി വന്നു, തൻെറ ക്ഷേമമന്വേഷിക്കാൻ. വെളിമ്പറമ്പ

കളിൽ പതിവായി കാണാറുള്ള തന്നെ ചി ല ദിവസങ്ങളായി കാണാത്തതുകൊണ്ട് അവർമാത്രമേ അന്വേഷിക്കാൻ ധൈര്യം വന്നുള്ളു. ആ മുഖത്തെ പ്രകാശിക്കുന്ന മനു ഷ്യത്വം നോക്കിനില്ക്കാനാവാതെ താൻ ല ജ്ജിച്ച തലതാഴ്ത്തി നിന്നതേയുള്ളു.

തൻെറ കദനകഥ കേട്ടുതീർന്നപ്പോൾ അവർ ഉപദേശിച്ചു.

'മോനെ..യ്യ് ഇനിയെങ്കിലും ഒന്ന് കാ ലും കയ്യും കഴുകി പടച്ചോനോട്ട് നെൻെറ ഉമ്മക്ക് സുബർക്കം കൊടുക്കാൻ പറ'

ചിന്താമൂകനായി നടന്ന് ലക്ഷ്യമറി യാതെ താൻ ഇവിടെവരെയെത്തി. ഇ പ്പോൾ...അതെ, ഇനി തനിക്കു ലക്ഷ്യ മുണ്ട്.

–നേരിയ കുളിർകാററ്. ഇശാബാങ്കി ൻെറ ഭക്തിസാന്ദ്രമായി നേർത്ത അലയൊലി കൾ.

ജമാൽ എണീററു മുണ്ടിലെ പൊടി ത ട്ടി തിരിഞ്ഞു നടന്നു. നേരത്തെ ഇരുട്ട പിടി ച്ച വഴികളിൽ നിലാവ് വീണു കിടക്കുന്നു. അവൻ മുമ്പോട്ടു... മുമ്പോട്ട്... വിജയകാ ഹളത്തിൻെറ ഉറവിടത്തിലേക്കു നടന്നു.

# നിഴലുകൾ

സുബൈദ വി. എം. III B. Sc.

ഉച്ചവെയിലിൽ ദാഹിച്ചു നില്ക്കുന്ന കുന്നിൻപുറം. അവിടെയായിരുന്നു ലക്ഷ്യം, അപ്രാപ്യമാണെന്നറിയാമായിരുന്നിട്ടും മോഹിച്ചു. ഒരിക്കൽ അവിടെയെത്താൻ കഴിഞ്ഞെങ്കിൽ! ആശിച്ചു. ആഗ്രഹം മരീചികയായിരുന്നില്ല. എല്ലാം തന്റെ കാലടിയിലൊതുങ്ങി. പക്ഷെ ഇന്നവയെല്ലാം വെറും നിഴലുകൾ മാത്രം............

.........കുന്നിന്റെ ഉച്ചിയിൽ നിന്നു് താഴേയ്ക്കു നോക്കിയപ്പോൾ മനസ്സിൽ അവിശ്വസനീയതയുടെ നടുക്കം. ആർക്കും കീഴടക്കാൻ പററാത്തതു കീഴടക്കിയതിൽ അഭിമാനം. താഴെ വൃക്ഷതമല്ലാതെ പുളഞ്ഞുകിടക്കുന്ന പാത. മനസ്സിൽ തിരതല്ലുന്ന ആഹ്ളാദത്താൽ അവളുടെ കൈകൾ കടന്നു പിടിച്ചു. നോട്ടം കണ്ണുകളിൽ ചെന്നു തറച്ചു. അവിടെ ഒരു മോഹസാമ്രാജ്യത്തിന്റെ തിളക്കം. സായംസന്ധ്യയുടെ അരുണിമ ഏററുവാങ്ങിയ കവിൾത്തടങ്ങൾ. വികാരങ്ങളെ നിയന്ത്രിച്ചു. അറിയാതെ കൈകൾ പിൻവലിച്ചപ്പോൾ മുഖത്തു് നിലാവിന്റെ ശാന്തത. ഇവിടെയായിരുന്നു തുടക്കം............

......പിന്നെ നിമിഷങ്ങളുടെ മണിക്കൂറുകളുടെ ദിവസങ്ങളുടെ ഒളിച്ചോട്ടമായിരുന്നു. മനഃപൂർവ്വം പലതും മറക്കാൻ ശ്രമിക്കുന്നു. ഓർമ്മകൾ രൂപം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വെറും കഴിമാടങ്ങൾ മാത്രം......

......മുമ്പു് പലതും പറഞ്ഞു. വിശ്വാസ്യതയ്ക്കുവേണ്ടി തെളിവുകൾ നിരത്തിവെച്ചു. അന്നൊന്നും വിശ്വസിയ്ക്കാൻ തുനിഞ്ഞില്ല. അവർ തിരിഞ്ഞു നടന്നപ്പോൾ അകലങ്ങളിലേക്കു് നോക്കി നെടുവീർപ്പിട്ടു. അറിഞ്ഞതെല്ലാം കള്ളമായിരിക്കണേ എന്നു് മനംനൊന്തു പ്രാർത്ഥിച്ചു. പക്ഷെ കൺമുമ്പിൽ തെളിഞ്ഞുവരുന്ന ചിത്രങ്ങൾ.........

......ഒരിക്കൽ കണ്ടപ്പോൾ കൂടെയുള്ള ആളിനെപ്പററി ചോദിച്ചു. മൈക്ലാസ്സ് മേററ്‌! അകലെ മാറിനില്ക്കുന്ന പെൺകുട്ടിയുടെ ശബ്ദം. തന്റെ നോട്ടം അവളുടെ കണ്ണുകളിൽ ചെന്നുവീണു. നിർവ്വികാരതയ്ക്കു വേണ്ടി ഉഴറുന്ന കണ്ണുകൾ. പക്ഷെ നിരാശയായിരുന്നു ഫലം. അവിടെ അസതൃത്തിന്റെ മിന്നലാട്ടം. എന്നിട്ടും നീ നഷ്ടപ്പെട്ടില്ലെന്നു് വിശ്വസിക്കാൻ ശ്രമിച്ചു. എന്റെ മോഹങ്ങളുടെ തടവറയിൽ അലഞ്ഞ നീ... പുതിയ മേച്ചിൽസ്ഥലങ്ങൾ അന്വേഷിച്ചതു് ഞാനറിഞ്ഞില്ല.........

......മണിക്കൂറുകളോളം നിന്നെ മാത്രം സ്വപ്നം കണ്ടു്. വേഗതയില്ലാത്ത ബസ്സിനെ ശപിച്ചു് ഒന്നു് കാണാൻവേണ്ടി ഓടിയെത്തിയ തനിയ്ക്കു് ലഭിച്ച കാഴ്ച...ഇന്നും ഉള്ളിൽ കിടന്നു വിങ്ങുന്നു. സ്പോർട്ട്സ്ഡേ ആയതു കൊണ്ടു് തീർച്ചയായും കാണാൻ പററുമെന്ന വിശ്വാസമായിരുന്നു. കണ്ണുകൾ

ഓരോ മുക്കിലും പരതി. പക്ഷെ നിരാശയായിരുന്നു ഫലം. ആശങ്കയോടെ പിൻവലിയാൻ ശ്രമിച്ചു. ഒരിസ്കൽകൂടി ചുററിനടന്നു... കാണാൻ സാധിച്ചു......കൺനിറയെ കണ്ടില്ല. തിരിഞ്ഞു നടന്നു. കാലുകൾ തളരുകയായിരുന്നു. മററുള്ളവരിൽനിന്നും ഓടി അകലാൻ ശ്രമിച്ചു........

എല്ലാമെന്നു് വിചാരിച്ചതു് നഷ്ടപ്പെട്ടു് തിരിഞ്ഞു നടന്നപ്പോൾ മുന്നിൽ അവളുടെ കൂട്ടുകാരി. "അവളെ നശിപ്പിച്ച വഞ്ചകി" ചുണ്ടുകൾ പിറുപിറുത്തു. പ്രസക്തിയില്ലാത്ത വാക്കുകൾ... എന്നിട്ടും അടുത്തെത്തിയപ്പോൾ പൊട്ടിത്തെറിച്ചു.

"നീയാണു് ആ കുട്ടിയെ നശിപ്പിച്ചതു്?"

"റിയലി സോറി ഫോർദാററ്" വാക്കുകളിൽ കുററസമ്മതം.

.....സ്വയം നിയന്ത്രിച്ചു. അനന്തതയിൽ ഒരു ബിന്ദുവാകാൻ ആഗ്രഹിച്ചു. വലയങ്ങളായി മുകളിലേക്കുയരുന്ന ധൂമപടലങ്ങൾ നോക്കി മിഴിച്ചു കിടക്കുമ്പോൾ മണിക്കൂറുകൾ ഇഴഞ്ഞുനീങ്ങുന്നതു് അറിഞ്ഞിരുന്നില്ല. സ്വയം നശിക്കാൻ......നശിച്ച് നശിച്ച് ഇല്ലാതാവാൻ പഠിച്ചു.

.....ഒരിസ്കൽ തന്റേതെന്നു് മാത്രം വിശ്വസിച്ച അവൾ മററാരുടേയോ ആകാൻ പോകുന്നു. തനിക്കായി അവൾ സമ്മാനിച്ച പ്രേമോപഹാരങ്ങൾ...അവ തനിക്കിന്നും അനർഘങ്ങളാണു്. അവയെല്ലാം ഓരോ ക്ലരമ്പുകളായി അവളുടെ നേർക്കയക്കും. ഇനി അതാണു് തന്റെ ജന്മസാഫല്യം. അതെ...അതിൽകൂടിയെങ്കിലും ആശ്വാസം കണ്ടെത്തണം.

......വ്യർത്ഥമോഹങ്ങളുടെ മാറാപ്പും പേറി ഇതിലെ അലഞ്ഞപ്പോൾ ഭാവി ഒരു കടംകഥയാണെന്നു് ഓർത്തില്ല. വർണ്ണത്തുവലുകൾ തുന്നിചേർത്തു് ആകാവുന്നത്ര മോടികൂട്ടി. നക്ഷത്രങ്ങൾ തിരികൊളുത്തിയ രാവുകളിൽ...അമ്പിളി താലമേന്തിയ നിശ്ശബ്ദയാമങ്ങളിൽ...കാററിലാടുന്ന തെങ്ങോലകളുടെ മർമ്മരംപോലുമറിയാതെ നാം അന്യോന്യം നമുക്കുവേണ്ടിയൊരുക്കിയ നിമിഷങ്ങൾ......

...ഇനിയവയെല്ലാം എന്റേതുമാത്രം... നാളെ...നീ...നിങ്ങൾക്കായ് ഒരുക്കിയ മണിയറയിൽ......

...ഈ ശൂന്യതയിൽ പൊയ്പോയ ദിനങ്ങളെ കുറിച്ച് മറക്കാൻ ശ്രമിക്കുന്ന ഞാൻ.....നിനക്കു് മംഗളം നേരാനെങ്കിലും എനിക്കു് കഴിഞ്ഞെങ്കിൽ!

# ഒരു മോചനത്തിന്റെ കഥ

HARISH
I B. Sc. Botany.

വർഷങ്ങൾക്ക് മുമ്പാണത്:
ഷർട്ടിടാത്ത ഒരു ഗോസായി അമ്മാവനും
തൊപ്പിയിട്ട അനുയായികളുമായിരുന്നു
ഈ കെട്ടിടത്തിന് തറക്കല്ലിട്ടത്—
അടിത്തറക്ക് ഉറപ്പുകൂട്ടുവാൻ
ഞങ്ങളുടെ സഹോദരന്മാരെയവർ
ബലിയാടുകളാക്കി......
കോണകമുടുത്ത് മൂക്കീളയൊലിപ്പിച്ച്
നടന്നിരുന്ന ഞങ്ങൾ
അന്ന് വെറും പാവങ്ങ(ക)ളായിരുന്നു.
അവരുടെ പ്രലോഭനത്തിന്റെ
നീർച്ചുഴിയിൽ
ഞങ്ങളേതോ അഗാധ ഗർത്തങ്ങളിലേക്ക്
ഊളിയിട്ടു.
ബാഹ്യലോകത്ത് നിന്നും മോചിതരായി
ഇവിടെ
ഈ ഇരുട്ടറക്കുള്ളിൽ
ഞങ്ങൾ വളർന്നു.
കാലത്തിന്റെ ഒഴുക്കിൽ
ഗൃഹത്തിന്റെ ഭിത്തികളിൽവിള്ളലുണ്ടായി.
അവക്കിടയിൽ ചിലന്തികളും
തങ്ങൾക്ക് ഒരു രക്ഷാസ്ഥാനം കിട്ടിയല്ലോ
അവ സന്തോഷിച്ചു......
താഴെ, തറയിൽ നിറയെ മാളങ്ങളായിരുന്നു.
അവയിൽ പെരുച്ചാഴികളും—
കവാടത്തിന് പുറത്ത് സൂര്യൻ ഉയരുന്നത്
ഞങ്ങൾക്ക് കാണാമായിരുന്നു.
എന്നിട്ടും ഞങ്ങൾ ഇരുട്ടിൽതന്നെ.
എട്ടുകാലികളെയും പെരുച്ചാഴികളെയും
എന്തെങ്കിലും ചെയ്യണമെന്ന്
ഞങ്ങളാഗ്രഹിച്ചു.
അവ ഞങ്ങളെ ഞങ്ങളല്ലാതാക്കുക
യായിരുന്നു.
അകത്തെ വായുവിന്റെ മനംമടുപ്പിക്കുന്ന
ഗന്ധം
ഞങ്ങളുടെ അസ്ഥിത്വത്തെ കാർന്നുതിന്നു.
ഒടുവിൽ—
മോചനത്തിന്‌വേണ്ടി ഞങ്ങൾ
ശബ്ദമുയർത്തി.
ഞങ്ങൾ വളരെപേരുണ്ടായിരുന്നു. പക്ഷേ-
അവർ ഞങ്ങളെ ബന്ധനസ്ഥരാക്കി.
—അല്ലെങ്കിലും ഞങ്ങൾ സ്വതന്ത്രരായി
രുന്നില്ലല്ലോ—
പിറ്റേന്ന് പ്രഭാതം വിടർന്നപ്പോൾ
ഞങ്ങൾക്ക് സമീപം പ്രജ്ഞയററ്,
ഉറുമ്പരിച്ച്
ഞങ്ങളുടെ സഹോദരി.
ഞങ്ങൾക്ക് ചുററും ഇരുട്ട് മുളച്ചുപൊന്തി.

ഇരുട്ട് ഞങ്ങളെ കാർന്നുതിന്നു.
ഞങ്ങളുടെ സഹോദരിമാരെ
ഇരുട്ട് ബലാത്സംഗം ചെയ്തു......
അവരുടെ കന്യാരക്തം
ഞങ്ങളുടെ കാല്ക്കീഴിൽ കട്ടപിടിച്ചുകിടന്നു.
പെട്ടെന്നാണ് ചുഴലിയുയർന്നതു്
പ്രളയം വരുന്നു. ഞങ്ങളാക്രോശിച്ചു.
എവിടൊക്കെയോ എന്തൊക്കെയോ

സംഭവിച്ചു.

ഒന്നും മനസ്സിലായില്ല
—ബോംബെ ഡയിംഗിൻെറ പരസ്യം

പോലെ.

പിന്നീട് കണ്ണുതുറന്നപ്പോൾ
മുന്നിൽ, തകർന്നുവീണ പഴയകെട്ടിടം.
—ഇപ്പോൾ ഞങ്ങൾക്കൊന്നു് മനസ്സിലായി
ഞങ്ങൾ മോചിതരായിരിക്കുന്നു.
ഞങ്ങൾക്കു് പിന്നിൽ നിന്നൊരാൾപറഞ്ഞു.
'കെട്ടിടം മുഴുവൻ തകർന്നിട്ടില്ല.
വീണ്ടുമിതുയർത്താം'
ഞങ്ങൾ പരസ്പരം നോക്കി.
പിന്നെ ഉച്ചത്തിൽ കൂകി.
അപ്പോഴാണു് ഞങ്ങൾ കണ്ടതു്
ടെറസ്സിട്ട് കാവി പൂശിയ മറെറാരുകെട്ടിടം
ഒരിക്കൽ പററിയ അമളിയെക്കുറിച്ച്
ഞങ്ങൾ ബോധവാന്മാരായിരുന്നു.
ഞങ്ങളോടി.
തിരിഞ്ഞുനോക്കാതെ, വീണ്ടും
ദൂരെ ചെമ്മണ്ണു് നിറഞ്ഞ പാത
അതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

# പൂജ

ഹമീദ്

Ist. B. Com.

"ഇതിലങ്ങനെ മുള്ളുകളാ. കുത്തു്. തൊട്ടമ്പൊ കുത്തിമുറിക്കുന്നതു്" രമ പറഞ്ഞു.

കൂർത്ത ആരുകൾപോലെ സർപ്പക്കള്ളിയിൽ മുള്ളുകൾ തിങ്ങിനിറഞ്ഞിരുന്നു. കാററിൽ സ്ഥാനം തെററിപ്പറന്ന സാരിത്തലയായിരുന്നു ആദ്യം സർപ്പക്കള്ളിയിൽ കുരുങ്ങിയതു്. ഓരോ മുനകളിൽ നിന്നായി സാരിത്തല വേർപെടുത്താൻ ശ്രമിക്കുമ്പോഴാണു് കൈത്തലത്തിൽ മുള്ളു തറച്ചതു്.

"ശരിക്കു് വേദനിക്കുന്നുണ്ടു്" ആരുകൾ പല്ലുകൊണ്ടു് പറിക്കാൻ തുടങ്ങുകയായിരുന്ന അവൾ കലുങ്ങിച്ചിരിച്ചു് അയാളെ അസ്വാസ്ഥ്യപ്പെടുത്തി.

സർപ്പക്കള്ളികളിൽ നിന്നു് ഒരു കൈപ്പാടകലത്തിൽ അയാൾ കിടന്നു. മേലാകെ ആലസ്യത്തിൻെറ തരിപ്പോടി.

ശവോക്കു് മരങ്ങളിൽ കാററുണ്ടു്. അപ്പുറം തെങ്ങിൻതലകളിൽ ഒരു നേരമ്പോക്കുപോലെ സന്ധ്യ വർണ്ണങ്ങൾ വിടർത്തി.

ഈ തീരത്തു് കടൽകാററുണ്ടു്; കടൽകാക്കകളും കടൽഞണ്ടുകളുമുണ്ടു്. എത്രയോ പകലുകളുടെ വെയിലുകൾ കൊണ്ടു തെങ്ങിപ്പട്ടികളുണ്ടു്. ദർഭപ്പുല്ലുകൾ പരന്നു കിടന്ന തീരത്തു് തന്നെ ഒരു വിളിപ്പാടകലെ ചെറുമക്കളെ ചുടാനുള്ള ചുടലയുമുണ്ടു്. എന്നാലും മനുഷ്യരില്ല.

ചെറുമക്കരയിലെ ചെറുമന്മാർ കുളിച്ചില്ല. ചെറുമികൾ ഓരോ വാവടുക്കുമ്പോഴും കൈതക്കാട്ടു് ചുററിട്ട കുളത്തിൽ കുളിക്കാനിറങ്ങും: കിടാങ്ങൾ കൈതോലമൂർഖന്മാരേയും പേടിച്ചു് കൈതക്കാടിൽ പതിയിരുന്നു് കുളം കണ്ടു.

ചെറുമക്കരയിൽ നിന്നു് ജഡം ചുമക്കാനുള്ളവർ മാത്രമേ ചെറുമന്മാരുടെ ചുടല കണ്ടിട്ടുള്ളു. ചുടലക്കു് അതിരിട്ടുനിന്ന ഇല്ലിമുളംകാടിൻെറ ചുവട്ടിൽപൊന്തിയ മൺപ്പുററുകളിൽ അപ്പാടെ സർപ്പങ്ങളാണു്.

നാടൊട്ടുക്കെതിർത്തിട്ടും രാഘവൻ എന്ന ചെറുമൻ ചുടലയിലേക്കു് പോയി; ചുമലിൽ ഒരു ഭാണ്ഡവും പാരക്കോലുമുണ്ടായിരുന്നു. മൺപ്പുററുകളിൽ പാരക്കോലു് കുത്തിത്തുരന്നു് തുരപ്പന്മാരേയും ചേനത്തണ്ടന്മാരേയും കൊന്നു് ഭാണ്ഡത്തിലിട്ടു് തിരിച്ചുപോന്നു. കൂരയിലെത്തി തള്ളയെ കാണിച്ചു. തള്ള വേവിച്ചു് മകനെ തീററി; തള്ളയും തിന്നു.

അയാൾക്കു് രാഘവനെ എന്നോ മുതൽ പരിചയമുണ്ടു്. മേനിയിൽ മണ്ണു് പൂശിയ ആനയുടെ നിറമുള്ള രാഘവനെ. ചേലചുററിയ ചെറുമികൾക്കു് ഒളിഞ്ഞുനോക്കാൻ

നല്ല ഹരമായിരുന്നു; ഒരു നേരമ്പോക്കിനായി.

രാഘവന് സംസാരിക്കാനോ ചിരിക്കാനോ അറിയില്ല. നടക്കാനറിയാം. എവിടെയെങ്കിലും നോക്കി എന്തെങ്കിലും നോക്കി ഒരു നിമിഷം നില്ക്കാനുമറിയില്ല.

ചുടലയിൽ പതിവായി പോകുക് തുടങ്ങിയതിന്റെ മൂന്നാംദിവസമാണു് രാഘവൻ സർപ്പദംശമേറ്റു് ചത്തതു്. പിന്നെയും രണ്ടു് ദിവസംകഴിഞ്ഞാണു് ജഡം തേടിയിറങ്ങിയവർ ചുടലയിലെത്തിയതു്. അതുംകഴിഞ്ഞാണു് ചെറുമക്കരയിൽ അവന്റെ തള്ള കീറിവിളിച്ചു് കരയാൻ തുടങ്ങിയതു്.

അയാൾക്കു് രാഘവനെ നന്നായറിയാമെങ്കിലും രാഘവൻ അയാളെ അറിയണമെന്നൊന്നുമില്ല. രാഘവൻ സംസാരിക്കാറോ നോക്കിനില്ക്കാറോ ഉണ്ടായിരുന്നില്ലല്ലോ. എന്നിട്ടും രാഘവൻ അയാളിൽ നിറഞ്ഞുനിന്നു. ഒരു മരണത്തിനപ്പുറത്തു് നിന്നു് രാഘവൻ അയാളെ വിളിച്ചു; അയാളെ നോക്കി ചിരിച്ചു.

—വഴിയറിയാത്ത പഥികാ. നിനക്കു വഴിഒരുക്കാൻ ഒരുവൻ വരുന്നുണ്ടു്—രാഘവൻ.

"സർപ്പക്കള്ളിയിലൂടെ സർപ്പങ്ങൾ ഇഴയുന്നതു് കണ്ടിട്ടുണ്ടോ?" രമ പൊടുന്നനെയാണു് ചോദിച്ചതു്.

ചുവപ്പിൽ നിന്നു്, കുങ്കുമക്കീറിൽനിന്നു് ഇരുളു് ഊറുന്നു. ഒരു നേരമ്പോക്കുപോലെ സന്ധ്യ. അയാൾ വെറുതെ ചിരിച്ചു.

"എന്താ വെറുതെ കെടന്നു് ചിരിക്കുന്നതു്. ഞാൻ ചോദിച്ചതു് കേട്ടിട്ടാണോ!" രമ വീണ്ടും.

നേരമ്പോക്കുകളെ കുറിച്ചോർത്തു അയാൾക്കു് വേണ്ടുവോളം ചിരിക്കാനുണ്ടായിരുന്നു. ഇനിയും ചിരിച്ചു് അവളെ മുഷിപ്പിക്കുന്നതു് ഭംഗിയല്ലെന്നു് തോന്നയിട്ടു് കൊണ്ടു് അയാൾ ചോദിച്ചു. "രമ എന്താ പറഞ്ഞതു?"

"ഈ സർപ്പക്കള്ളിയിലൂടെ ഇഴഞ്ഞു് നടക്കുന്ന സർപ്പങ്ങളെ കണ്ടിട്ടുണ്ടോന്നു്?"

"ഇല്ല" അയാൾ പറഞ്ഞു.

"കാണണം," അവൾ ശാന്തയായി "നല്ല രസമുണ്ടു്. ഒരു മുള്ളും കൊള്ളാതെ അതിനു് ശരിക്കു് ഇഴഞ്ഞു് നടക്കാൻ പറ്റുമെന്നാണു് മുത്തശ്ശി പറഞ്ഞതു്."

"രമ കണ്ടിട്ടില്ലേ?"

"ഇല്ല" അവൾ തോളു് കലുക്കി ചിരിച്ചു.

അവളുടെ ചിരിമാത്രമല്ല അവളേയും അയാൾക്കിഷ്ടമാണു്. ഈ താവളവും. ഈ തീരത്തു് വന്നടിയാൻ കളമൊരുക്കിയതു് ചേച്ചിയാണു്. ചേച്ചി എഴുതി:

"ജയാ, നിന്റെ അളിയൻ എന്നെ ഈ കാട്ടിലിട്ടാണു് കൽക്കട്ടയിലേക്കു് പോയതു്. താമസിക്കാൻ അവിടെ നല്ല വീടൊന്നും ശരിയായിട്ടില്ലത്രെ. ഇവിടെ ജീവിച്ചു മടുത്തു. അകത്തിരുന്നു ശ്വാസംമുട്ടിയാണു് പുറത്തിറങ്ങുന്നതു്. പുറത്തിറങ്ങിയാൽ വേഗം മുറിയിൽ കയറി അടച്ചിരുന്നാൽ മതിയെന്നാവും. നമുക്കു് പറയാനോ ഇടപഴകാനോ പറ്റിയ ആളുകളൊന്നുമല്ല ഇവിടെയുള്ളതു്. എനിക്കാകെ മടുത്തു. ജയാ, എന്റെ പൊന്നുമോൻ ഇപ്പോൾ കോളേജു്വെക്കേഷനല്ലേ. നീ ഇങ്ങോട്ടുവാ. ചേച്ചിക്കു് ഒരു തുണയാവും. വരണം ഞാൻ കാത്തിരിക്കും."

ചേച്ചിയുടെ ആശ്വാസമായിരുന്നു അയാൾ. പകലു് കിട്ടിയ നേരമെല്ലാം ചേച്ചി അയാളോടു് സൊറച്ചിരുന്നു. ചേച്ചി സ

ന്തം വേദനകളെകുറിച്ച് സംസാരിച്ചു. മരീചിക എന്ന വാക്ക് പലയാവർത്തി ചേച്ചിയുടെ നാവിൽനിന്നു വീണപ്പോൾ അയാൾ അതിശയിച്ചു.

"എൻെറ വിധി ഈ കാട്ടിൽ?" ചേച്ചി കണ്ണ് തുടച്ചു, ചെകുത്താന്മാര്ടെ വായിൽ."

അയാളപ്പോൾ കീഴ്ചുണ്ട് കടിച്ചമർത്തുന്നതു് ചിരി പുറത്തു് വിടാതിരിക്കാൻ വേണ്ടിയാണ്. ചേച്ചി പാവമാണ്. അളിയനെ അയാൾക്ക് നന്നായറിയാം. ആദ്യമേ പറഞ്ഞു: നീയെന്നെ ചേട്ടാ, അളിയാ എന്നൊന്നും വിളിക്കണ്ട. പേരു് വിളിച്ചോ."

—ദേവദാസൻ

ചേച്ചിയില്ലാത്തപ്പോഴെല്ലാം അയാൾ അങ്ങനെ വിളിച്ചു. ചേച്ചിയില്ലാത്തപ്പോഴെല്ലാം ദേവദാസൻ അയാളുടെ കൽക്കട്ടയിലെ കഥ പറഞ്ഞു.

ദേവദാസൻ കതുക്കൾ നീക്കാൻ കതത്തനാണ്. കള്ളിൻെറ മത്തു് മൂക്കുമ്പോൾ ബംഗാളിപ്പെണ്ണുങ്ങളുടെ സൗന്ദര്യം വർണ്ണിക്കാൻ തുടങ്ങും. ദേവദാസനവിടെ വീട്കിട്ടാഞ്ഞിട്ടല്ല. തീർച്ച.

ചേച്ചിക്ക് പരാതിയുണ്ട്—അയാളുടെ കുത്തംകെട്ട ചിരിയോട്.

ചേച്ചി ഒരു സെൻറിമെൻറലിസ്റ്റായ സംസാരിച്ചു കൊണ്ടിരുന്നപ്പോഴാണ് അയാൾ പൊട്ടിച്ചിരിച്ച് കളഞ്ഞതു്.

"ചിരിച്ചോ ചിരിച്ചോ." രൂദ്രമായ കോപത്തോടെ ചേച്ചി വീണ്ടും, "എന്തടാ ചിരിക്കണേ. കൊരങ്ങിനെപ്പോലെ."

"ഒന്നുമില്ല ചേച്ചി" അയാൾ ചിരിനിർത്താൻ ശ്രമിക്കുകയായിരുന്നു. എങ്കിലും അയാൾക്ക് ദു:ഖമുണ്ടായിരുന്നു—ചിരി ചില പ്രത്യേക സമയത്തേക്ക് മാത്രമുള്ളതാണെന്ന് പറഞ്ഞപ്പോൾ.

"എന്താ ഇങ്ങനെ കുടുകുടാന്ന് ചിരിക്കുന്നതു്" രമ അയാളോട്ട് ചോദിച്ചു. അവളുടെ ആര് കയറിയ കൈത്തലം ഇപ്പോൾ അയാളുടെ തലമുടിയിൽ ഇഴയുകയാണ്.

ഈ കടൽക്കര. സന്ധ്യയവസാനിച്ചു. ഇരുളെവിടേയും മുറുകിത്തുടങ്ങി. രമ അയാളോട്ട് കൂടുതൽ അടുത്തു് വരികയാണെന്ന് അയാൾ അറിഞ്ഞു.

രമയെ പരിചയപ്പെടുത്തിത്തന്നതും ചേച്ചിയാണ്. ചേച്ചിയുടെ വലിയ ഇഷ്ടക്കാരിയാണ്. കടൽ കാണാൻ വിളിച്ചപ്പോൾ ചേച്ചി വന്നില്ല.

അയാൾ വീട്ടിൽ ഒരിക്കലും ഒതുങ്ങിയിരുന്നില്ല. സഞ്ചാരിയെപ്പോലെ വെയില് കൊള്ളാതെ, ചോലയിലൊതുങ്ങി അയാൾ ഗ്രാമം നടന്നു കണ്ടു. ഈർപ്പമുള്ള കുണ്ടനിടവഴികളിലൂടെ പടിഞ്ഞാറോട്ട് നടന്നാൽ ഒടുവിൽ കടൽതീരത്തെത്താം. അയാളോടൊപ്പം അസ്തമനം കണാൻ രമയും പുറപ്പെട്ടു.

രമ അയാളിൽ പടരുകയാണ്. അവളുടെ വിരലുകൾ സർപ്പങ്ങളുടെ സാമർത്ഥ്യത്തോടെ ഇഴയുന്നുണ്ട്. നൊടിനേരത്തേക്ക് അതു് അയാളെ നടുക്കി.

പഥികാ, ഇതു് സർപ്പപൂജയാണ്–ഒരു മരണത്തിനപ്പുറത്തു് നിന്നു് രാഘവൻ മന്ത്രിച്ചു.

ഇരുട്ടിൽ മുങ്ങിയ സർപ്പക്കള്ളിയിൽ നിന്നു് സർപ്പം ഇറങ്ങിവരുന്നതു് അയാൾ കണ്ടു. അതു് അയാളിൽ മൂളി പടന്നു കയറി. അയാളെ ഉണർത്തി, അഗാധഗർത്തത്തിലെറിഞ്ഞു്, വീണ്ടുമുയർത്തി അങ്ങനെ അതു് അമ്മാനമാടി.

അയാൾക്കും അവൾക്കുമിടയിൽ കാമത്തിൻെറ ഞാഞ്ഞൂളുകൾ പുളഞ്ഞുകൊണ്ടിരുന്നു.

അയാൾ പൂജക്കൊരുങ്ങി.

——

# പ്രഭാതം


പി. പത്മനാഭൻ നമ്പൂതിരി

I P. D. C.


പൂർവ്വചക്രവാളത്തിൽ
തിരശ്ശീലയ്ക്കുമേലേ
പൂരിതശോഭം തല-
യുയർത്തിക്കാട്ടി സൂര്യൻ!
പിന്നെയസ്സുദീപ്താംഗൻ
തീക്കനൽക്കട്ടപോലെ
വിണ്ണിലേയ്ക്കുയർന്നിട്ടു
ചുററിലും നോക്കീടിനാൻ.
വാരണിപ്പൊയ്കകളി-
ലുറങ്ങിക്കിടക്കുന്ന
വാരിജമായുള്ളോരു
കാന്തയെപ്പതുക്കവെ
ഉണർത്തി, ക്കരങ്ങളാൽ
തലോടിയുത്തേജിപ്പി-
ച്ചുദാത്തഭാവം നൽകി
യുജ്ജ്വലിയ്ക്കുയായ് വാനിൽ!
മുററത്തു പന്തലിച്ചു
നില്ക്കുന്ന തേന്മാവിൽനി-
ന്നുച്ചത്തിൽ പൈങ്കിളിതൻ
ഗീതങ്ങൾ കേൾക്കാറായീ.
നിദ്രയിൽ മുഴുകിയ
മാനവരെല്ലാവരും
സഭ്രമമെണീറേറാരോ
കൃത്യത്തിലാമഗ്നരായ്!

# പ്രതീക്ഷകൾ ഒരനിവാര്യതയായി തീർന്നിട്ടുള്ള പെൺകുട്ടിയുടെ കഥ

വിജയകുമാർ എം. പി.

II B. Sc. Chemistry

വീണ്ടും സന്ധ്യ അണിഞ്ഞൊരുങ്ങി. ബലാൽസംഗം ചെയ്യപ്പെടാൻ കൊതിക്കുന്ന ഇരുളെന്ന മഹാരാജാവിന്റെ മദാലസ. പൂഴിപ്പരപ്പിൽ, കടലലകളിൽ അവളുടെ നൂപുരനാദം അലഞ്ഞാർത്തുനടന്നു. ഒരുന്മാദിനിയെപ്പോലെ ഒരു കാമാതുരയെപോലെ തീരങ്ങളലവൾ രതിനടനമാടി. ചേല സ്ഥാനം തെററി.

എന്നാൽ സന്ധ്യയുടെ ഭാഗ്യമെന്നു തന്നെ പറയട്ടെ, ഇരുളിന്റെ സിരകളിൽ കാമവും ഹൃദയംനിറയെ ക്രൂരതയുമായിരുന്നു. അയാളവളെ വാരിയെടുത്തു തെരുതെരെ ചുംബിച്ചു. കണ്ണിൽ. ചുണ്ടിൽ. കാതിൽ. പിൻകഴുത്തിൽ. പിന്നെപ്പിന്നെ അവളുടെ ഓരോ ഇഞ്ചിലും. സന്ധ്യ പിടഞ്ഞു. പിടിമുറുക്കി. പരിപൂർണ്ണതയുടെ അനന്തത. സഫലതയുടെ അപാരത. സന്ധ്യ പുളഞ്ഞു.

ഭഗവതീ...ദീപം...ദീ പം...ഇ രു ണ്ട മച്ചിനുള്ളിൽ നരിച്ചീറുകൾ പാറിയലഞ്ഞു. മരിച്ചുപോയവരുടെ ഓർമ്മകൾ പുതുക്കാൻമാത്രം വന്നെത്തുന്ന ശ്രാദ്ധനാളുകളിൽമാത്രം കിലുക്കാറുള്ള കുടമണികൾ കിലുങ്ങി. ഒരനാഥപ്രേതത്തിന്റെ സാന്നിദ്ധ്യംപോലെ വളയങ്ങളിൽ തൂങ്ങിക്കിടന്ന നരിച്ചീറുകൾ മൂത്രമൊഴിക്കുകയും പച്ചനിറത്തിൽ കാഷ്ഠിച്ചുകൂട്ടുകയും ചെയ്തു.

കുളക്കോഴികൾ നിരങ്ങിനീങ്ങിയ ഞാററുപാടങ്ങളിലൂടെ ആഗ്നേയശിലകൾ താവളമടിച്ച കുന്നിൻപരപ്പിലൂടെ ഇരുളിന്റെ സൈന്യം കടന്നുപോയി. കിഴക്കൊരുദിക്കിലേക്കു. സൂര്യന്റെ ജന്മഗേഹം തേടി. ഒരു ലക്ഷ്യം. ഒരു മുന്നേററം.

മുതുക്കനെലികൾ മാളങ്ങൾ തീർത്ത ഊടുവഴികൾ വെട്ടിയ പാല്യത്തരം പേറുന്ന തട്ടിൻപുറങ്ങൾ. പല്ലികളുടെ, ഒട്ടെരുമകളുടെ, അണ്ണാക്കൊട്ടന്റെ വിഹാരരംഗങ്ങൾ. നടുമുററങ്ങളുടെ മൂലകളിൽ മൺകൂനകൾ തീർക്കുന്ന പാമ്പനെറുമ്പുകൾ, ഇണക്കുരുവികൾ തലമുറകൾക്കുവേണ്ടി കൂടുകെട്ടിപാർക്കുന്ന മേൽക്കൂരപോയ പടിപ്പുര, പച്ചപ്പായലുകൾ നിറഞ്ഞ പച്ചക്കുളം. തലപോയ വയസ്സൻതെങ്ങുകൾ, ഇരുണ്ട രാവുകളെ, തലമുറകളുടെ തറവാടേ ഇതൊരു താരാട്ടുപാട്ടല്ല; ഒരഭയാർത്ഥിനിയുടെ ആത്മാലാപമാണ്.

ദുഃഖം മുൾപ്പടർപ്പുകൾ നെയ്യുപാകുന്ന ഉഷസ്സുകൾ. മദ്ധ്യാഹ്നങ്ങൾ. സന്ധ്യകൾ. പിന്നെപ്പിന്നെ നിശീഥിനീയാമങ്ങൾ. വി

രസത്‌യുടെ മുൾക്കിരീടമെറിഞ്ഞുതന്നു എന്നെ നോവിക്കാനെന്തൊരു വ്യഗ്രതയാണവക്ക്.

ദിനവും ജനലക്ഷങ്ങളുടെ ജനിമൃതികൾ. തികച്ചും അതിഥികളായി വന്നെത്തുന്നവർ. തികച്ചും അതിഥികളായി തിരിച്ചുപോകുന്നു. പിന്നെ അഹന്തക്കും അധികാരത്തിനും എന്താണടിസ്ഥാനം! സന്ധ്യ പുന:ജ്ജനിക്കുന്നു. എന്നിട്ടും നിർവ്വികാരനായി നിസ്സംഗനായി പ്രപഞ്ചം!

...ഫൽഗുനൻ, പാർത്ഥൻ, വിജയനും.. ദശനാമങ്ങളുടെ ജപമാലയണിഞ്ഞ എന്റെ അനുജത്തി ഉറങ്ങിയിരിക്കുന്നു. പാവം. ചെറുപ്പത്തിലേ എന്തെല്ലാം നഷ്ടമായില്ല! ബന്ധപ്പെട്ടവരെല്ലാം തന്നെ സമയമില്ലാത്ത മട്ടിൽ തിടുക്കത്തിൽ യാത്രയാണ്. യാത്രയാണ്.

അപസ്വരം കലർന്ന ശ്രുതിയായി, വെറുമൊരു പാഴ്ശ്രുതിയായി ഞാനെന്നേ പരിണമിച്ചത്? പരിണാമം! വാക്കുകൾക്കെന്തൊരു ഹൃദയശൂന്യമായ അർത്ഥവിശാലത! പക്ഷേ മണൽക്കാടിൽ തണലുകൾ തേടിയുള്ള തന്റെ ഈ വ്യർത്ഥാടനം. മനുഷ്യമനസ്സുകളെ, അവരുടെ മോഹങ്ങളെ, സ്വപ്നങ്ങളെ അമ്മാനമാടുന്ന വിചിത്രമായ ബഹുമുഖക്രൂരജീവിയല്ലോ ഭഗവതി.

ഇരുളിന്റെ ഇരുണ്ട ശ്മശാനങ്ങളിൽ രാത്രിയുടെ സംഗീതം. മൂങ്ങകളുടെ പ്രണയാപദാനങ്ങൾ. കാമവെറികൊണ്ട പൂച്ചകളുടെ കലമ്പൽ. വാഴയിലകളിൽ വാവലുകളുടെ കടയടി ശബ്ദം. ഏറിവരുന്ന ഭയാനകത.

കോടമഞ്ഞലഞ്ഞ, ചീവീടുകൾ കരഞ്ഞ ആ സായംസന്ധ്യയിലെത്തിയ അയാളെങ്കിലും തനിക്കൊരു തണൽവൃത്തം വരക്കുമെന്നും അതിലെന്നെ കുടിയിരുത്തുമെന്നും പ്രതീക്ഷിച്ചതു വ്യാമോഹം! തളിരുകളെ കാണരേവാളേക്കും പൂക്കളെ പ്രതീക്ഷിക്കുന്ന ഞാൻ. കൂട്ടുകാരോടൊപ്പം കയറിവന്ന വെളുത്തുമെലിച്ച അയാൾക്കു കാലിനല്പം മുടന്തുണ്ടായിരുന്നു. കാത്തിരിക്കുന്നവരും പ്രതീക്ഷിക്കുന്നവരും എത്ര മടയർ.

വല്ലപ്പോഴുമൊക്കെ തിരക്കു നടിച്ചു ഓടിക്കിതച്ചെത്തുന്നവർ, ഏറ്റുവാങ്ങാനെന്ന നാട്യേന, തികഞ്ഞ നിസ്സംഗരായി യാത്രയാവുമ്പോൾ നടുമുറ്റങ്ങളുടെ പൂഴിമണലുകളിൽ കണ്ണീർക്കണങ്ങൾ ഇറ്റുവീഴുമ്പോൾ തേങ്ങലുകൾ...ഹൃദയമെത്ര ലോലം. ഭഗവതീ, ഇതനുവദിച്ചുകൂടായിരുന്നു. പാട്ടും നൃത്തവും ഞാൻ തനിച്ചു വേണമോ?

സ്മൃതിപഥത്തിൽ–ശ്മശാനത്തിൽ ചിത. ചാരപ്പടിയിൽ കയറിയിരുന്നു ജനലിലൂടെ നോക്കിയിരുന്നപ്പോൾ എന്തൊരു നിർവ്വികാരത! തെക്കറയുടെ ഇരുണ്ട മൂലകളിൽ ഇണയെ നഷ്ടപ്പെട്ട അമ്മയുടെ രോദനം. തളർന്നു ചുരുണ്ടു കിടന്നു. മരണമെന്തെന്നു കരുതി ഞാൻ! പിന്നെ പതിമൂന്നാം നാളിൽ അമ്മയും ഒരുപിടി ചാരമായടിഞ്ഞപ്പോൾ, അച്ഛന്റെ മരണത്തിനു ശേഷം തെക്കറയുടെ ഇരുണ്ടമൂലകൾ ഉറങ്ങിയിട്ടേ ഇല്ലായിരുന്നല്ലോ, എനിക്കും കൊച്ചനുജത്തിക്കും മുത്താച്ചിയെന്ന ഇലകൊഴിഞ്ഞ തണൽവൃക്ഷം!

വേദനകൾ മഞ്ഞുകട്ടപോലെ ഉറഞ്ഞുകട്ടിയായി കാലത്തിന്റെ ഒഴുക്കിൽ പൊന്തിക്കിടക്കുന്നു!

അന്ന് തളിരുകളിൽ ശൈത്യം അടയിരുന്ന ഒരു വൃശ്ചികപ്പുലരിയിൽ ജയൻ കയറിവന്നു. വടക്കേ വെട്ടുപാറയിൽ ഇളംവെയിൽകാഞ്ഞു ഓലമടയുന്ന മുത്താച്ചി. 'ചേച്ചീ' തികച്ചും അപ്രതീക്ഷിതമായിരുന്നു വിളി. തിരിഞ്ഞുനോക്കവെ ഒരു മുഗ്ദ്ധഹാസവുമായി ജയൻ.

"ചേച്ചിയെന്താണിങ്ങനെ?"

"എങ്ങനെ?" ദുഃഖം പാടവീശിയ പുഞ്ചിരിയോടെ.

"എപ്പോഴുമൊരു വിഷാദം; ഒരു വിരസത."

"അതൊക്കെ വെറുതെ തോന്നാണ്. അല്ലെങ്കിലും ജയനെ എന്നു കണ്ടതാണ്. നാലഞ്ചുവർഷം മുന്നെ ഒരിക്കലൊരു ബസ്സ്റ്റോപ്പിൽവെച്ച്."

"വരൂ ചേച്ചീ. ഉമ്മറത്തേക്കു പോവാം. എനിക്കിന്നൊരു ഡാൻസുവേണം." ശാഠ്യം.

ജയൻ ആളാകെ വല്യതായിരിക്കുന്നു. ചേച്ചീ എന്നു വിളിക്കുമ്പോൾ എന്തൊരങ്കലാപ്പ്! അവസാനമായി കാണുമ്പോൾ കൊച്ചുകുട്ടിയായിരുന്നു. അന്നും ഇവിടേക്കൊന്നും വന്നിരുന്നില്ല. പ്രതാപിയായ അമ്മാവന്റെ താക്കീത്! പിന്നെ ഇപ്പോൾ? ചങ്ങലക്കണ്ണികൾക്കു തേയ്മാനം?

"പ്രിയ അനിയാ. ഈ ചേച്ചി ന്നതൊക്കെ മറന്നോട്ടോ. ഇപ്പം ആട്ടം മാറി. വേഷം മാറി. അരങ്ങുമാറി." ചുണ്ടുകളെന്തേ വിതുമ്മി! കണ്ണുകളെന്തേ നിറഞ്ഞു!

"എങ്കിലും എനിക്കുവേണ്ടി ഒരിക്കൽ മാത്രം. ഓടിയെത്തിയ എനിക്കുവേണ്ടിമാത്രം." അവന്റെ വാക്കുകളിൽ ആത്മാർത്ഥത തുളുമ്പിയിരുന്നു.

പിന്നെ ഒരീണത്തിൽ, ഒരൊഴുക്കിൽ "ചേച്ചി ഒരു വസന്തോദ്യാനംപോലെ, ഒരു ഹേമന്തസ്വപ്നംപോലെ സുന്ദരിയാണ്! ചേച്ചിക്കു മുരിങ്ങാപ്പൂക്കളുടെ ഗന്ധമാണ്! എന്നിട്ടും... ചേച്ചിയെ ഞാനാരാധിക്കുന്നു! അന്ധമായ ആരാധന! ചേച്ചിക്കിഷ്ടമാണെങ്കിൽ ചേച്ചിയെ ഞാൻ..."

പ്രതീക്ഷിച്ചില്ലിത്രയും. എങ്കിലും ഒരായിരം തവണ "അനിയ" എന്നലറാനാണ് തോന്നിയത്. അപ്പോഴാണ് ഊറൻതോർത്തുമായി കുളക്കടവിൽനിന്നു മുത്താച്ചിയുടെ വരണ്ടവിളി.

തിരിച്ചുവന്നപ്പോൾ ജയനില്ല. പോകുമ്പോൾ ഒരു വാക്കെങ്കിലും പറഞ്ഞില്ലല്ലോ അനിയാ നീ. ഹൃദയം വെറുമൊരു പാഴ്നിലം. യഥേഷ്ടം പറിച്ചുനടാം. നിസ്തൃപം പിടിച്ചുപറിക്കാം. ജയാ, ഈ ചേച്ചിക്കു ഇഷ്ടമാണുകെട്ടോ. ഒരുപാട്. മോനെ, ഒരുപാട്.

ഒരു വൈകുന്നേരം പയററടിപൂക്കളുടെ ശവമരച്ചു വെറുതെ മുററത്തുലാത്തവെ കിണററിൻകരയിൽ വീഴുന്ന, പിന്നെ കുടമുടയുന്ന ശബ്ദം. അരിച്ചുകയറിയ അന്ധാളിപ്പ്. ഒററക്കിതപ്പോടെ ആ ശരീരത്തിൽ വീഴ്കെ അലറിയിരുന്നോ എന്നാണു സംശയം. പക്ഷെ, ഓടിയടുത്ത പാദപതനങ്ങൾ! സാന്ത്വനങ്ങളുടെ നിമന്ത്രണം! പിന്നെ മാവിൻകൊമ്പുകൾ വീണു. ഈന്തിൻതടികൾ പുഴങ്ങി. ചിത. ചിതയിൽ അവസാനത്തെ (ഇലകൾ കൊഴിഞ്ഞതെങ്കിലും) തണൽവൃക്ഷവും എരിഞ്ഞു.

വിരസമായ ആവർത്തനം. (ആവർത്തനങ്ങളെല്ലാം വിരസങ്ങളാകുന്നു.) ബലിക്കളം. കറുകപ്പുല്ലുകൾ. മോതിരം. വെള്ളം. നാക്കില... തപ്പുകൊട്ടൽ. കാക്കകൾ. ബലിക്കാക്കകൾ. യാമങ്ങൾ വിളക്കുന്നു. ചന്ദ്രൻ രസിക്കുന്നു.

ഒരിക്കൽ ആത്മാർത്ഥതയുടെ ശലഭങ്ങളുമായി, സൗരഭ്യങ്ങളുടെ പുഷ്പങ്ങളുമായി അവൻ കടന്നുവരും. തീർച്ച.

"കൂട്ടുകാരായി ആരും ഇനിയുമെത്തിയില്ലേ, ചേച്ചീ?"

ഇതാ. ഏകാന്തതയെപോലെ എന്നെ പീഡിപ്പിക്കുന്ന എന്റെ കൊച്ചനിയത്തി.

പാവം. എന്നെ ആനന്ദിപ്പിക്കുന്നതിലാണ വളുടെ ശ്രദ്ധയത്രയും. എനിക്കവൾ ഉത്തര മായില്ല.

അന്നു് ഒരിക്കലെങ്കിലും തന്റെ ഉദ്യാനങ്ങളിൽ, ഉപവനങ്ങളിൽ വസന്തങ്ങൾ ചേക്കേറും. പൂങ്കുലകൾ കാററിലുലഞ്ഞാടും. സൗരഭ്യം പേറുന്ന സമീരണൻ ആശ്വാസം പകരും. അന്നു്!

ആ വസന്താഗമനത്തിനു ഇനിയും എത്രനാൾ? എത്രയായാലും അതുവരെ കാത്തിരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിലും എന്നും കാത്തിരിപ്പു ഒരനിവാര്യതയായിരുന്നല്ലോ എനിക്കു്! പക്ഷെ കാത്തിരിക്കുവാൻ തെയ്യാറില്ലാത്ത എന്റെ കൊച്ചനുജത്തി ഒരിക്കൽ ഒരു വികാരപ്പകർച്ചക്കായി ദാഹിക്കുമ്പോൾ.! ഈ ഞാനെന്തുചെയ്യും? ഒരു ദശാസന്ധി പോലെ ആലാപമവിടെ ഉടക്കുകയാണു്.

# പുരാവൃത്തം

എ.മഹമുദാ ബീഗം

ഉത്ഭവം എവിടെയാണെന്നറിയില്ലായിരുന്നു;
വഴിയാത്രയ്ക്കിടയിൽ വീണുകിട്ടിയ,
നിഴൽക്കൂമ്പാരങ്ങളെനിക്ക
സങ്കേതങ്ങളാകുമെന്ന വ്യാമോഹം;
ദൂരങ്ങളുടെ അനുരണനങ്ങളിൽ,
ഒരു നേർത്ത ഇടർച്ചയായി,
കാത്തിരിപ്പുകളുടെ ദുസ്സൂചനകളിൽ,
ഒരു നെടുനിശ്വാസമായി:
എന്റെ ഇടനെഞ്ചിൽ,
തടംകെട്ടിയ പ്രതീക്ഷകളെല്ലാം
ഒരു നിമിഷത്തിന്റെ ത്വരിതാവേഗത്തിൽ
ചിറകൊടിഞ്ഞു തകർന്നു വീണപ്പോഴും
പരിചിതങ്ങളായ മുഖഭാവങ്ങളും
അപരിചിതത്വത്തിന്റെ മേലങ്കികളിൽ,
കണ്ണുചിമ്മുന്ന അക്ഷരങ്ങളുമെല്ലാം,
എന്റെ ഉറക്കങ്ങളെയും,
ഉണർവ്വുകളെയും, അപഹരിക്കുമ്പോൾ:
നിനക്ക് പറയാനുണ്ടായിരുന്നത്,
അടിച്ചേല്പിക്കപ്പെട്ട
ചങ്ങലകളെക്കുറിച്ചായിരുന്നല്ലോ.
എന്റെ സ്വപ്നങ്ങളുടെ സുഭിക്ഷതയിൽ
നാം ചിറകുവെച്ച രാജദമ്പതികളായിരുന്നു.
പഴയ ചക്രവാളങ്ങളിൽ
പഴയ ധൂർത്തപുത്രന്മാരെപ്പോലെ,
മദിച്ചുനടന്നപ്പോൾപ്പോലും;
ചക്രവർത്തി നഗ്നനാണെന്ന്,
വിളിച്ചുകൂവാനുള്ള ഊർജ്ജം,
നാം കരുതിവെച്ചിരുന്നു.
എന്നിട്ടും, കാലത്തിന്റെ ഒഴുക്കിൽ,
എന്റെ നാഭിയിൽ,
വീണ്ടും വീണ്ടും,
അഗ്നിപുഷ്പങ്ങൾ വിടർന്നു.
അനാഥരുടെ ശവമഞ്ചങ്ങൾ ചുമക്കാൻ
എല്ലാക്കാലവും ശവംതീനികളുണ്ടായിരുന്നല്ലോ.

# റിസർവ് ബേങ്ക് ഓഫ് ഇന്ത്യ

ഹാഫീസ്
II B. A.

വ്യാപാരബേങ്ക് വളച്ച് പ്രാപിച്ച എല്ലാ രാജ്യങ്ങളിലും ഓരോ കേന്ദ്രബാങ്ക് പ്രവത്തിക്കുന്നുണ്ട്. അവയെല്ലാം നയത്തിലും പ്രവത്തനത്തിലും പ്രവത്തനമാതൃകയിലും ഏതാണ്ട് ഒരുപോലെയാണ്.

കേന്ദ്രബാങ്ക് എന്ന ആശയം പ്രചുരപ്രചാരമായത് ഇരുപതാം നൂററാണ്ടിലാണെങ്കിലും പതിനേഴാം നൂററാണ്ടിന്റെ അവസാനഘട്ടം മുതൽക്ക് തന്നെ കേന്ദ്രബാങ്ക് നിലനിന്നുപോന്നിരുന്നു. ആദ്യത്തെ കേന്ദ്രബാങ്ക് 1688ൽ സ്വീഡനിൽ സ്ഥാപിച്ചു. 1694ൽ ആണ് ഇംഗ്ലണ്ടിലെ കേന്ദ്രബേങ്കായ ബേങ്ക് ഓഫ് ഇംഗ്ലണ്ട് സ്ഥാപിതമായത്. ഈ ബേങ്കുകൾ ആദ്യകാലം മുതൽതന്നെ വ്യാപാരബേങ്കുകളുടെമാത്രം മാതൃകയിൽ പ്രവത്തിച്ചിരുന്നില്ല. ഗവൺമെൻറുകൾക്ക് പണം ഉണ്ടാക്കിക്കൊടുക്കുക എന്നതായിരുന്നു അവയുടെ പ്രധാനനയം. പിന്നീട് ഈ ബേങ്കുകളുടെ പ്രവത്തനമണ്ഡലം വിശാലമാകാൻ തുടങ്ങി.

1808ൽ നെപ്പോളിയൻ ബേങ്ക് ഓഫ് ഫ്രാൻസ് എന്ന പേരിൽ ഫ്രെഞ്ച് കേന്ദ്രബാങ്ക് സ്ഥാപിച്ചു. അതിനുശേഷമാണ് യൂറോപ്യൻ രാജ്യങ്ങളിൽ കേന്ദ്രബാങ്കുകൾ പ്രവത്തിച്ചു തുടങ്ങിയത്. അമേരിക്കയിൽ ഫെഡറൽ റിസർവ് സിസ്റ്റം എന്ന പേരിൽ ഓരോ സംസ്ഥാനത്തിലും ഓരോ കേന്ദ്രബാങ്ക് സ്ഥാപിക്കുകയുണ്ടായി. ഒരു രാജ്യത്ത് ഒന്നിൽ കൂടുതൽ കേന്ദ്രബാങ്കുകൾ ഉണ്ടാകുക എന്ന തത്വം ഇതോടുകൂടി അംഗീകരിക്കപ്പെട്ടുവന്നു. കേന്ദ്രബാങ്കുകളെല്ലാം അവയുടെ ആവിർഭാവകാലത്ത് സ്വകാര്യ ബാങ്കുകളായിരുന്നു. ഗവണ്മെണ്ടുകളുടെ സാമ്പത്തിക പ്രവത്തനങ്ങളെ സഹായിക്കുന്ന ബേങ്കുകൾ എന്ന നിലക്ക് അവ സ്വതന്ത്രസ്ഥാപനങ്ങളായി നിലനിന്നു. എന്നാൽ ലോകമഹായുദ്ധത്തിന്ശേഷം കേന്ദ്രബാങ്കുകൾ ദേശീയനിലവാരത്തിൽ കൊണ്ടുവരാനുള്ള ആവശ്യത്തിന് ശക്തികൂടി. അതോടെ അവ സ്വകാര്യമേഖലയിൽനിന്ന് പൊതുമേഖലയിലേക്ക് കൊണ്ടുവരാനോ സർക്കാർ നയത്തിന് അനുസരിച്ച് മാത്രം പ്രവത്തിക്കാനോ തുടങ്ങി.

ഇന്ത്യൻ ബേങ്കിങ്ങ്മേഖലയിൽ കേന്ദ്രബാങ്കിന്റെ പിറവി അടുത്ത കാലത്താണുണ്ടായത്. 1926ൽ ഹിൽടൺയംഗ് കമ്മീഷൻ ഇന്ത്യയിൽ ഒരു കേന്ദ്രബാങ്കിന്റെ ആവശ്യകതയെപ്പററി ശുപാർശ ചെയ്തിരുന്നു. നിർഭാഗ്യവശാൽ അന്നത്തെ ഗവമ്മെണ്ടും അസംബ്ലിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യസ്താഭിപ്രായം കൊണ്ട് ഈ ബിൽ പ്രാബല്യത്തിൽ വന്നില്ല. 1931ലെ സെൻട്രൽബാങ്കിങ്ങ് എൻക്വയറി കമ്മററി ഈ ആവശ്യകതയുടെ പ്രാധാന്യം ചൂണ്ടിക്കാണിക്കുകയും ഇന്ത്യയുടെ സാമ്പത്തി

കോൽകഷത്തിന് ഒരു കേന്ദ്രബാങ്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന ആവശ്യകത മുറുകെ പിടിക്കുകയും ചെയ്തു. 1933ൽ അസംബ്ലിയിൽ വീണ്ടും ബിൽ അവതരിപ്പിക്കുകയും കാലക്രമേണ അത് പ്രാബല്യത്തിൽ വരുത്തുവാനുള്ള ക്രമങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങിനെ 1935 ഏപ്രിൽ ഒന്നാം തീയതി ഇന്ത്യയിൽ റിസർവ്വ ബേങ്ക് പ്രവത്തനം തുടങ്ങി.

സ്വകാര്യഓഹരി ഉടമകളുടെ ബേങ്ക് ആയിട്ടാണ് റിസർവ്വ് ബേങ്ക് 1935ൽ ആരംഭിച്ചത്. ഇതിൻെറ അംഗീകൃത മൂലധനം 5കോടി രൂപയായിരുന്നു. അതു മുഴവൻ അഞ്ചുലക്ഷത്തോളം 100രൂപാഓഹരികളായിട്ടാണ് പിരിച്ചെടുത്തത്. ഓഹരിയുടമകൾക്ക് നഷ്ടപരിഹാരം കൊടുത്ത് ബേങ്കിൻെറ സർവാധികാരങ്ങളും ഗവർമ്മെണ്ട് ഏറെറടുത്തു. ലോകത്തിലെ മിക്ക കേന്ദ്രബാങ്കുകളും രണ്ടാംലോകമഹായുദ്ധത്തോടുകൂടി ദേശസാൽക്കരിക്കപ്പെട്ടു. രാജ്യത്തിൽ മുഴവൻ പ്രാതിനിദ്ധ്യം കിട്ടുന്നതിനു വേണ്ടി ഷെയറുകൾ നാലു മണ്ഡലങ്ങളിലേക്കായി വിഭജിച്ചിരുന്നു. അതു ബോംബെയിൽമാത്രം കേന്ദ്രീകരിച്ചു തുടങ്ങി. അതുകൊണ്ട് പൊതുസ്ഥാപനമെന്ന പദവി നഷ്ടപ്പെടാൻ തുടങ്ങി. അതിനാൽ ദേശസാൽകരണം അത്യാവശ്യമായി വന്നു. കേന്ദ്രബാങ്കാണെങ്കിൽ കൂടി ഇതിൻെറ ഗവർമ്മെണ്ട് നിക്ഷേപങ്ങളിൽ നിന്നുള്ള ലാഭം കൂടി ഓഹരിയുടമകൾക്കാണ് ലഭിച്ചത്. അതിനാൽ അത് ജനങ്ങൾക്ക് ഉപയുക്തമാകണമെങ്കിൽ ദേശസാൽക്കരണം അത്യാവശ്യമാണ്. ഒരു രാജ്യത്തെ സാമ്പത്തിക പുരോഗതിക്ക് ആ രാജ്യത്തെ ഏററവുംവലിയ ധനസ്ഥാപനം ദേശസാൽക്കരിക്കേണ്ടതു് അത്യാവശ്യമാണ്. ഈയാവശ്യങ്ങളെ പരിഗണിച്ചുകൊണ്ടാണ് 1949 ജനുവരി ഒന്നാംതിയതി റിസർവ്ബേങ്ക്ഓഫ് ഇന്ത്യ ദേശാസാൽക്കരിച്ചതു്.

## പ്രധാനപ്രവർത്തനങ്ങൾ:

റിസർവ്വ്ബേങ്ക് ഓഫ് ഇന്ത്യ രണ്ടുതരം പ്രവത്തനങ്ങൾ നടത്തിവരുന്നു. ചില സാധാരണബേങ്കിങ്ങ് പ്രവത്തനങ്ങളും കേന്ദ്രബാങ്കുകൾ പതിവായി നടത്തിവരുന്ന പ്രവത്തനങ്ങളും. അവയിൽ ഏററവും പ്രധാനമായവ ഇവയാണ്.

### 1. നോട്ട് ഇഷ്യൂ:

ഇന്ത്യയിൽ പണമടിച്ചിറക്കാനുള്ള പരമാധികാരം റിസർവ്ബേങ്കിനാണ്. നോട്ടുകളിറക്കാൻ വേണ്ടി ബേങ്കിനൊരു പ്രത്യേക നോട്ട്ഇഷ്യു ഡിപ്പാർട്ട്മെൻറ് ഉണ്ട്. ഈ ഡിപ്പാർട്ട്മെൻറിനു പണമടിച്ചിറക്കണമെങ്കിൽ അതിനു് ആനുപാതികമായി കുറെ ആസ്തികളുണ്ടായിരിക്കണം. സ്വർണ്ണനാണയങ്ങൾ, സ്വർണ്ണക്കട്ടികൾ, വിദേശസെക്യൂരിററികൾ മുതലായവയാണ് പണമടിച്ചിറക്കാനായി കേന്ദ്രബേങ്ക് സൂക്ഷിക്കുന്ന ആസ്തികൾ.

### 2 ബേങ്കേഴ്സ് ബേങ്ക്:

ഇന്ത്യയിലെ എല്ലാ ബാങ്കുകളും അവയുടെ നിക്ഷേപത്തിൻെറ ഒരു നിശ്ചിതശതമാനം റിസർവ്വ്ബാങ്കിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങിനെ സൂക്ഷിക്കുന്ന തുകക്ക് പലിശ ലഭിക്കുകയില്ല. ബാങ്കുകളിൽ ആവശ്യത്തിൽ കൂടുതൽ പണം കയ്യിരുപ്പുണ്ടെങ്കിൽ അതും കേന്ദ്രബാങ്കിൽ തന്നെയാണ് സൂക്ഷിക്കേണ്ടത്. 1975ലെ ഭേദഗതി പ്രകാരം ആകെയുള്ള ടൈം ആൻറ് ഡിമാൻറ് ലയബിലിററികളുടെ (time and demand liability) മൂന്നു് ശതമാനം സംഖ്യ കേന്ദ്രബാങ്കിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിയന്ത്രണത്തിനു് വിധേയമായി പ്രവത്തിക്കുന്ന ബാങ്കുകൾക്ക് കേന്ദ്രബാങ്കിൽനിന്നു് അത്യാവശ്യസഹായങ്ങൾ ലഭിക്കുന്നതാണ്. അംഗീകൃതബില്ലുകൾ, ഓഹരികൾ, സ്വർണ്ണം മുതലായവ

ക്കെതിരെ വ്യാപാരബേങ്കുകൾക്ക് താല്കാലികാവശ്യങ്ങൾ നിറവേററുവാൻ റിസർവ്വ് ബേങ്ക് പണം കൊടുക്കാറുണ്ട്.

## 3 ബാങ്കുകളുടെ വായ്പ നിയന്ത്രിക്കുക:

അംഗബേങ്കുകളുടെ വായ്പാനിർമ്മാണം നിയന്ത്രിച്ച് രാഷ്ട്രത്തിന്റെ സാമ്പത്തികഭദ്രത കാത്ത്സൂക്ഷിക്കാൻ കേന്ദ്രബാങ്ക് ശ്രമിച്ചുവരുന്നു. ഔദ്യോഗികപലിശനിരക്കിൽ (Bank rate policy) മാററം വരുത്തിയും തുറന്ന നാണയവിപണിയിൽ ഓഹരികളും ബോണ്ടുകളും മററും വിപണനം ചെയ്തും റിസർവ്വ്തോതിൽ മാററം വരുത്തിയുമാണ് ബേങ്കുകളുടെ വായ്പാനിർമ്മാണത്തെ റിസർവ്വ്ബേങ്ക് പരോക്ഷമായി നിയന്ത്രിച്ചുവരുന്നത്. കൂടാതെ ആവശ്യമുള്ളപ്പോൾ ചില സർക്കുലറുകളിറക്കിയും കേന്ദ്രബാങ്ക് വ്യാപാരബേങ്കുകളുടെ വായ്പാനിർമ്മാണത്തെ നേരിട്ട് നിയന്ത്രിക്കാറുണ്ട്.

## 4 പണത്തിന്റെ ബാഹ്യമൂല്യം നിയന്ത്രിക്കുക

രൂപയുടെ വിദേശ വിനിമയവില നിശ്ചയിക്കുന്നത് റിസർവ്വ് ബേങ്ക് ഓഫ് ഇന്ത്യയാണ്. ഈ അധികാരത്തിന്റെ ഭാഗമായി ആവശ്യപ്പെടുന്ന ആൾക്കും രൂപ കൈമാറി 10000 പവൻ കേന്ദ്രബാങ്കിൽനിന്നും ചോദിക്കാവുന്നതാണ്. രൂപയും പൗണ്ട് സ്റ്റെർലിംഗും തമ്മിലുള്ള വില നിശ്ചയിച്ചിട്ടുള്ളത് ഒരു രൂപക്ക് ഒരു ഷില്ലിംഗ്, 6പെൻസ് എന്ന തോതിലാണ്. (1975ലെ കണക്ക്പ്രകാരം) I. M. F. ന്റെ ആവിർഭാവത്തോടുകൂടി രൂപയുടെ വിലയെ സ്വർണ്ണവിലയുമായി താരതമ്യപ്പെടുത്തിയുമാണ് വിദേശവിനിമയമൂല്യം നിർണ്ണയിക്കുന്നത്.

## 5 ഗവർമെൻറിന്റെ ബേങ്ക്

ഗവർമെൻറിനുവേണ്ടിയുള്ള ബേങ്കിങ്ങ്പ്രവർത്തനം നടത്താനുള്ള അവകാശം കേന്ദ്രബേങ്കിനാണ്. അതാത് കാലത്ത് സർക്കാറിനാവശ്യമുള്ള വായ്പ പിരിച്ചു കൊടുക്കാനും കാലാവധിയോടുകൂടി മുതലും പലിശയും കൊടുക്കാനുമായി റിസർവ്വ്ബേങ്കിനു് ഒരു വായ്പാഡിപ്പാർട്ട്മെൻറ് ഉണ്ട്. ഗവർമെൻറിന്റെ മററ് വായ്പാ ഇടപാടുകൾ നടത്തുവാൻ ഒരു പബ്ലിക്ക് എക്കൗണ്ട്സ് ഡിപ്പാർട്ട്മെൻറും ഉണ്ട്. ഇതു് കൂടാതെ ഗവർമെൻറിന്റെ ബാങ്കർ എന്ന നിലക്ക് കേന്ദ്രബാങ്ക് അതിന്റെ സാമ്പത്തികനയങ്ങളെ സംബന്ധിക്കുന്ന വിദഗ്ദ്ധോപദേശങ്ങളും നല്കിവരുന്നു.

## കലക്ഷൻ & പബ്ളിക്കേഷൻസ് ഓഫ് സ്ററാററിസ്ററിക്സ്

റിസർവ്വ്ബേങ്ക് രാജ്യത്തിന്റെ നാണയനില, സ്ഥിതിവിവരണക്കണക്കുകൾ, വിവിധ സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവ ശേഖരിച്ച് പ്രസാധനം ചെയ്തുവരുന്നു. നാണയവിപണിയുടെയും സമ്പദ്‌വ്യവസ്ഥയുടെയും ഏററവും ഒടുവിലത്തെ സ്ഥിതിഗതികൾ മനസ്സിലാക്കാവുന്ന രേഖകൾ എന്ന നിലക്ക് ഈ പ്രസിദ്ധീകരണങ്ങൾ വളരെ ഉപകാരപ്രദങ്ങളാണ്.

## 7 ബേങ്കിങ്ങിൽ പരിശീലനം

വ്യാപാരബേങ്കുകളിൽ ജോലിചെയ്യുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കും മററും പരിശീലനം നൽകുവാൻ കേന്ദ്രബാങ്ക് ബേങ്കേഴ്സ് ട്രെനിങ്ങ്കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സഹകരണ ബേങ്കിങ്ങ്പരിശീലനത്തിനു് പ്രത്യേക സൗകര്യങ്ങളും റിസർവ്വ്ബേങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

റിസർവ്വ്ബേങ്കിന്റെ നിയന്ത്രണാധികാരം ഇപ്പോൾ 15 അംഗങ്ങളുള്ള ഒരു കേന്ദ്രബോർഡിൽ നിക്ഷിപ്തമായിരിക്കുന്നു. അഞ്ച് വർഷക്കാലാവധിയുള്ള ഒരു ഗവർണ്ണർ, മൂന്ന് ഡെപ്യൂട്ടിഗവർണ്ണർമാർ, നാല്യ് ഡയ

രക്ടർ (ഓരോരുത്തരെയും ഓരോ പ്രാദേശിക ബോർഡിൽനിന്നു് തിരഞ്ഞെടുക്കുന്നു) ആറ് മററ് ഡയരക്ടർമാർ, ഒരു ഗവണ്മെണ്ട് ഓഫീസർ എന്നിവരിലാണ് റിസർവ്ബേങ്കിൻെറ ഭരണം നിക്ഷിപ്തമായിട്ടുള്ളത്. സെൻട്രൽബോർഡിനു് കീഴെ നാല്യ് പ്രാദേശികബോർഡുകൾ ഉണ്ട്. അവ കേന്ദ്രീകരിച്ചിരിക്കുന്നതു് ബോംബെ, ഡൽഹി, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിലാണ്. പ്രാദേശികബോർഡിൽ ഗവർമെൻറിനാൽ നിയുക്തരായ അഞ്ച് ഡയരക്ടർമാർ ഉണ്ടാകും. കേന്ദ്രബോർഡിനു് ആവശ്യമായ കാര്യങ്ങളിൽ ഉപദേശങ്ങളോ, നിർദ്ദേശങ്ങളോ ഇവർ നൽകുന്നതാണ്.

# രൂപങ്ങൾ തേടി

സരിജ
II P. D. C.

സ്വയം പണിത തടവറയിൽ
എന്റെ ഇരുണ്ട സ്വപ്നങ്ങൾ വിതറി
ഞാൻ മൗനം കോർത്ത്
തപസ്സിരുന്നു.
വർണ്ണങ്ങളിലലിഞ്ഞ സുന്ദരശില്പങ്ങൾ
എന്റെ തടവറയുടെ
ഭിത്തികളലങ്കരിച്ചു.
അവയുടെ അവ്യക്തതയെന്നും
എന്നെ ഭയപ്പെടുത്തി–
ഏതോ മാസ്മരനിമിഷലഹരിയിൽ
എന്റെയതിഥി വരികയായ്,
എന്റെ കണ്ണുകളിലായിരം പ്രതീക്ഷകൾ!
എന്റെ സ്വപ്നങ്ങൾക്ക്, പുതുജീവൻ!
വെളുത്ത മന്ദാരത്തിന്റെ, ഒരിതളിൽ
ചാലിച്ചെടുത്ത ചന്ദനവും സിന്ദൂരവും.
പിന്നെ,
ഇത്തിരി തുളസിയിലകളും കൊണ്ട്
സ്വപ്നങ്ങളിലെ സൂര്യന്
അർച്ചനയ്ക്കായൊരുന്മാദത്തോടെ–
യുണരവെ–

അത്ഭുതം! എന്റെ കാലുകളിൽ ചങ്ങല!
രൂപങ്ങൾ, തടവറയിലെയവ്യക്തരൂപങ്ങൾ
ചങ്ങലകൾകൊണ്ടെന്നെ വരിഞ്ഞു.
തിളക്കം മാറാത്ത, പഴകിയ
ചങ്ങലകൊണ്ടെന്നെ വരിയാ–
നവർ മത്സരിച്ചു.
ചങ്ങലകൾ തൻ തിളക്കത്തിൽ
ഞാൻ, തമസ്സിൻ കൂടാരത്തിലേക്കകന്നു.
ഒടുവിൽ, മനസ്സിൻ ചിപ്പിയിൽ
മോഹങ്ങളെയൊതുക്കി, തേങ്ങി.
ഇരുട്ടിൽ, അവ്യക്തതയിൽ, വേഴാമ്പലായ്
ഞാൻ തേങ്ങിക്കൊണ്ടേയിരുന്നു.
അകലങ്ങളിൽ,
കനൽക്കാററിന്റെ ചൂളംവിളി.
സ്വയം പണിത തടവറയിൽ
എന്റെ ഇരുണ്ട സ്വപ്നങ്ങൾ വിതറി
ഞാൻ മൗനം കോർത്ത്,
തപസ്സിരിപ്പൂ...
രൂപങ്ങൾ തേടി, തപസ്സിരിപ്പൂ...

# തീരം

പി. വി. ബഷീർ അഹമ്മദ്
ഫൈനൽ ബി. കോം

എവിടെയാണ് തുടക്കം...?

...തുടക്കമില്ല...അവസാനവും...പിന്നെ...?പ്രയാണംമാത്രം..ബിന്ദുവിൽനിന്ന്. ബിന്ദുവിലേക്ക്...സൃഷ്ടിയിൽ നിന്നും സൃഷ്ടിയിലേക്ക്!

പകലിന്റെ അറച്ചുറച്ചുള്ള വിരാമം... സന്ധ്യയുടെ നവോഢയെപ്പോലുള്ള തുടക്കം. അകലെ സന്ധ്യാമയക്കത്തിൽ സൂര്യൻ ഇളകിമറിയുന്ന കടലിൽ പകുതിയോളം മുങ്ങി നിന്നു.

പൊളിഞ്ഞ തിണ്ണയിലെ മുളങ്കാൽ ചാരിയിരുന്ന് അനന്തതയിലേക്ക നോക്കി. അങ്ങകലെ കടലിന്റെ അപാരതയിൽ ചലിക്കുന്ന നിഴലുകളെ കണ്ടു. ജീവനുവേണ്ടി പലിക്കുന്ന കറുത്ത നിഴലുകൾ...നാളെ ലക്ഷ്യമല്ലാതെ ഇന്നുമാത്രം ലക്ഷ്യമാക്കിയവർ!

"ബന്ധുക്കളെയാരെങ്കിലും അറിയിക്കാനുണ്ടോ...?"

"ഇല്ല..."

"മരണം അനിവാര്യമാണ്" അമ്മിണീ...എല്ലാരും മരിക്കും...ജനിച്ചവരെല്ലാം..." ഡാക്ടറുടെ ദൃഢമായ സ്വരം.

"നിനക്ക മറ്റാരുമില്ലേ...?"

"ഏട്ടനുണ്ടായിരുന്നു. കഴിഞ്ഞദിവസം മീനിനു പോയി..."

..."വള്ളം മറിഞ്ഞു മരിച്ചവരിൽ പെട്ടതാണോ...?"

"..............."

"കടൽ ക്ഷുഭിതമാണെന്ന്" മുന്നറിയിപ്പുണ്ടായിരുന്നല്ലോ..."

"കടല് ഭയന്ന് വീട്ടിലിരുന്ന് പട്ടിണികിടക്കാനോ...ഡോക്ടർ...?"

ഡോക്ടർ മൗനംപൂണ്ടു..അതൊരു മറുപടിയില്ലാത്ത ചോദ്യമായിരുന്നു. മുന്നറിയിപ്പ നൽകുന്നവൻ അടുപ്പിൽ തീയാളുന്നോയെന്നു ശ്രദ്ധിക്കാറില്ലല്ലോ.

"എപ്പോഴും അവരെ ശ്രദ്ധിക്കണം. കൂടിയാൽ ഇന്നുകൂടിയേ ജീവിക്കൂ..."

അയാൾ ഒന്നുനിറുത്തി. തുടർന്നു: "വിഷമിക്കേണ്ട...ഞാൻ വൈകിട്ട് വരാം..."

കട്ടിലിൽ അനക്കമറ്റുകിടക്കുന്ന അമ്മൂമ്മയുടെ ശുഷ്കിച്ച മുഖത്തേക്ക അമ്മിണി ഒരു നിമിഷംനോക്കി...മരിക്കാൻ...ജീവന്റെ അവസാന നാളവും വേർപിരിയാൻ കാത്തുകിടക്കുന്ന ഒരു ശവമായിരുന്നു അത്.

സന്ധ്യക്ക് കറുപ്പ് കൂടിവന്നു. അപാര തയിലലിഞ്ഞ കറുത്ത നിഴലുകൾ മീനമായി തിരിച്ചെത്തിക്കൊണ്ടിരുന്നു.

''ഇവിടാരുമില്ല്യേ...?'' പുറത്ത് കാൽപ്പെരുമാററം.

അമ്മിണി അങ്ങോട്ടുചെന്നു. മുഖത്ത് നിറയെ വസൂരിക്കലയുള്ള കൊപ്രാ വറുഗീസ്!

''ഹൊ...അമ്മിണീണ്ടായിരുന്നോ...'' അയാളുടെ ശൃംഗാരച്ചിരി.

മുളങ്കാൽപിടിച്ച് അയാൾ ചാളയിലേക്കെത്തിനോക്കി...കാലുകൾ വേച്ചുന്നുണ്ടായിരുന്നു. കണ്ണുകൾ കലങ്ങിച്ചുവന്നിരുന്നു... അമ്മിണിയെ സാകൂതം തുറിച്ചുനോക്കി, മുരണ്ടു: ''എൻെറ രൂപാ...ഇരുനൂറുരൂപാ... ബാലൻ വാങ്ങീത്...'' അമ്മിണി ഞെട്ടി... ഏട്ടൻ ഇയാളോട് രൂപാ വാങ്ങിയെന്നോ.. അതവൾക്ക് വിശ്വസിക്കാൻ കഴിയുന്നതായിരുന്നില്ല.

''ഇവിടെ ഒററരൂപായുമില്ല.''

അമ്മിണി പൊളിഞ്ഞ മറയുടെ പിന്നിലേക്ക നീങ്ങി. അമ്മൂമ്മയുടെ കട്ടിലിനടുത്തേക്ക്...

''നീ വിചാരിച്ചാ...വേറെയും വഴിയുണ്ടാക്കാം...'' അയാൾ ഒന്ന് കുഴഞ്ഞു.

''മര്യാദക്ക് പുറത്ത് പോണം...'' അത് അമ്മിണിയിലെ സ്ത്രീയായിരുന്നു.

''ഞാൻ പോയേക്കാം...പക്ഷെങ്കി ഇനിയും വരും...ഇനിയും...''

ഒരുനിമിഷം ഒരിക്കലും കണ്ടിട്ടില്ലാത്ത അച്ഛനെയോത്തു...ഏട്ടനെയോത്തു... ഓർമ്മക്കുമുമ്പ് മറഞ്ഞ അമ്മയെപ്പററിയോത്തു.. അവരുണ്ടായിരുന്നെങ്കിൽ...!

മാനം കുറെക്കൂടി ഇരുണ്ടു. മേഘക്കീറുകൾക്കിടയിൽ കൊള്ളിയാൻ മിന്നി. കടലിൻെറ രോദനം കൂടിവന്നു...ദുഃഖവും സന്തോഷവുമില്ലാത്ത കടൽ...! നീയെന്തിനിങ്ങനെ അലറുന്നു...?

കടപ്പുറം ഇരുൾമൂടുകയാണ്.. തീപ്പന്തംപോലെ ചെറിയ ബോട്ടുകളിലെ വെളിച്ചം അകലെ കാണാം...ഒന്നിനും ലക്ഷ്യമില്ലാത്തവ.

ഇനിയുള്ള ജീവിതം...

അമ്മിണിയുടെ മുന്നിൽ ജീവിതം ഒരു പ്രശ്നമാണ്.. കൂടിയാൽ ഇന്നുകൂടി മാത്രം ജീവിക്കുന്ന അമ്മൂമ്മ. അവർ കഴിഞ്ഞാൽ...

ഇരുണ്ട ഭാവിയിലേക്കവൾ തുറിച്ചുനോക്കി...അവിടെ ഒരു മിന്നാമിനുങ്ങ്പോലും കാണാനില്ലായിരുന്നു.

ആകാശം കരഞ്ഞു...ഭൂമിയുടെ നീർച്ചാലുകളിലൂടെ അതൊഴുകി.

ദിവസങ്ങൾക്കുള്ളിൽ സത്രമായി മാറിയേക്കാവുന്ന ഈ ചെററപ്പുരയും താനും മാത്രം! ചുററും കഴുകന്മാരാണ്...ശവമാകുന്നതിന് മുമ്പെ പച്ചയോടെ തിന്നുന്ന കഴുകന്മാർ. അമ്മൂമ്മയൊഴിഞ്ഞാൽ പിന്നെ അവർ കയറിയിറങ്ങുന്ന സത്രം...

ഇല്ല...ശവമായി ജീവിച്ചുകൂടാ...ഈ നാടകമവസാനിപ്പിക്കുകയാണ് അതിനേക്കാൾ ഭേദം.

അച്ഛനും അമ്മയും ചേട്ടനും വസിക്കുന്ന തീരം...സുരക്ഷിതമായ തീരം...എത്രയും വേഗം അവിടെയെത്തണം....അവളുടെ തീരുമാനം ദൃഢമായിരുന്നു.

''അമ്മിണീ...'' പുറത്ത് ഡോക്ടറുടെ സ്വരം... അവൾ തിരിച്ചറിഞ്ഞു.

അനങ്ങുന്നതിന് മുമ്പെ അയാൾ അകത്തെത്തിയിരുന്നു.

‘‘നിനക്കെന്നെ ഇഷ്ടമാണോ...? അയാൾ പെട്ടെന്ന് ചോദിച്ചു.

ഒരു നിമിഷം കൊപ്ര വറുഗീസിനെപ്പോലെയുള്ള സംസാരിക്കുന്ന മൃഗങ്ങളെക്കുറിച്ചവളോർത്തു. ശേഷം ഡോക്ടറുടെ മുഖത്തേക്കു നോക്കി, ചെറുപ്പക്കാരനായ ഡോക്ടർ!

‘‘നിന്റെ സമ്മതം മാത്രമാണെനിക്കാവശ്യം...’’

‘‘ഞാൻ പാവമാ സാറെ...’’

‘‘അതൊന്നും ഞാൻ ചോദിച്ചില്ല... പാപവും പുണ്യവും തീരുമാനിക്കുന്നത് നമ്മളല്ല. നീ ഈ നിമിഷത്തിന്റെ സൃഷ്ടിയാണ്... ആ അമ്മിണിയേയാണെനിക്കാവശ്യം...’’

‘‘ഡോക്ടർ?’’

‘‘സാരമില്ലകുട്ടീ...ഡോക്ടർ രോഗിയെ പരീക്ഷിക്കുന്നു...ഞാനെന്റെ ജീവിതത്തെയും.’’ അവൾ അയാളുടെ കണ്ണുകളിലേക്കു നോക്കി... അവിടെ ജീവിതം അലയടിക്കുന്നുണ്ടായിരുന്നു. മിന്നാമിനുങ്ങിനേക്കാളേറെ അവസ്ഥ പ്രകാശമുണ്ടായിരുന്നു.